Uncorrected/Not for publication
17-09-2025

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

പകർച്ചവ്യാധികൾമൂലം ആരോഗ്യമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നടപടികൾ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അങ്ങേയ്ക്ക് 15 മിനിട്ട് സംസാരിക്കാം. ബഹുമാനപ്പെട്ട അംഗങ്ങൾ സമയകൃത്യത പാലിക്കണമെന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വളരെ ഗൗരവമുള്ള ഒരു വിഷയം സഭയുടെയും ആരോഗ്യ വകുപ്പിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നത്. അമീബിക് മസ്തിഷ്കജ്വരം എന്ന മഹാമാരി കേരളത്തിൽ അതിവേഗം പടർന്നുപിടിക്കുകയാണ്. ഇതിനകം ഇരുപതോളം പേർ മരണപ്പെടുകയും നൂറോളം പേർക്ക് രോഗവ്യാപനം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. സാധാരണഗതിയിൽ ഇത്തരം രോഗങ്ങൾ കേരളത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്താണ് കാണാറുള്ളത്. എന്നാൽ തിരുവനന്തപുരം,

കൊല്ലം, മലപ്പുറം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലും ഇന്നലെ പാലക്കാട് ജില്ലയിലും ഈ രോഗം റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഇത് പകർച്ചവ്യാധിയല്ലെങ്കിലും അസുഖം ബാധിച്ചവരുടെ എണ്ണം ക്രമാതീതമായി വർധിക്കുകയാണ്. ഇത് വർധിക്കുകയും വ്യാപിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ് എന്നതുസംബന്ധിച്ച് ശാസ്ത്രീയമായി മറുപടി പറയാൻ സർക്കാരിന് സാധിക്കുന്നില്ല. സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവൻഷൻ (സി.ഡി.സി.) എന്ന അമേരിക്കൻ പൊതുജനാരോഗ്യ സംഘടന നടത്തിയ പഠനത്തിൽ, അമീബയുള്ള ജലാശയങ്ങളിൽ കുളിക്കുന്ന 26 ലക്ഷം പേരിൽ ഒരാൾക്ക് മാത്രമാണ് അണുബാധയുണ്ടാകാൻ സാധ്യതയുള്ളതെന്നാണ് പറയുന്നത്. അത്രയേറെ അപൂർവമായൊരു രോഗമാണിത്. കേരളത്തിൽ ഇത് പടർന്നുപിടിക്കുമ്പോഴും ആരോഗ്യ വകുപ്പ് ഇരുട്ടിൽ തപ്പുകയാണ്. ഇത് എങ്ങനെ പ്രതിരോധിക്കണമെന്ന കാര്യത്തിൽ ആരോഗ്യ വകുപ്പിന് യാതൊരു വ്യക്തതയുമില്ല. ഏറ്റവും കൂടുതൽ കേസുകൾ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാൽ ജനങ്ങൾ ആശങ്കയിലാണ്. എന്നാൽ കേരളത്തിൽ മരണനിരക്ക് വളരെ കുറവാണെന്നുപറഞ്ഞ് സർക്കാർ നിൽക്കുകയാണ്. 'മരണനിരക്ക് പൂഴ്ത്തിവച്ച സർക്കാർ' എന്നൊരു ആക്ഷേപം

ഉയർന്നുവന്നിട്ടുണ്ട്. അതായത് മൂന്നുദിവസം മുമ്പുവരെ മസ്തിഷ്കജ്വരം എന്ന് സംശയിക്കപ്പെടുന്നവരുടെ പട്ടികയിൽ കുറെ ആളുകളുടെ പേര് ചേർത്തു. എന്നാൽ ഇതുസംബന്ധിച്ച് ചില മാധ്യമങ്ങളിൽ ആക്ഷേപമുയർന്നപ്പോൾ ആ സ്ഥിതി മാറി. ഈ രോഗം പിടിപെട്ട് മരിച്ചത് രണ്ടുപേർ എന്നായിരുന്നു അന്നുവരെയുണ്ടായിരുന്ന കണക്ക്. എന്നാൽ രണ്ടുദിവസം മുമ്പ് ലിസ്റ്റ് പരിഷ്കരിച്ചപ്പോൾ മരിച്ചവരുടെ എണ്ണം 17 ആയി. അതിനുശേഷം വീണ്ടും 2 പേർകൂടി മരിച്ചു. മരിച്ചവരുടെ എണ്ണം 19-ഉം രോഗം ബാധിച്ചവരുടെ എണ്ണം 66 എന്നുമാണ് സർക്കാർ റെക്കോർഡിൽ പറയുന്നത്. പല കാര്യത്തിലും എന്നതുപോലെ ഇക്കാര്യത്തിലും യഥാർഥ കണക്കുകൾ മറച്ചുവച്ച് മേനി നടിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും ശ്രമിക്കുന്നത്. ഇത് കേരളീയ സമൂഹത്തോടുള്ള വെല്ലുവിളിയാണ്. ഇത് വളരെ ഗുരുതരമായ ആരോഗ്യപ്രശ്നവും ആരോഗ്യ രംഗത്തുള്ള പ്രതിസന്ധിയുമാണ്. അതിനോട് സർക്കാർ സ്വീകരിക്കുന്ന ഈ സമീപനം ശരിയല്ല. ഉറവിടം കണ്ടെത്തി രോഗം തടയുന്നതിൽ സർക്കാർ തികഞ്ഞ പരാജയമാണ്. കേരളത്തിൽ നിപ, മസ്തിഷ്കജ്വരം എന്നീ രോഗങ്ങളുടെ മരണനിരക്ക് കുറവാണെന്നാണ് സർക്കാർ പറയുന്നത്. അതുമാത്രം കൊണ്ടായോ? രണ്ട് രോഗങ്ങളുടെയും

ഉറവിടം കണ്ടെത്തുന്നതിൽ വകുപ്പ് ദയനീയമായി പരാജയപ്പെട്ടു. ആരോഗ്യരംഗത്ത് ‘ Prevention is better than cure’ എന്നൊരു ആപ്തവാക്യമുണ്ട്. അതിനെ വിസ്മരിക്കുകയാണ് ചെയ്യുന്നത്. രോഗം വന്നതിനുശേഷം ചികിത്സിക്കുന്നതിനേക്കാൾ എങ്ങനെ രോഗം വരാതിരിക്കാമെന്നാണ് നോക്കേണ്ടത്. പഞ്ചായത്തുകളെയടക്കം ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു കർമ്മപദ്ധതി തയ്യാറാക്കാൻ ആരോഗ്യവകുപ്പിന് ഇതുവരെ സാധിച്ചിട്ടില്ല. അവരുടെയെല്ലാം സഹായമുണ്ടെങ്കിൽ മാത്രമേ ഇവയെ പ്രതിരോധിക്കാൻ സാധിക്കുകയുള്ളൂ. ഈ രോഗം സംബന്ധിച്ച് ഒരു നിഗമനത്തിലെത്താൻ കഴിയാത്ത അവസ്ഥയുണ്ട്, കുളത്തിലും തോട്ടിലും പുഴയിലും മലിന ജലത്തിലുമൊക്കെ കുളിക്കുമ്പോഴാണ് മൂക്കിലൂടെ രോഗാണുബാധ ഉണ്ടാകുന്നതെന്നാണ് ഇതുവരെ പറഞ്ഞിരുന്നത്. എന്നാൽ വീടുകളിൽനിന്ന് കുളിച്ചവരും രോഗം ബാധിച്ച് മരിച്ചിട്ടുണ്ട്. അതുപോല നാല് മാസമായ ഒരു കുഞ്ഞും മരിയ്ക്കുകയുണ്ടായി. പിറന്ന് നാല് മാസമായ ആ കുഞ്ഞിനെ ഏതായാലും കുളത്തിലും പുഴയിലുമൊന്നും കൊണ്ടുപോകുകയില്ല. നമ്മൾ എല്ലാത്തിലും ഉഷാറാണെന്നും നമ്പർ-1 കേരളം എന്ന് പറയുന്നതും ഞങ്ങളെല്ലാവരും

ചേർന്ന് നേടിയെടുത്തതാണ്. ഞങ്ങളെല്ലാം കേരളീയരാണ്. ഒരു പ്രതിസന്ധിയുണ്ടാകുമ്പോൾ അവിടെ നമ്പർ-1 കേരളം എന്ന് നിങ്ങൾ പറയുന്നതിൽ അർത്ഥമില്ല. ഡോ. രാജീവ് സദാനന്ദനെ ഞാൻ പരിചയപ്പെടുത്തേണ്ടതില്ല; നിങ്ങൾക്ക് അറിയാമല്ലോ? ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ഡോ. രാജീവ് സദാനന്ദൻ അടുത്തകാലത്ത് ഒരു പത്രസമ്മേളനം നടത്തിയപ്പോൾ 'ആരോഗ്യരംഗത്ത് എല്ലാത്തിലും ഒന്നാമതാണെന്ന് പറയുന്ന ഈ തള്ള് അപകടകരമാണ്' എന്ന മുന്നറിയിപ്പ് ഞാൻ നൽകുകയാണെന്ന് സൂചിപ്പിച്ചിരുന്നു. ഇക്കാര്യം പ്രതിപക്ഷനേതാവോ ഉപനേതാവോ പറഞ്ഞതല്ല? ഡോ. രാജീവ് സദാനന്ദന്റെ വാക്കുകളാണ്. ആരോഗ്യ സംവിധാനം ഇപ്പോഴും പ്രാകൃതമായ അവസ്ഥയിലാണെന്നാണ് അദ്ദേഹം പറയുന്നത്. ഇവിടെ ഡെങ്കിപ്പനി നിയന്ത്രിക്കാൻ കഴിയുന്നുണ്ടോ? എല്ലാ വർഷവും ഡെങ്കിപ്പനി ബാധിച്ച് നിരവധി ആളുകൾ മരിക്കുന്നുണ്ട്. നിപ ഓരോ വർഷവും വരുന്നുണ്ട്. പ്രത്യേക മാസത്തിൽ വരുന്ന വവ്വാലിൽനിന്നാണ് നിപ രോഗ ബാധയുണ്ടാകുന്നതെന്ന് നിങ്ങൾ പറയുന്നതിന്റെ കാരണമെന്താണ്? പ്രത്യേക മാസത്തിൽ വരുന്ന വവ്വാലുകൾ

രോഗവാഹികളാണെന്നാണ് ഇപ്പോൾ നിങ്ങൾ പറയുന്നത്. എന്റെ നിയോജകമണ്ഡലമായ മണ്ണാർക്കാടും ഇത്തവണ നിപ വരികയുണ്ടായി. അതുമൂലം ചില പ്രതിസന്ധികൾ ഞങ്ങൾക്കുമുണ്ടായി. അടുത്ത വർഷം ഈ അസുഖം ആർക്കും പിടിപെടുകയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ സാധിക്കുമോ? മസ്തിഷ്കജ്വരത്തിന്റെ കാര്യത്തിലും സർക്കാർ ഇരുട്ടിൽ തപ്പുകയാണ്. ഇത് വകുപ്പിന്റെ പിടിപ്പുകേടാണ്.

ഫേസ്ബുക്കുമായി ബന്ധപ്പെട്ട് ഇപ്പോൾ വല്ലാത്തൊരു വിവാദം നടക്കുന്നുണ്ട്. ഇത് എന്റെ കുഴപ്പംകൊണ്ടോ ഈ കാലത്തുള്ളതോ അല്ലെന്നാണ് ഫേസ്ബുക്ക് കുറിപ്പിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇതിനെ ബഹുമാനപ്പെട്ട മന്ത്രി പ്രതിപക്ഷത്തിനുനേരെ ആരോപിക്കുകയുണ്ടായി. ആദ്യം ഉമ്മൻചാണ്ടി സർക്കാരിനെതിരെയാണ് ആരോപിച്ചത്. അതായത്, ഇതുസംബന്ധിച്ച് 2013-ൽ പഠനം നടത്തുകയും അന്ന് ആ ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്നുമാണ് ആരോപിച്ചത്. പക്ഷേ, ആ പഠനം നടത്തിയതിന്റെ റിപ്പോർട്ട് വന്നു. ആ പഠനം ഔദ്യോഗിക പഠനമോ ഗവൺമെന്റ് പറഞ്ഞ പഠനമോ അല്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രണ്ട് ഡോക്ടർമാർ സ്വന്തം നിലയ്ക്ക് മസ്തിഷ്കജ്വരം

എന്താണെന്നും ഈ അസുഖം എങ്ങനെയാണ് വരുന്നതെന്നതും സംബന്ധിച്ച് നടത്തിയ പഠനമായിരുന്നു. 2013-ൽ അവർ പഠനം ആരംഭിച്ചെങ്കിലും റിപ്പോർട്ട് കൊടുക്കുന്നത് 2018-ലാണ്. ആ സമയത്ത് ഉമ്മൻചാണ്ടി സർക്കാർ മാറി ഒന്നാം പിണറായി സർക്കാരായി. നിങ്ങൾ ഒന്നാം ലോക മഹായുദ്ധമെന്നും രണ്ടാം ലോക മഹായുദ്ധമെന്നും എല്ലായിടത്തും വിശേഷിപ്പിച്ച് പറയുന്നതുപോലെ, അങ്ങനെ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചറായിരുന്നു. ഉമ്മൻചാണ്ടിയെ ചാരി ശൈലജ ടീച്ചർക്കൊരടി എന്നതാണോ അതിലെ സൂത്രമെന്ന് എനിക്ക് തോന്നിപ്പോകാറുണ്ട്. ഏതായാലും ആ റിപ്പോർട്ടിനെക്കുറിച്ച് പിന്നീട് വലിയ വിവാദമുണ്ടായി. ഫേസ്ബുക്കിൽ വലിയ രീതിയിലുള്ള പ്രശ്നങ്ങളുയർന്നു. മന്ത്രിക്കെതിരെ വലിയ ആക്ഷേപങ്ങളുണ്ടായി. 'കോർണിയ അൾസർ' എന്ന കണ്ണിനെ ബാധിക്കുന്ന അൾസറുമായി ബന്ധപ്പെട്ട പഠനമാണ് അവർ നടത്തിയത്. നെഗ്ലേറിയ ഫൗളേറി എന്ന അമീബയാണ് മസ്തിഷ്കജ്വരത്തിന് കാരണമാകുന്നതെന്ന് സ്ഥിരീകരിച്ചിട്ടില്ലെന്ന് ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും പഴിചാരി തന്റെ ഭരണകാലത്ത് എല്ലാം

ഭദ്രമാണെന്നും വല്ല പ്രശ്നങ്ങളുമുണ്ടെങ്കിൽ അതിനുകാരണം കഴിഞ്ഞ കാലങ്ങളിലുള്ളവരാണെന്നും പറയുന്നതല്ലല്ലോ മന്ത്രിയുടെയും വകുപ്പിന്റെയും ഉത്തരവാദിത്വം. പ്രശ്നങ്ങളെ നേരിടാനുള്ള ആർജ്ജവം കാണിക്കുകയാണ് വേണ്ടത്. ഇതിൽ വിമർശനം വന്നു, ഇടതുപക്ഷക്കാരായ ഡോക്ടർമാർതന്നെ മന്ത്രിയുടെ ഫേസ്ബുക്കിന്റെ താഴെ കുറിപ്പ് ഇടാൻ തുടങ്ങിയപ്പോൾ മന്ത്രിക്ക് മലക്കംമറിയേണ്ടിവന്നു. 2018-ലെ റിപ്പോർട്ടിന്റെ തലക്കെട്ട് മാറ്റിയാണ് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തത്. അതൊന്നും ശരിയായ രീതിയല്ല. കേരളത്തിന്റെ ആരോഗ്യരംഗം പരിതാപകരമായ അവസ്ഥയിലാണെന്ന് ആർക്കാണ് അറിയാത്തത്?

ഇവിടെ ഡോ. ഹാരിസ് ചിറക്കലിന്റെ ഒരു വെളിപ്പെടുത്തലുണ്ട്. അദ്ദേഹം മനസ്സിൽ ഇടതുപക്ഷ ആദർശമുള്ളയാളാണ്. വി. എസ്. അച്ചുതാനന്ദനും ശ്രീ. പിണറായി വിജയനുമൊക്കെ എനിക്ക് ദൈവതുല്യരാണെന്നുപറഞ്ഞ ഡോ. ഹാരിസ് ചിറക്കൽ, 'പിരിവെടുത്തും ഇരന്നുവാങ്ങിയും ഈ ഞാൻ മടുത്തുപോയി, ശസ്ത്രക്രിയയ്ക്ക് ആവശ്യമായ സാധനങ്ങൾ സർക്കാർ തരുന്നില്ല, വേദനകൊണ്ട് പുളയുന്ന രോഗിയുടെ ശസ്ത്രക്രിയ ഇനിയും ഞാൻ എങ്ങനെ മാറ്റിവയ്ക്കും' എന്നാണ് അവസാനം

പറഞ്ഞത്. ഡോ. ഹാരിസ് ചിറക്കൽ എന്ന ഒരു ആർഭാടവുമില്ലാത്ത, സ്കൂട്ടറിൽ സഞ്ചരിക്കുന്ന ഒരു യൂറോളജി മേധാവിയെ നമ്മൾ കാണുകയാണ്. അങ്ങനെ പറഞ്ഞതിന് ആ ഡോക്ടറെ നിങ്ങൾ ഭർത്സിക്കാനാണ് നോക്കിയത്. ഇനി പറയാതെ വയ്യ ഭയത്തേക്കാൾ വലുത് രോഗികളോടുള്ള കടപ്പാടാണെന്നാണ് പിന്നീട് അദ്ദേഹം പറഞ്ഞത്. ഇത് പറഞ്ഞാൽ ഞാൻ ചിലത് നേരിടേണ്ടിവരും എന്നെനിക്കറിയാം. പക്ഷേ ആ ഭയമല്ല എന്റെ പ്രശ്നം, രോഗികളോടുള്ള കടപ്പാടാണെന്ന് പറഞ്ഞ അപൂർവങ്ങളിൽ അപൂർവമായൊരു ഡോക്ടറാണ് ഡോ. ഹാരിസ് ചിറക്കൽ എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ആരോഗ്യരംഗത്തിന്റെ രേഖാചിത്രമാണ് ഈ ഡോക്ടറുടെ വെളിപ്പെടുത്തലിലൂടെ നമ്മൾ കണ്ടത്. കേരളത്തിലെ എല്ലാ ആശുപത്രികളും ഗംഭീരമാക്കിയെന്നാണ് പറയുന്നത്. എന്നാൽ മൂത്രാശയത്തിലെ കല്ല് പൊടിക്കാനുള്ള ഉപകരണം തിരുവനന്തപുരം മെഡിക്കൽ കോളേജിലില്ല. ഉപകരണം ഇന്നുവരും നാളെവരും എന്നുപറഞ്ഞ് വിദ്യാർഥിയായ ഒരു രോഗിയുടെ ശസ്ത്രക്രിയ പലതവണ മാറ്റിവച്ചു. ചികിത്സ നടത്താനോ ശസ്ത്രക്രിയ നടത്താനോ സാധിക്കാത്തത് ഡോ. ഹാരിസിനെ വല്ലാതെ വേദനിപ്പിച്ചപ്പോഴാണ്

അദ്ദേഹം ഫേസ്ബുക്കിലൂടെ ഈ കാര്യങ്ങൾ പുറത്തുവിട്ടത്. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളുടെയും അവസ്ഥ ഇങ്ങനെതന്നെയാണ്. കോഴിക്കോട് ജില്ലാശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയകൾ മുടങ്ങിയിട്ട് പത്തുമാസമായി. പാവപ്പെട്ട ആളുകൾ ഹൃദയ ശസ്ത്രക്രിയയ്ക്കായി ജില്ലാ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. കാരണം സർക്കാർ ആശുപത്രികളിൽ ഇത് സൗജന്യമായി ചെയ്യാം. പ്രൈവറ്റ് ആശുപത്രിയിൽ ആൻജിയോപ്ലാസ്റ്റിയോ ആൻജിയോഗ്രാമോ ചെയ്യണമെങ്കിൽ മൂന്ന് ലക്ഷം രൂപയെങ്കിലും ചെലവ് വരും. മൂന്ന് ലക്ഷം രൂപ കൈയിലുള്ളവന്റെ ഹൃദയം മാത്രം പണിമുടക്കിയാൽ മതിയെന്നുള്ള അവസ്ഥയിലേയ്ക്ക് ആരോഗ്യരംഗം കേരള നമ്പർ വൺ ആയി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. അതിനാലാണ് ഈ വിഷയത്തിൽ ചർച്ച കൊണ്ടുവരണമെന്ന് നമ്മൾ പറഞ്ഞത്. എന്തുകൊണ്ടാണ് ഹൃദയ ശസ്ത്രക്രിയ മുടങ്ങുന്നത്? ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾക്ക് സർക്കാർ നൽകേണ്ടത് 114 കോടി രൂപയാണ്. അത് നൽകാത്തതുകൊണ്ട് ഞങ്ങൾ ഇനി ഹൃദയ ശസ്ത്രക്രിയ ഉപകരണങ്ങൾ സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യില്ലെന്ന് കമ്പനികൾ പ്രഖ്യാപിച്ചു. 114 കോടി രൂപ കുടിശ്ശികയുള്ള കാര്യം

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കൂടാതെ 594 കോടി രൂപ മരുന്ന് വിതരണക്കാർക്ക് കുടിശ്ശികയുണ്ട്. സർക്കാർ ആശുപത്രികളിലെ ഫാർമസികളിലൊന്നും മരുന്ന് കിട്ടാനില്ല. എല്ലാ മരുന്നുകളും പുറത്തുള്ള ഫാർമസികളിൽനിന്നും വാങ്ങാൻ എഴുതിക്കൊടുക്കുകയാണ് ചെയ്യുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)-ലെ കുടിശ്ശിക 1255 കോടി രൂപയാണ്. പ്രൈവറ്റ് ഹോസ്പിറ്റലുകളിലെല്ലാം ആരോഗ്യ സുരക്ഷാ കാർഡ് സ്വീകരിക്കുന്നതല്ല എന്ന ബോർഡ് എഴുതി വച്ചിട്ടുണ്ട്. ആരോഗ്യരംഗത്തുള്ള ഒരു പ്രത്യേകത, ഉമ്മൻ ചാണ്ടി സാറും മാണി സാറും തുടങ്ങിവച്ച കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയാണ്. ലോട്ടറിയിൽനിന്നും ലഭിക്കുന്ന ലാഭം കൊണ്ട് അന്നത്തെ ഗവൺമെന്റ് പാവങ്ങളോട് കാട്ടിയ ഏറ്റവും നല്ല കാരുണ്യമാണത്. അന്ന് എല്ലാ ശസ്ത്രക്രിയകളും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന ചെയ്യാൻ സാധിക്കുമായിരുന്നു. ഇപ്പോൾ അത് മുടങ്ങിപ്പോയി. ഹൃദ്യം പദ്ധതിക്ക് 10 കോടി രൂപയും അമ്മയും കുഞ്ഞും പദ്ധതിക്ക് 34 കോടി രൂപയും നൽകാനുള്ളതിനാൽ അതും മുടങ്ങിപ്പോയി. അങ്ങനെ രണ്ടായിരം കോടി രൂപയുടെ കുടിശ്ശികയാണ് ആരോഗ്യരംഗത്തുള്ളത്. ഗവൺമെന്റിന്

പ്രയോറിറ്റി വേണമെന്ന് പ്രതിപക്ഷനേതാവ് എപ്പോഴും ഇവിടെ പറയാറുണ്ട്. പാവപ്പെട്ടവന്റെ ആരോഗ്യം വച്ചാണ് നിങ്ങൾ കളിക്കുന്നത്. അവിടെയാണ് പ്രയോറിറ്റി കാണിക്കേണ്ടത്. അല്ലാതെ ധൂർത്ത് കാണിച്ച് വലിയ സമ്മേളനങ്ങൾ നടത്തുന്നതല്ല. അവിടെയൊന്നും നിങ്ങളുടെ പ്രയോറിറ്റി കാണുന്നില്ല. ആരോഗ്യരംഗം നിവർന്നുനിൽക്കാൻ കഴിയാത്തവിധം തകർന്ന് വീണിരിക്കുന്നു. ഇതാണ് ഇന്നത്തെ കേരളത്തിന്റെ അവസ്ഥയെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. കപ്പിത്താനുണ്ടായിട്ട് കാര്യമില്ല. കപ്പൽ മുങ്ങിപ്പോയി. ഈ കപ്പൽ പൊങ്ങാൻ കഴിയാത്തവിധം മുങ്ങിയിട്ടുണ്ടെന്നതാണ് കാണേണ്ടത്.

ഡോ. ഹാരിസ് ചിറയ്ക്കൽ ആരോപണം ഉന്നയിച്ച അതേ സമയത്താണ് കോട്ടയം മെഡിക്കൽ കോളേജിലെ കെട്ടിടം പൊളിഞ്ഞുവീണത്. പണികഴിഞ്ഞ കെട്ടിടം സമീപത്തുണ്ടായിട്ടും പഴയ കെട്ടിടമാണ് ആളുകൾക്ക് ഉപയോഗിക്കാൻ കൊടുത്തിരുന്നത്. സിസ്റ്റം തകരാറിലായതുകൊണ്ടാണ് പണി കഴിഞ്ഞ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കാൻ സാധിക്കാതെ വന്നത്. അല്ലാതെ മന്ത്രിമാർക്ക്

ഒഴിവില്ലാത്തതുകൊണ്ടല്ലല്ലോ ഉദ്ഘാടനം നിർവഹിക്കാതിരുന്നത്. കോട്ടയം മെഡിക്കൽ കോളേജിൽ ഈ സംഭവമുണ്ടായ സമയത്ത് ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യമുണ്ടായിരുന്നതുകൂടാതെ മറ്റൊരു മന്ത്രിയുംകൂടി ഉണ്ടായിരുന്നു. നിങ്ങൾ പ്രഖ്യാപിച്ചത് കെട്ടിടം പൊളിഞ്ഞു വീണ സ്ഥലത്ത് ആരുമുണ്ടായിരുന്നില്ലെന്നാണ്. പാവപ്പെട്ട രോഗിയായ ബിന്ദു അവിടത്തെ വാഷ്റൂമിൽ പോകുകയും ശ്വാസംകിട്ടാതെ മണിക്കൂറുകളോളം നിൽക്കുകയും ചെയ്യേണ്ട സാഹചര്യമുണ്ടായി. അവിടെ ആളില്ലെന്ന് പ്രഖ്യാപിക്കാൻ നിങ്ങളോട് ആരാണ് പറഞ്ഞത്? മാധ്യമങ്ങൾക്ക് മുമ്പാകെ ആശ്വാസം കിട്ടാൻവേണ്ടിയാണ് പൊളിഞ്ഞു വീണ കെട്ടിടത്തിൽ ആരുമില്ലെന്ന് നിങ്ങൾ പറഞ്ഞത്. അതുകൊണ്ട് ആ ഭാഗത്ത് രക്ഷാപ്രവർത്തനം നടത്തിയില്ല. എട്ട് മണിക്കൂർ ശ്വാസം കിട്ടാതെ പാവപ്പെട്ട രോഗി മരിച്ചതിന് ഉത്തരം പറയേണ്ടത് ഈ ഗവൺമെന്റും മന്ത്രിമാരുമാണെന്ന് ഞങ്ങൾക്ക് പറയേണ്ടി വരും. ആരോഗ്യരംഗത്തെ വീഴ്ച നമ്മൾ കാണുകയാണ്. ലോകത്ത് ആരോഗ്യരംഗത്ത് ഏറ്റവും മുമ്പിൽ നിൽക്കുന്ന സംസ്ഥാനമായിരുന്നു കേരളം എന്ന കാര്യത്തിൽ തർക്കമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സംസാരിച്ചപ്പോൾ ഏറ്റവും കൂടുതൽകാലം ഭരിച്ചത്

യു.ഡി.എഫ്. ആണെന്ന് പറഞ്ഞു. കേരളത്തിലെ ആരോഗ്യരംഗം അന്തർദേശീയ തലത്തിൽ വലിയ അംഗീകാരമുണ്ടാക്കിത്തന്നതാണ്. അക്കാര്യത്തിൽ എല്ലാവർക്കും പങ്കുണ്ട്. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ്? പാടെ തകർന്ന് ഏറ്റവും മോശപ്പെട്ട വകുപ്പായി ആരോഗ്യ വകുപ്പ് മാറുകയാണ്. ആവശ്യത്തിന് ഡോക്ടർമാരും മരുന്നും ചികിത്സയുമില്ലാത്ത ആശുപത്രികളുള്ളതും പകർച്ചാവ്യാധികൾ പടർന്നുപിടിക്കുന്നതുമായ ഒരു സംസ്ഥാനമായി കേരളം മാറുകയാണ്. രണ്ടാം പിണറായി സർക്കാർ വന്നതിനുശേഷം പകർച്ചവ്യാധിമൂലം മരണപ്പെട്ടവരുടെ എണ്ണം 1411 ആണെന്നത് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു ചോദ്യത്തിനുള്ള ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. ഇതാണ് നമ്മുടെ സ്ഥിതി. ഇന്ന്, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തുവെന്ന് പറഞ്ഞപ്പോൾ ഭരണപക്ഷത്തുനിന്നും വമ്പിച്ച കൈയടിയായിരുന്നു. ഈ ഉപക്ഷേപം ചർച്ചയ്ക്കെടുത്തത് ഞങ്ങളുടെ മിടുക്കാണ്. ജനകീയ പ്രശ്നങ്ങൾ ഉന്നയിക്കാനുള്ളതാണ് ഈ സഭ. പ്രസംഗിക്കാൻ കൂടുതൽ സമയം ലഭിക്കുന്നത് ഭരണപക്ഷത്തിനായതിനാൽ നിങ്ങളുടെ ഭാഗത്തുനിന്നും കുറേ പേർ സംസാരിക്കുമെന്നത് ശരിതന്നെ. അതുകൊണ്ട് ഈ ഉപക്ഷേപത്തെ

പ്രതിരോധിക്കാൻ കഴിയുമോ? ഈ നാട്ടിലെ പാവപ്പെട്ടവന്റെ ദയനീയാവസ്ഥയെക്കുറിച്ച് നിങ്ങൾ എത്ര അധരവ്യായാമം നടത്തിയാലും അതിനെ പ്രതിരോധിക്കാൻ സാധിക്കില്ല. ഇവിടത്തെ പ്രതിപക്ഷത്തിന്റെ കരുത്താണ് ഇത് പ്രകടിപ്പിക്കുന്നത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം പ്രതിപക്ഷനേതാക്കന്മാർ നന്നായി അവതരിപ്പിച്ചാൽ നിങ്ങൾക്ക് നിങ്ങളുടെ മന്ത്രിമാരിൽ വിശ്വാസമില്ലെന്നാണ് മനസ്സിലാക്കേണ്ടത്. നിങ്ങളുടെ ഭാഗം ഭദ്രമാണെങ്കിൽ ഒരു മന്ത്രി മറുപടി പറഞ്ഞാൽ പോരേ? എല്ലാവരെയുംകൊണ്ട് രണ്ട് മണിക്കൂർ ചർച്ചചെയ്യിക്കുന്നത് നിങ്ങൾക്ക് അതിൽ വിശ്വാസമില്ലാത്തതുകൊണ്ടാണ്. ഞങ്ങളുടെ ആവശ്യംതന്നെ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നതാണ്. ആ ആവശ്യം അംഗീകരിക്കുമ്പോൾ കൈയടിക്കേണ്ടത് ഞങ്ങളാണ്. അല്ലാതെ ഈ വിഷയത്തിന്മേൽ കൈയടിച്ചുകൊണ്ട് നിങ്ങൾ എന്തോ നേടിയെന്ന് വരുത്താൻ ശ്രമിക്കുന്നത് ശരിയല്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. സർക്കാർ ആശുപത്രികളിൽ ശസ്ത്രക്രിയയ്ക്കും മറ്റും കാത്തുനിൽക്കേണ്ടി വരുന്ന സാഹചര്യം സ്വകാര്യ മേഖലയ്ക്കാണ് സഹായകരമാകുന്നത്. സർക്കാരിന്റെ ഈ സമീപനംകൊണ്ട് സഹായം ലഭിക്കുന്നത് സ്വകാര്യമേഖലയ്ക്കാണ്.

ഞങ്ങൾ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നത് തകർന്ന് തരിപ്പണമായ ആരോഗ്യരംഗം പുനഃസ്ഥാപിക്കാൻ വേണ്ടിയാണ്. അതുകൊണ്ട് ഇതിനനുസൃതമായ നടപടിയുണ്ടാകണമെന്ന് ഞങ്ങൾ സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സംബന്ധിച്ച ചർച്ചയ്ക്ക് കേരളത്തിലെ സർക്കാർ സന്നദ്ധമാകുമ്പോൾ എത്രമാത്രം വേവലാതി യു.ഡി.എഫ്.-ന്റെ പ്രതിനിധികൾക്ക് ഉണ്ടാകുമെന്നുള്ളത് പ്രകടമാകുന്നതാണ് ഉപക്ഷേപാവതാരകന്റെ അവതരണം. കേരളത്തിലെ ചില ഒറ്റപ്പെട്ട സംഭവങ്ങളെ മുൻനിർത്തി കേരളത്തിലെ ആരോഗ്യരംഗമാകെ പ്രതിസന്ധിയിലാണെന്ന് വരുത്തിതീർത്തുകൊണ്ട് നിങ്ങൾ ആരെ സഹായിക്കാനാണ് പോകുന്നതെന്ന് കൃത്യമായി വ്യക്തമാക്കാൻ ധൈര്യവും സന്നദ്ധതയും കാണിക്കണം. കാരണം കൃത്യമായ നയം മുൻനിർത്തിയാണ് കേരളത്തിലെ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. നിങ്ങൾ കോർപ്പറേറ്റുകൾക്കും കമ്പോള ശക്തികൾക്കും വിധേയപ്പെട്ട് പൊതു ആരോഗ്യ സംവിധാനത്തെ തകർത്ത പാരമ്പര്യമുള്ളവരാണ്. എന്നാൽ സാധാരണ ജനങ്ങൾക്ക്

ആശ്വാസകരമായ രീതിയിൽ ഈ പൊതുസംവിധാനത്തെ ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്നതിനാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ വിശദീകണത്തിലേക്ക് കടക്കുന്നില്ല. യു.ഡി.എഫ്. സർക്കാരിന്റെ അഞ്ച് വർഷം പൊതു ആരോഗ്യ സംവിധാനത്തിനുവേണ്ടി വകയിരുത്തിയത് 20011 കോടി രൂപയാണ്. എന്നാൽ കഴിഞ്ഞ നാല് വർഷം ഈ സർക്കാർ വകയിരുത്തിയത് 51250 കോടി രൂപയാണ്. യഥാർഥത്തിൽ പൊതുമേഖലാ സംവിധാനത്തെ സംരക്ഷിക്കാൻവേണ്ടി ഈ ഗവൺമെന്റ് എത്രമാത്രം പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിക്കുന്നതാണ് ഈ കണക്ക്. നിങ്ങൾ ഇത് തുടങ്ങിയിട്ട് കുറേക്കാലമായല്ലോ. പ്രതിപക്ഷത്തിന് ആരോഗ്യ വകുപ്പുമന്ത്രിയെ കാണുമ്പോൾ വിഷമവും ആരോഗ്യ വകുപ്പിനെ കാണുമ്പോൾ വേവലാതിയുമാണ്. കാരണം ഈ സംവിധാനം കൃത്യമായും ഫലപ്രദമായും മുന്നോട്ടുപോകുന്നതുകൊണ്ടല്ലേ ആരോഗ്യ വകുപ്പുമന്ത്രിയെ വ്യക്തിപരമായി കടന്നാക്രമിക്കുന്ന നീക്കം നിങ്ങൾ നടത്തിയത്? 'വീണാ ജോർജിന്റെ രാജി എഴുതിവാങ്ങി വാർത്ത വായിക്കാൻ വിടണം' എന്നതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള ശ്രീ. കെ. മുരളീധരന്റെ ആഹ്വാനം. 'ആരോഗ്യ

വകുപ്പുമന്ത്രി നടത്തുന്നത് പി.ആർ. ജോലി; രാജി വയ്ക്കണം' എന്നാണ് കേരളത്തിലെ പ്രതിപക്ഷനേതാവ് പറഞ്ഞിട്ടുള്ളത്. 'ഗ്ലിസറിൻ ഉപയോഗിച്ചാണ് വീണാ ജോർജ് കരഞ്ഞത്, അത് കഴുതകണ്ണീരായിരുന്നു' എന്നാണ് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രസ്താവന. ഇത്രമാത്രം അപമാനകരമായ രീതിയിൽ, പരിണതപ്രജ്ഞനായിട്ടുള്ള ഒരാൾ പ്രതികരിക്കാൻ പാടുണ്ടോയെന്ന് ഞങ്ങൾ ചോദിക്കുകയാണ്? ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞിട്ടുള്ള കാര്യം ഞങ്ങൾ മറക്കുന്നില്ല. 'ആരോഗ്യ വകുപ്പുമന്ത്രി വലിയ സീറോയാണ്, ആരോഗ്യ വകുപ്പുമന്ത്രിക്ക് പ്രതിഷേധങ്ങളെ നേരിടാൻ ഭയമാണ്, കെട്ടിടം താഴെ വീണത് ഭരണവൈകല്യം കൊണ്ടാണ് 'എന്നെല്ലാം പറഞ്ഞിട്ടുള്ളത് നിങ്ങളല്ലേ? ആരോഗ്യ വകുപ്പുമന്ത്രിയെ വേട്ടയാടി കേരളത്തിലെ ആരോഗ്യ രംഗത്തെയും ഈ ഗവൺമെന്റിനെയും ക്ഷീണിപ്പിക്കാമെന്ന് നിങ്ങൾ ധരിക്കുന്നുണ്ടെങ്കിൽ അതൊന്നും ഇവിടെ ചെലവാകാൻ പോകുന്നില്ല. ഞാൻ ഓർക്കുകയാണ്, മുൻ പാർലമെന്റംഗം ശ്രീ. എളമരം കരീമിന്റെ പി.എ. ആയിരുന്ന ഐ.ടി. വിദഗ്ധനായ ശ്രീ. രാഹുലിനെ ഡൽഹി എയിംസിലായിരുന്ന (ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്) കോവിഡ് ബാധിച്ചപ്പോൾ

പ്രവേശിപ്പിച്ചത്. അദ്ദേഹത്തിന്റെ സഹോദരൻ ഒരു ഡോക്ടറാണ്. ആളുകളെല്ലാം വഴിയരികിലും വീൽചെയറിലിരുന്നും മരിച്ചുവീഴുന്ന അവസ്ഥയായിരുന്നു അവിടെയെത്തിയപ്പോൾ കാണാൻ സാധിച്ചത്. ഒരു ചികിത്സയും ലഭിക്കാത്ത സ്ഥിതിയായിരുന്നു. ഒടുവിൽ വലിയ ഇടപെടലുകൾ നടത്തി ആ ചെറുപ്പക്കാരനെ എയർ ലിഫ്റ്റ് ചെയ്ത് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കൊണ്ടുവരികയുണ്ടായി. അദ്ദേഹം ഇന്ന് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഐ.ടി. കമ്പനിയുടെ മേധാവിയായി പ്രവർത്തിക്കുന്നു. ആരോഗ്യ വകുപ്പിന്റെയും കേരള സർക്കാരിന്റെയും നേട്ടമാണ് ജീവിതം കൊടുക്കാൻ സാധിക്കുന്ന രീതിയിലുള്ള ഈ നിലപാട് എന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുന്നു. നിങ്ങളൊന്ന് ആലോചിച്ചുനോക്കൂ, ഒരു ഹെലികോപ്റ്റർ വാടകയ്ക്ക് എടുക്കുമ്പോൾ എന്തെല്ലാം ആക്ഷേപങ്ങളായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സർക്കാരിനും എതിരായി ഉന്നയിച്ചത്. ആ ഹെലികോപ്റ്റർ ഉണ്ടായതുകൊണ്ടല്ലേ ഐസക് ജോർജ് എന്ന ചെറുപ്പക്കാരന്റെ അവയവങ്ങൾ മറ്റുള്ളവരിലേയ്ക്ക് ജീവനായി പകർന്നുനൽകാൻ ആരോഗ്യ വകുപ്പിന് സാധിച്ചത്. അങ്ങനെ എത്രയെത്ര അനുഭവങ്ങൾ ഈ

കേരളത്തിലുണ്ട്. നിങ്ങൾ ഈ ഗവൺമെന്റിനെയും ആരോഗ്യ വകുപ്പിനെയും ഇത്തരത്തിൽ മോശമായി പ്രചരിപ്പിക്കുന്നത് ആരെ സഹായിക്കാനാണ്? ഇതെല്ലാം നിങ്ങൾ ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ രാജ്യത്ത് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ എന്താണ് സ്ഥിതി? കേരളത്തിൽ ഒരു ലക്ഷത്തിൽ താഴെ ആളുകൾക്ക് ഒരു കുടുംബാരോഗ്യ കേന്ദ്രം എന്നാണ് കണക്കാക്കിയിരിക്കുന്നത്. കർണ്ണാടകയിലെ സ്ഥിതിയെന്താണ്? ബി.ജെ.പി.-യുടെ സഖ്യകക്ഷി ഭരിക്കുന്ന ബീഹാറിലെയും കോൺഗ്രസ് ഭരിക്കുന്ന തെലങ്കാനയിലെയും അന്ധ്രാപ്രദേശിലെയും സ്ഥിതിയെന്താണ്? രണ്ട് ലക്ഷത്തിനും എട്ട് ലക്ഷത്തിനും ഇടയിലുള്ള ആളുകൾക്ക് ഒരു സാമൂഹ്യ ആരോഗ്യ കേന്ദ്രം എന്നതാണ് അവിടത്തെ കണക്ക്. കേരളത്തിൽ ഒരു ലക്ഷത്തിൽത്താഴെ ആളുകൾക്ക് ഒരു സാമൂഹ്യ ആരോഗ്യ കേന്ദ്രം എന്ന കണക്കിൽ ഫലപ്രദമായി പരമാവധി പ്രാഥമിക ചികിത്സ നൽകുന്ന രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? കേരളത്തിൽ കിഫ്ബി പ്രോജക്ടുവഴി ആരോഗ്യ രംഗത്ത് കെട്ടിട സൗകര്യങ്ങൾ ലഭ്യമാകാത്ത ഏതെങ്കിലും മണ്ഡലമുണ്ടെന്ന് യു.ഡി.എഫ്.-ന് പറയാൻ കഴിയുമോ? 'ഇതാണ് തങ്ങളുടെ മണ്ഡലത്തിലെ

താലൂക്ക് ആശുപത്രി' എന്ന് നിങ്ങളെല്ലാവരും ചാനലിന് മുന്നിൽനിന്ന് പറയുകയല്ലേ. എന്റെ മണ്ഡലമായ പയ്യന്നൂരിൽ മൂന്ന് താലൂക്ക് ആശുപത്രികളുണ്ട്. എന്റെ മണ്ഡലത്തിൽ രണ്ടും താലൂക്കിൽ ഒന്നുമായി മൂന്ന് താലൂക്ക് ആശുപത്രികളാണ് അവിടെയുള്ളത്. ഏകദേശം മുന്നൂറ് കോടി രൂപയുടെ പ്രോജക്ടാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയത്. എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിൽ ഈ സൗകര്യവും സംവിധാനവുമില്ലേ? നിങ്ങൾ ആരെയാണ് കുറ്റപ്പെടുത്തുന്നത്? സ്വപ്നതുല്യമായ നിലവാരത്തിലുള്ള രാജ്യങ്ങൾപോലും പരാജയപ്പെട്ടപ്പോൾ ഇവിടെ പകർച്ചവ്യാധി തടയുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്?

അമീബിക് മസ്തിഷ്കജ്വരം വളരെ അപായകരമായ ഒന്നാണ്. ഈ രോഗം പിടിപെട്ടാൽ മരണനിരക്ക് 99 ശതമാനം ആണെന്നാണ് അന്താരാഷ്ട്ര തലത്തിലുള്ള കണക്കുകൾ പറയുന്നത്. കേരളത്തിൽ നമ്മുടെ ഗവൺമെന്റിന്റെയും ആരോഗ്യ വകുപ്പിന്റെയും ഫലപ്രദമായ ഇടപെടലിന്റെ ഭാഗമായി അത് 24 ശതമാനമായി ചുരുക്കാൻ സാധിച്ചു. ശ്രീ. എൻ. ഷംസുദ്ദീൻ ആ നയത്തെ കൈയടിച്ച്

പ്രോത്സാഹിപ്പിക്കേണ്ടതാണ്. അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ആളുകൾ മരണപ്പെടുന്നതിന്റെ കണക്ക് കേരളത്തിൽ ലോക ശരാശരിയെക്കാൾ നാലിലൊന്നായി ചുരുങ്ങിയിട്ടുണ്ട്. ഇത് അഭിമാനകരമായ നേട്ടമാണ്. പരിശോധന നടത്തുന്നതിനായി ഇന്ത്യയിലുള്ള അഞ്ച് ലാബുകളിൽ മൂന്ന് ലാബുകളാണ് കുറച്ചുകൂടി മെച്ചപ്പെട്ട നിലയിലുള്ളത്. ഇന്ന് ഇന്ത്യയിൽ അമീബിക് മസ്തിഷ്കജ്വരം തിരിച്ചറിയുന്നതിനായി ആധുനിക സൗകര്യത്തോടുകൂടിയുള്ളതും മികച്ച നിലയിൽ പ്രവർത്തിക്കുന്നതുമായ ലാബ് സംവിധാനമുള്ള സംസ്ഥാനം കേരളമാണ്. ഈ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് നിങ്ങൾ പറയുന്നു. അഭിമാനകരമായ നേട്ടങ്ങൾ നടത്തിത്തന്നെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇവിടെ ചില ആളുകൾ കുഞ്ഞുങ്ങളെ കൊല്ലാൻ ശ്രമിക്കുമ്പോൾ, കുഞ്ഞുങ്ങളുടെ ജീവിതം ചേർത്തുപിടിച്ച് മുന്നോട്ടുപോകുകയെന്നത് ഈ സർക്കാരിന്റെ നയമാണ്.

"ഓരോ ശിശുരോദനത്തിലും കേൾപ്പൂ ഞാൻ

ഒരു കോടി ഈശ്വരവിലാപം"

എന്ന് മലായാളിയായ ഒരു കവി പാടിയിട്ടുണ്ട്. ഞങ്ങൾ അത് ഹൃദയത്തിൽ സൂക്ഷിക്കുന്നു. ഒരു കുഞ്ഞിനെയും കൊല്ലാൻ ഈ  സർക്കാരിന്റെ നയത്തിന്റെ

ഭാഗമായി ഞങ്ങൾ അനുവദിക്കില്ല. അതുകൊണ്ടാണ് ലോക ശരാശരിയിൽ കേരളം ഏറ്റവും മികച്ച നിലയിൽ നിൽക്കുന്നത്. ആയിരം കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ അഞ്ച് കുഞ്ഞുങ്ങൾ മാത്രം മരണപ്പെടുന്ന നാടായി ഈ കേരളം മാറുന്നു. ഈ അഭിമാനകരമായ നേട്ടം കേരളത്തിന്റെ ആരോഗ്യ രംഗത്തിന്റെ നേട്ടമാണെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിൽ ഏറ്റവും ആശങ്കയോടെ ഇന്ന് ചർച്ച ചെയ്യപ്പെടുന്ന അമീബിക് മസ്തിഷ്കജ്വരം തടയുന്നതിൽ ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികൾ ഫലപ്രദമായി ചെയ്യാൻ കഴിയാതെ വരികയും കേരളത്തിന്റെ ആരോഗ്യ മേഖല ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചേരുകയും ചെയ്ത പശ്ചാത്തലത്തിലാണ് പ്രതിപക്ഷം നോട്ടീസ് നൽകി, നടപടികൾ നിർത്തിവച്ചുകൊണ്ടുള്ള ഈ ചർച്ചയിലേയ്ക്ക് കടന്നിട്ടുള്ളത്. തീർച്ചയായും ഇതിനെ ജനപക്ഷത്തുനിന്നുള്ള പ്രതിപക്ഷത്തിന്റെ നിലപാടിന്റെ വിജയമായി ഞങ്ങൾ കാണുകയാണ്. പക്ഷേ ഇതിൽ നിരാശാജനകമായൊരു സാഹചര്യമുണ്ട്. ഇന്നലെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്തപ്പോൾ എല്ലാവരും വിശദമായി

കാര്യങ്ങൾ അവതരിപ്പിച്ചു. രണ്ട് മണിക്കൂർ ചർച്ചയ്ക്കുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാനം മറുപടി പറയുമ്പോൾ, പ്രതിപക്ഷം ഉന്നയിച്ച കസ്റ്റഡി മരണവും കസ്റ്റഡി മർദനവും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കുറ്റവാളികളായ പോലീസുകാരെ സർവീസിൽനിന്ന് നീക്കം ചെയ്യുന്നത് അടക്കമുള്ള കാര്യങ്ങൾ അംഗീകരിക്കാൻ തയ്യാറാകാതെ അവരെ സംരക്ഷിക്കുകയെന്ന തെറ്റായ നിലപാട് സ്വീകരിച്ച ഗവൺമെന്റാണ് ഇന്ന് വീണ്ടും ചർച്ചയ്ക്ക് അവസരമൊരുക്കിയിരിക്കുന്നത്. അതേത്തുടർന്ന് പ്രതിക്ഷനേതാവിന് ഇന്നലെ ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. എ. കെ. എം. അഷ്റഫ് തുടങ്ങി യു.ഡി.എഫ്.-ലെ രണ്ട് എം.എൽ.എ.-മാർ നിയമസഭാ കവാടത്തിന് മുന്നിൽ സത്യാഗ്രഹം നടത്തുന്നതായി പ്രഖ്യാപിക്കേണ്ടിവന്നു. അവരെ രണ്ടുപേരെയും അഭിവാദ്യം ചെയ്യുകയാണ്. കേരളത്തിൽ പ്രതിപക്ഷം ഉയർത്തിയ വിഷയങ്ങൾ ഗവൺമെന്റ് അംഗീകരിക്കാതെ വരുന്നതിനെത്തുടർന്ന് ജനപക്ഷത്തുനിന്നുള്ള സമര പോരാട്ട പാതയിലേയ്ക്ക് കടക്കാൻ ഞങ്ങൾ നിർബന്ധിതരാകുന്നു എന്നുള്ളതാണ് ഇത് വ്യക്തമാക്കുന്നത്. ഇന്നത്തേതും ഗുരുതരമായ വിഷയം തന്നെയാണ്. ഇന്നും തെറ്റായ നിലപാടാണ് സ്വീകരിക്കുന്നതെങ്കിൽ വേണ്ടിവന്നാൽ ഞങ്ങൾ

സത്യാഗ്രഹം നടത്തും. വേറെ മാർഗമില്ലെങ്കിൽ എന്താണ് ചെയ്യാൻ കഴിയുക? ജനപക്ഷത്തുനിന്നുകൊണ്ട് ഞങ്ങൾ ഈ പോരാട്ടം ശക്തിപ്പെടുത്തും.

ഇവിടെ അമീബിക് മസ്തിഷ്കജ്വരത്തെക്കുറിച്ച് പറഞ്ഞു. 2018-ൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ സമയത്ത് ഇതുസംബന്ധിച്ച് വന്ന റിപ്പോർട്ട് ഗവൺമെന്റ് വേണ്ടതുപോലെ ഗൗരവമായി പരിഗണിച്ചോ? ഗവൺമെന്റ് അത്തരത്തിൽ ഗൗരവമായി പരിഗണിച്ചില്ല. അതിനുപകരം മുൻ യു.ഡി.എഫ്. ഗവൺമെന്റിനെ കുറ്റപ്പെടുത്തി ഇതിൽനിന്നെല്ലാം രക്ഷപ്പെടാനാണ് ബഹുമാനപ്പെട്ട മന്ത്രിയടക്കം ശ്രമിച്ചത്. ഗവൺമെന്റ് ഉത്തരവാദിത്വത്തോടെ ചെയ്യേണ്ട കാര്യങ്ങൾ തീർച്ചയായും ചെയ്യേണ്ടതുണ്ട്. ഞാൻ ഒരു ഉദാഹരണം പറയട്ടെ, വലവൂരിൽ സ്ഥിതി ചെയ്യുന്ന കോട്ടയം ഐ.ഐ.ഐ.ടി.-യിൽനിന്ന് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, കോട്ടയം) മലിനജലം ഒഴുകുന്നതുമൂലം രോഗാവസ്ഥയിലേയ്ക്ക് എത്തിപ്പെടുന്നതിനെക്കുറിച്ച് പാല എം.എൽ.എ. ശ്രീ. മാണി സി. കാപ്പൻ ഉൾപ്പെടെയുള്ളവർ ബഹുമാനപ്പെട്ട മന്ത്രിക്ക് അടക്കം പരാതി നൽകുകയുണ്ടായി. എല്ലാ കാര്യങ്ങളും കൃത്യമായി ചെയ്യുന്നുവെന്ന്

പറഞ്ഞതുകൊണ്ടാണ് ഞാൻ ഇക്കാര്യം പറയുന്നത്. ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ലെന്നുമാത്രമല്ല, മഞ്ഞപ്പിത്തം ബാധിച്ചതിനെത്തുടർന്ന് പത്തൊൻപത് പേരെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതായാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞത്. കൃത്യസമയത്ത് ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകാതിരിക്കുന്നതുകൊണ്ട് സംഭവിക്കുന്ന പ്രശ്നങ്ങളായി ഇതിനെ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

എം.എൽ.എ.-മാർക്കെല്ലാം അവരുടെ മണ്ഡലങ്ങളിൽ ധാരാളം ആനുകൂല്യങ്ങൾ നൽകുന്നതായി ബഹുമാനപ്പെട്ട ടി. ഐ. മധുസൂദനൻ ഇവിടെ പറഞ്ഞു. എന്റെ മണ്ഡലമായ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഒരേയൊരു താലൂക്ക് ആശുപത്രിയാണ് ബഹുമാനപ്പെട്ട മന്ത്രി വീണാ ജോർജിന് നേരിട്ട് അറിയുന്ന കുറവിലങ്ങാട് താലൂക്ക് ആശുപത്രി. ഞാൻ മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റം പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നുമില്ല. പക്ഷേ നിങ്ങൾ പറയുന്നപോലെതന്നെ, ഇത് സിസ്റ്റത്തിന്റെ തകരാറാണ്. ഇടതുപക്ഷ സർക്കാർ എന്ന സിസ്റ്റം പരാജയപ്പെട്ടതിന്റെ തെളിവാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ. എം.എൽ.എ. എന്ന നിലയിൽ എന്റെ മണ്ഡലത്തിൽ എട്ട്

വർഷം മുമ്പ് ഞാൻ ഒരു പദ്ധതി ഗവൺമെന്റിന് മുന്നിൽ കൊണ്ടുവന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി മുപ്പത്തിയഞ്ച് കോടി രൂപ അനുവദിക്കുന്നതായി ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ആദ്യ വർഷംതന്നെ പ്രഖ്യാപനം വരികയും ഹൗസിംഗ് ബോർഡുവഴി പ്രോജക്ട് തയ്യാറാക്കി നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി ഇടപെടുകയും ആശുപത്രി സന്ദർശിക്കുകയും ചെയ്തു. പദ്ധതി സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയോട് സംസാരിച്ചു. എട്ട് വർഷം കഴിഞ്ഞിട്ടും ആരോഗ്യ, ധനകാര്യ വകുപ്പുകൾക്കും ഹൗസിംഗ് ബോർഡിനും പ്രസ്തുത വിഷയത്തിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാൻ ഈ നിമിഷംവരെ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഇത്തരത്തിൽ വീമ്പ് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം ഇടിഞ്ഞുവീണത് സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞു. ഇത് എത്ര ദയനീയമായ സ്ഥിതിയാണ്? ഞങ്ങളെല്ലാം അവിടെ ഡോക്ടർമാരോട് സംസാരിച്ചു. അവിടെ സർജിക്കൽ എക്വിപ്മെന്റ്സും മരുന്നുകളും ശസ്ത്രക്രിയയ്ക്ക് ആവശ്യമായ സാധനങ്ങളുമെല്ലാം പുറത്തുനിന്ന് വാങ്ങാൻ കുറിച്ചുകൊടുക്കുകയാണ്. കോർപ്പറേറ്റുകളല്ലല്ലോ, ഇവിടത്തെ പാവപ്പെട്ട മനുഷ്യരല്ലേ മെഡിക്കൽ കോളേജുകളിൽ

ചികിത്സയ്ക്കായി എത്തുന്നത്. ഡോ. ഹാരിസ് ചിറയ്ക്കൽ പറഞ്ഞതെന്താണ്? തിരുവനന്തപുരം മെഡിക്കൽ കോളേജും കോട്ടയം മെഡിക്കൽ കോളേജുമടക്കമുള്ള കേരളത്തിലെ സർക്കാർ ആശുപത്രികളിലേയ്ക്ക് കടന്നുചെല്ലുന്നത് ഇവിടത്തെ പാവപ്പെട്ട ജനങ്ങളാണ്. അവരെ സഹായിക്കാനാണ് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുൾപ്പെടെ നടപ്പാക്കി ജനങ്ങളെ ചേർത്തുപിടിച്ചത്. അതെല്ലാം തകർത്ത് തരിപ്പണമാക്കി. ഇപ്പോൾ ഏതെങ്കിലും ആനുകൂല്യം ലഭിക്കുന്നുണ്ടോ? രണ്ടായിരത്തിലധികം കോടി രൂപയുടെ കുടിശ്ശികയുണ്ടെന്ന് പറഞ്ഞു. ആരോഗ്യ മേഖലയെ തകർച്ചയിൽനിന്ന് രക്ഷിക്കാൻ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ആത്മാർത്ഥമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. അതിന് തയ്യാറാകാത്തതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, കേരളത്തിൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽവന്ന 1957 മുതൽ ഒരു കേരളാ മോഡൽ ആരോഗ്യനയം നടപ്പാക്കാൻ ശ്രമിച്ചിരുന്നു. പിന്നീട് വന്നിട്ടുള്ള ഗവൺമെന്റുകൾക്കൊക്കെ

അതിൽ പങ്കുപറ്റാം അല്ലെങ്കിൽ അതിന്റെ ഭാഗഭാക്കുകളാകാം എന്നുള്ളത് ശരിയാണ്. പക്ഷെ ആ കേരളാ മോഡൽ ആരോഗ്യനയം ഇന്ന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ അംഗീകരിക്കുന്ന, അതിനെ ലോകത്തിലെ ഏറ്റവും വലിയ മാതൃകയായി ഉയർത്തിക്കാണിക്കുന്ന ഒരു നിലവാരത്തിലെത്തിയിരിക്കുകയാണ്. ഡോക്ടർ-രോഗി അനുപാതത്തിന്റെ കാര്യത്തിൽ മെച്ചപ്പെട്ട നിലയിലാണ്. അതുപോലെതന്നെ 3682 ആശുപത്രികളുള്ളതിൽ 12 മെഡിക്കൽ കോളേജുകൾ, 32 താലൂക്കാശുപത്രികൾ, 18 ജില്ലാ ആശുപത്രികൾ എന്നിങ്ങനെയുള്ള സംവിധാനങ്ങൾ സമഗ്രമായി പ്രവർത്തിക്കുന്ന ആരോഗ്യ മേഖലയാണ് കേരളത്തിനുള്ളത്. കേരളം നേരിട്ടിട്ടുള്ള പകർച്ചവ്യാധികളെയും മാരകരോഗങ്ങളെയും ഏറ്റവും മാതൃകാപരമായി പ്രതിരോധിക്കുന്നതിനും പിടിച്ചുകെട്ടുന്നതിനും ആരോഗ്യനയത്തിന്റെ ഭാഗമായി സാധിച്ചിട്ടുണ്ട് എന്ന് കോവിഡിന്റെ കാര്യത്തിലെങ്കിലും പ്രതിപക്ഷം കണക്കുകൾ നിരത്തിവച്ച് അംഗീകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ലോകരാജ്യങ്ങളുടെ ആരോഗ്യ നിലവാരം അളക്കുന്ന John Hopkins University വരെ കോവിഡിന്റെ കാലത്തെ കേരളത്തിന്റെ പ്രവർത്തനത്തെ

അംഗീകരിച്ചതാണ്. നിപ രോഗത്തെ ഒരു വാർഡിൽതന്നെ വളഞ്ഞിട്ട് അവസാനിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. എങ്ങനെയാണത് സാധിച്ചത്? അത്ര സമഗ്രമായ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പിൻബലമൊന്നും കേന്ദ്ര ഗവൺമെന്റ് തന്നിട്ടില്ലെങ്കിലും ബദ്ധശ്രദ്ധമായ ജനകീയ ആരോഗ്യ നയത്തിന്റെയും പ്രതിരോധത്തിന്റെയും ഭാഗമായി കേരള ഗവൺമെന്റിന് ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ കാലത്ത് അത് സാധിച്ചു. ഇപ്പോൾ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജിന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ, കോട്ടയം മെഡിക്കൽ കോളേജിനെക്കുറിച്ച് ഇവിടെ പറഞ്ഞില്ലേ, കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി ഹൃദയമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയ മെഡിക്കൽ കോളേജാണ് കോട്ടയം മെഡിക്കൽ കോളേജ്. ഇപ്പോൾ ആ മെഡിക്കൽ കോളേജിനെ  മാതൃകയാക്കി ജില്ലാ ആശുപത്രികളിൽ 18 എണ്ണത്തിൽ 14 എണ്ണത്തിലും കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. അമീബിക് മസ്തിഷ്കജ്വരം ഒരു പ്രത്യേക അഴുക്കുജലത്തിൽ നിന്ന് പടരുന്നതാണെന്നും അത് മോർട്ടാലിറ്റി റേറ്റിൽ ഏറ്റവും കൂടുതൽ വിനാശകരമാണെന്നും

ലോകാരോഗ്യ സംഘടനതന്നെ അവരുടെ പത്രക്കുറിപ്പുകളിൽ പറയുന്നുണ്ട്. ഒരു പ്രത്യേകകാര്യം പ്രതിപക്ഷാംഗങ്ങളുടെ ശ്രദ്ധയ്ക്കുമുമ്പിൽ അവതരിപ്പിക്കണമെന്ന് ഞാൻ വിചാരിക്കുകയാണ്. 99 ശതമാനമാണ് ഈ രോഗത്തിന്റെ മോർട്ടാലിറ്റി റേറ്റ്. എന്നാൽ കേരളത്തിലത് 24 ശതമാനമാക്കി പിടിച്ചുനിർത്താൻ സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് സാധിച്ചു. എങ്ങനെയാണ് സാധിച്ചത്? സമഗ്രവും ജനകീയവുമായ ഒരു ആരോഗ്യ നയമില്ലാതെ അത് സാധിക്കുമോ? സാമ്പത്തിക ഞെരുക്കത്തിന്റെ ഇടയിലും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ പ്രവർത്തനങ്ങൾ നടത്തുകയാണ്. എന്റെ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ജനറൽ ആശുപത്രിയിൽ ഒരു മാസം നടക്കുന്നത് 300 പ്രസവങ്ങളാണ്. അതുമാത്രമല്ല അവിടെ മൂന്ന് കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുമുണ്ട്. കൂടാതെ ഇന്റർവെൻഷണൽ കാർഡിയോളജി സംവിധാനവും ഡോക്ടർമാരെയും ഉപയോഗിച്ചുകൊണ്ട് ഉദ്ദേശം 900-ത്തോളം ഹൃദയ രോഗസംബന്ധമായ ചികിത്സകൾ നടത്തിക്കഴിഞ്ഞു. പണ്ട് കൊളോണിയൽ ഭരണകാലം മുതൽ 'ധർമ്മാശുപത്രി' എന്ന ബോർഡ് വച്ചിരുന്ന മെഡിക്കൽ കോളേജുകളെ ജനകീയ ഗവൺമെന്റിന്റെ കാലം

വന്നപ്പോൾ ആ പേര് മാറ്റി ആരോഗ്യ രംഗത്തെ ഏറ്റവും വലിയ വിപ്ലവകരമായ പുന:സംഘാടനം നടത്തിക്കൊണ്ട് ഡോ. എ. ആർ. മേനോന്റെ കാലം മുതൽ തുടങ്ങിയതാണ് പാവപ്പെട്ടവർക്കും ചികിത്സ വേണമെന്നുള്ള ഒരു സമ്പ്രദായം. നമ്മുടെ വീട്ടിലെ ഒരാൾക്ക് രോഗം വന്നാൽ നമ്മൾ ആദ്യം സ്വകാര്യ ആശുപത്രികളിലേക്ക് പോകുകയാണ്. കാരണം അവിടെ പോയാലാണ് കൂടുതൽ ആധുനിക ചികിത്സ ലഭിക്കുക എന്നാണ് നമ്മുടെ വിചാരം. എന്നാൽ അവിടെ ചെന്നാൽ ആദ്യം പൾസ് പരിശോധിക്കുന്നതിന് മുമ്പ് പേഴ്സ് പരിശോധിക്കും. അങ്ങനെയുള്ള ആശുപത്രികളിലേക്ക് പോകാൻ ഇന്ന് കേരളത്തിന്റെ മധ്യവർഗത്തിനുപോലും/വരുമാനമുള്ളവർക്കുപോലും ഭയമാണ്. അങ്ങനെയുള്ള ആശുപത്രികളുടെ പ്രചാരകന്മാരായി ഒരു കൂട്ടർ മാറുന്നതിന്റെ തെളിവാണ് ഇത്തരത്തിലുള്ള ഉപക്ഷേപങ്ങളുടെ പിന്നിൽ. പൊതു ആരോഗ്യ മേഖല തകരുകയാണ്, ഇവിടെ ചികിത്സ ലഭിക്കില്ല, മരുന്നില്ല, ശസ്ത്രക്രിയ നടക്കുന്നില്ല, വേണ്ടത്ര ഉപകരണങ്ങളില്ല എന്ന് വരുത്തിത്തീർക്കേണ്ടത് ആരുടെ ചുമതലയാണ്? 1632 എണ്ണം വരുന്ന സർക്കാർ ആശുപത്രികളെ ഒറ്റപ്പെടുത്താനും രണ്ടായിരത്തി ചില്വാനം വരുന്ന സ്വകാര്യ ആശുപത്രികളെ

വളർത്താനും എറണാകുളം കേന്ദ്രീകരിച്ചുകൊണ്ട് പടർന്നുവളരുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ പ്രചാരകന്മാരുടെ വേലയിലേക്ക് യു.ഡി.എഫ്. തരംതാഴരുത് എന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

ഇനി അമീബിക് മസ്തിഷ്കജ്വരത്തിന്റെ കാര്യത്തിലേക്ക് വരാം. ഇത് കേരളത്തിൽ മാത്രമുള്ള രോഗമാണോ? ലോകത്തിൽ ഇതിന്റെ മോർട്ടാലിറ്റി റേറ്റ് 99 ശതമാനമാണ്. കേരളത്തിലത് 24 ശതമാനമാണ്. എങ്ങനെയാണ് 24 ശതമാനമായത്? നമുക്ക് ഡോക്ടർമാരുടെ സംവിധാനം മാത്രമല്ല, അതിന് പാരാമെഡിക്കൽ സ്റ്റാഫിന്റെ സഹായംകൂടി വേണം. നിങ്ങൾക്ക് നഴ്സ് ലിനിയെക്കുറിച്ച് അറിയില്ലേ? നിപ പടർന്നുപിടിച്ചപ്പോൾ നാല് നിപ രോഗികളെ ചികിത്സിക്കുന്നതിനുവേണ്ടി ഒരു നഴ്സ് കോഴിക്കോട് ആശുപത്രിയിൽ നിപ രോഗികൾ കിടക്കുന്ന വാർഡിലിരുന്ന് ദുബായിലുള്ള ഭർത്താവിന് കത്തെഴുതി. ആ സ്ത്രീ എഴുതിയ കത്ത് 'എനിക്ക് ഒരുപക്ഷെ നമ്മുടെ കുഞ്ഞുമകനെ വളർത്തിവലുതാക്കാൻ കഴിയില്ല. ഞാൻ നിപ രോഗികളെ ചികിത്സിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴെ ചെറിയ ചൂടുണ്ട്, പനിയുണ്ട്. നിങ്ങൾ വരുമ്പോൾ നമ്മുടെ മക്കളെ സംരക്ഷിക്കണം. ഞാൻ എന്തായാലും വീട്ടിൽപോകുന്നില്ല. ഈ നിപ രോഗികളെ സംരക്ഷിച്ചുകൊണ്ട്

എന്റെ ജീവിതം അവർക്കുവേണ്ടി സമർപ്പിക്കും.' അങ്ങനെയുള്ള ലിനിമാരുടെയും നൂറുകണക്കിന് ഡോക്ടർമാരുടെയും അർപ്പണമനോഭാവമുള്ള പ്രവർത്തനത്തിലൂടെ വളർന്നുവന്നതാണ് കേരളത്തിലെ ആരോഗ്യരംഗം. നിങ്ങൾ അടച്ചാക്ഷേപിക്കാനും ആട്ടിപ്പുറത്താക്കാനും ശ്രമിക്കുന്നത് മനുഷ്യസ്നേഹികളായ ഒരുപറ്റം ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫുകളെയുമാണ്. ലക്ഷക്കണക്കിന് രൂപ പോക്കറ്റിലുള്ളവർക്ക് അസുഖം വന്നാൽ പേടിക്കാനില്ല. അവർക്ക് പലവിധത്തിലുള്ള ചികിത്സാ സംവിധാനങ്ങൾ ലഭിക്കാനിടയുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് വന്നാലോ, നിങ്ങൾ പറയുന്നതിൽ കോവിഡിന്റെ കാര്യം മാത്രമെടുക്കുക. അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയുൾപ്പെടെയുള്ളവർ ഈ നിയമസഭയിൽ പറഞ്ഞത് കേരളത്തിലെ ചികിത്സാ സംവിധാനമല്ല ശരി, അമേരിക്കൻ ചികിത്സാ സമ്പ്രദായം വേണമെന്നാണ്. മറ്റൊരാളുണ്ടല്ലോ, കെ.പി.സി.സി.യിലെ ശാസ്ത്രജ്ഞൻ ശ്രീ. കെ. മുരളീധരൻ പറഞ്ഞത് ഇവിടെ ചൂടുള്ളതുകൊണ്ട് ഇത് പരക്കാൻ പോകുന്നില്ലെന്നും ഇത് ഇടതുപക്ഷം പ്രചരിപ്പിക്കുന്നതാണെന്നും കോവിഡ് അങ്ങനെ പരക്കില്ല എന്നൊക്കെയല്ലേ; അമേരിക്കയിലെ സ്ഥിതിയെന്തായിരുന്നു?

സഹപ്രവർത്തകരേ, പ്രതിപക്ഷമേ, അമേരിക്കയിലെ ശവക്കോട്ടകളിലും സെമിത്തേരികളിലും ശവപ്പെട്ടികൾ കുന്നുകൂടിക്കിടക്കുമ്പോൾ കേരളത്തിൽ 85 ഉം 90 ഉം വയസ്സുള്ളവരെ കമ്മ്യൂണിറ്റി സെന്ററുകളിൽകൊണ്ടുപോയി ചികിത്സിച്ച് വീട്ടിൽ കൊണ്ടുവിട്ട പാരമ്പര്യമില്ലേ? ഇന്നലത്തെ ഉപക്ഷേപം പാളിപ്പോയതിന്റെ രണ്ട് അടയാളങ്ങൾ പുറത്തുണ്ട്. ഈ നിയമസഭയിൽ നിങ്ങൾക്കൊപ്പം ഇരിക്കേണ്ടവർ. പ്രതിഷേധമാണത്രേ, ഇന്നും പ്രതിഷേധിച്ച് നിങ്ങൾക്ക് ഇറങ്ങിപ്പോകാം. പ്രിയപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നും രണ്ടുപേരുടെ പേര് പറയും, ആ രണ്ടുപേരെക്കൂടി ഇപ്പോൾ സത്യാഗ്രഹത്തിൽ ഇരിക്കുന്നവരുടെകൂടെയിരുത്തണം. ജനകീയ സമരങ്ങളുടെ അടിത്തറ പാളുമ്പോൾ നിങ്ങൾ വിരൽ ചൂണ്ടുന്നത് നിങ്ങളുടെ നെഞ്ചിലേക്കുതന്നെയാണെന്ന് ഓർമ്മ വേണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഈ ഉപക്ഷേപത്തെ എതിർക്കുകയാണ്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഒരു സമര സംഘടനയെന്ന് അവകാശപ്പെടുകയും അതിലൂറ്റംകൊള്ളുകയും ചെയ്യുന്ന ഒരു പ്രസ്ഥാനത്തിന്റെ അംഗമായ ശ്രീ. പി. ബാലചന്ദ്രൻ ഈ സഭയിൽ സമരത്തിലിരിക്കുന്ന

ഞങ്ങളുടെ രണ്ട് സഹപ്രവർത്തകരെക്കുറിച്ച് എന്ത് അപഹാസ്യപരമായിട്ടാണ് പറഞ്ഞത്. ഇപ്പോൾ സർക്കാർ ആശുപത്രികളിലേക്ക് പോയാൽ പേഴ്സ് വേണ്ടെന്നാണ് അദ്ദേഹം പ്രസംഗിച്ചപ്പോൾ പറഞ്ഞ രസകരമായൊരു കാര്യം. പക്ഷേ ഇന്ന് സർക്കാർ ആശുപത്രികളിൽ പോയാലാണ് ഏറ്റവും കൂടുതൽ പേഴ്സ് കീറുന്നതെന്ന കാര്യം ആർക്കാണ് അറിയാത്തതെന്ന് നിങ്ങൾ മനസ്സിലാക്കണം. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പാവപ്പെട്ട മനുഷ്യൻ കഴിഞ്ഞ ദിവസം സർക്കാർ ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയയ്ക്കായി പോയി. എന്നാലദ്ദേഹം 1,51,000 രൂപയുടെ ബില്ലുമായാണ് തിരിച്ചുവന്നത് (.........ബഹളം..........) പുറത്ത് ഇത്രയും തുകയില്ലെന്നാണ് മനസ്സിലാക്കേണ്ടത്. എന്റെ വീടിന് സമീപത്തുള്ള ഒരു സ്ത്രീ കഴിഞ്ഞ ദിവസം മുട്ട് ശസ്ത്രക്രിയയ്ക്കായി പോകുകയും ഒരു ലക്ഷം രൂപ ബിൽ അടയ്ക്കേണ്ടതായി വരുകയും ചെയ്തു. ഞാനൊരു കാര്യം പറയാം, രണ്ടായിരം കോടി രൂപയാണ് ഉമ്മൻ ചാണ്ടി സർക്കാർ ആരോഗ്യരംഗത്തേക്കുവേണ്ടി മാറ്റിവച്ചത്. എന്നാൽ നിങ്ങളുടെ സർക്കാർ അയ്യായിരം കോടി രൂപ മാറ്റിവച്ചുവെന്നാണ് നിങ്ങൾ പറയുന്നത്. അന്നത്തെ (പത്ത് കൊല്ലം മുമ്പത്തെ) പഞ്ഞിയുടെയും നൂലിന്റെയും വില

എന്തായിരുന്നുവെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അന്വേഷിച്ചിട്ടുണ്ടോ? പണപ്പെരുപ്പ നിരക്കിൽ വർധവുണ്ടാകുന്നതുകൊണ്ട് സ്വാഭാവികമായും അതിനായി നിങ്ങൾ മാറ്റിവയ്ക്കുന്നതാണ്. പക്ഷേ ബഹുമാന്യയായ നമ്മുടെ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി വളരെ മികച്ചൊരു അവതാരകയാണെന്നത് രസകരമായൊരു കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിമനോഹരമായി വാക്കുകൾകൊണ്ട് ഇന്ദ്രജാലമുണ്ടാക്കാനും ദ്വയാർഥ പ്രയോഗങ്ങൾകൊണ്ട് സഭയിൽ പലതരത്തിൽ പരിഹാസങ്ങൾ നടത്താനും അറിയാം. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ മികവ് ആ പദപ്രയോഗത്തിൽ മാത്രമേയുള്ളൂ. അവർ ആരോഗ്യ രംഗത്ത് നടത്തുന്നത് സമ്പൂർണ്ണ പരാജയമാണെന്നത് പറയാതിരിക്കാൻ കഴിയില്ല. കിഫ്ബി വഴി വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നുണ്ടെന്നതും വലിയ രീതിയിലുള്ള പെയിന്റിങ് ജോലികൾ നടക്കുന്നുണ്ടെന്നതും വലിയ തോതിൽ ഉപകരണങ്ങൾ മാറ്റി വാങ്ങിക്കൂട്ടുന്നുണ്ടെന്നതും ശരിയാണ്. എന്നാൽ സാധാരണക്കാർക്ക് ചികിത്സ നൽകേണ്ട ഒരു സംവിധാനവും കേരളത്തിലെ ആശുപത്രികളിൽ ഇല്ലെന്നതാണ് യാഥാർത്ഥ്യം. അതിനെക്കുറിച്ചാണ് നമുക്ക് സംസാരിക്കേണ്ടത്. അതിനെ സംബന്ധിച്ചല്ലേ ആശങ്കപെടേണ്ടത്?

കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികൾക്കും എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾക്കും കോടിക്കണക്കിന് രൂപ ഗവൺമെന്റ് നൽകാനുണ്ട്. എന്നിട്ട് എന്താണ് ചെയ്യുന്നത്? ഈ സർക്കാർ കാശ് നൽകാനുള്ളവർക്ക് നൽകാതെ അതിന്റെ മൂന്നിരട്ടി വിലയ്ക്ക് എച്ച്.എൽ.എൽ. മുഖേന ഉപകരണങ്ങൾ വാങ്ങി കേരളത്തിലേക്ക് കൊണ്ടുവരികയാണ്. അതിന്റെ പുറകിലെ സാമ്പത്തിക ലക്ഷ്യവും അഴിമതിയും എന്താണെന്നതിനെക്കുറിച്ച് ഞാൻ ഇപ്പോൾ പറയുന്നില്ല. നിങ്ങളുടെ ഫോക്കസ് എന്നുപറയുന്നത് വളരെ കൃത്യതയോടുകൂടി സാധനങ്ങൾ വാങ്ങിക്കൂട്ടുന്നതിലാണ്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. സാധാരണക്കാരന് ചികിത്സ ലഭിക്കുന്നതിലും ഈ നാട്ടിലെ പാവങ്ങൾക്ക് ചികിത്സ നൽകുന്നതിലുമല്ല നിങ്ങളുടെ ഫോക്കസ്. പാവങ്ങൾക്ക് ഒരു ചികിത്സയും സർക്കാർ ആശുപത്രികളിൽനിന്നും ലഭിക്കാത്ത വിധം നമ്മുടെ സംവിധാനങ്ങൾ പാടെ തകർന്നിരിക്കുകയാണ്. ഇവിടത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിരവധി ഡോക്ടർമാരുണ്ട്. ഈ ഡോക്ടർമാരെല്ലാം ഉയർന്ന വിദ്യാഭ്യാസമുള്ളവരാണ്. എന്നാൽ അവരെ ഒരിക്കലും നിങ്ങൾ ജില്ലാ ആശുപത്രികളിൽ നിയമിക്കുകയില്ല. അതിനുകാരണം ഇതെല്ലാം

പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റുകളാണ്. കേരളത്തിൽ നടക്കുന്ന മുഴുവൻ ഡോക്ടർമാരുടെയും നിയമനവും സ്ഥലമാറ്റവും പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റാക്കിയതാണ് നിങ്ങൾ ചെയ്ത ഏറ്റവും വലിയ പാതകം. സർക്കാർ ആശുപത്രികളിൽ ഗൈനക്കോളജിസ്റ്റുമാരുണ്ട്. എന്നാലവിടെ ഒരു പ്രസവവും ഒരു സിസേറിയനുംപോലും നടക്കുന്നില്ല. കാരണം അവിടെ അനസ്തേഷ്യ നൽകുന്നതിനായി ഡോക്ടർ ഇല്ല. അതിനാൽ എങ്ങനെ സർജറി നടത്താൻ സാധിക്കും?........... ബഹളം.........

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ,(....മൈക്ക് ഓഫ്....)

<u>മി. സ്പീക്കർ</u>: പ്ലീസ്.......പ്ലീസ്.......അവിടെ ഇരിക്കൂ.......ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും. എം.എൽ.എ.-മാർ മറുപടി പറയേണ്ടതില്ല......യെസ്....യെസ്........ അങ്ങ് സംസാരിക്കൂ..........നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തത് അതുകൊണ്ടാണ് .........ബഹളം.........ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, (....... ബഹളം........) ഓരോ ആശുപത്രികളിലും കോടാനുകോടി രൂപയുടെ ഐഡിലിങ് എക്യുപ്മെന്റുകൾ കിടക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ പെരിന്തൽമണ്ണയിൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്ന സമയത്ത് വാങ്ങിയ കോടാനുകോടി രൂപയുടെ എക്യുപ്മെന്റുകൾ ഉപയോഗിക്കാതെ തുരുമ്പെടുത്ത് വെറുതെ കിടക്കുകയാണ്. ആ ഉപകരണങ്ങൾ വാങ്ങിയിട്ട് ഒൻപത് വർഷമായി. നിങ്ങൾക്ക് ഒരു ചുക്കും ചുണ്ണാമ്പും ചെയ്യാൻ കഴിയുന്നില്ല. ഡോക്ടർമാരുടെ വർക്കിങ് പാറ്റേൺ നിങ്ങൾക്കുണ്ടാക്കാൻ സാധിച്ചോ? സർക്കാർ ആശുപത്രികളിൽ വരുന്നവരുടെ എണ്ണം വർധിച്ചിട്ടുണ്ടെന്നാണ് ബഹുമാന്യയായ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. അതെന്താണെന്ന് അറിയുമോ? നിങ്ങളുടെ ഭരണംമൂലം ആളുകൾ തകർന്നടിഞ്ഞ് അഞ്ച് നയാപൈസ എടുക്കാനില്ലാത്തതുകൊണ്ടാണ് ആളുകൾ ആശുപത്രിയിലേക്ക് വരുന്നത്. ഈ വരുന്ന പാവപ്പെട്ട രോഗികളെ മുഴുവൻ റഫറൽ ആശുപത്രികളിലേക്ക് വിടുകയാണ്. അതിനാൽ ഈ പാവപ്പെട്ട രോഗികൾക്ക് എവിടെയാണ് ചികിത്സ കിട്ടുന്നത്; എവിടെയാണ് ചികിത്സ

നടക്കുന്നത്? മെഡിക്കൽ കോളേജിൽപ്പോലും ചികിത്സ ലഭിക്കാത്ത ഒരു കാലമായി ഈ നാട് മാറിയിട്ടുണ്ടെങ്കിൽ അത് സിസ്റ്റം തകരാറിലായതുകൊണ്ടാണ്. സിസ്റ്റം തകരാറിലാകുന്നത് ഭരിക്കാൻ അറിയാത്തതുകൊണ്ടാണ്. ഭരിക്കാൻ അറിഞ്ഞാൽ സിസ്റ്റം നേരെയാകും. ഞങ്ങൾ ഭരിച്ച കാലത്തൊക്കെ സിസ്റ്റം നേരെയായിരുന്നു. നിങ്ങളുടെ പ്രശ്നംകൊണ്ടുമാത്രമാണ് സിസ്റ്റം തകരാറിലായത്. ഞങ്ങൾക്കതിൽ സഹതാപം മാത്രമേയുള്ളൂ. ഇതൊക്കെ തുറന്നുപറഞ്ഞാലോ? ഡോ. ഹാരിസ് ചിറയ്ക്കൽ ഇത് തുറന്നുപറഞ്ഞപ്പോൾ..... ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ പത്രസമ്മേളനം നടത്തിയപ്പോൾ ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ നടപടിയെടുക്കുന്നതിനുവേണ്ടി ഉന്നത ഉദ്യോഗസ്ഥർ മൊബൈലിൽ നിർദേശം കൊടുക്കുകയാണ് ചെയ്തത്. നിങ്ങൾക്ക് നാണമില്ലേ? ഇങ്ങനെ സത്യം പറയുന്ന മുഴുവൻ ആളുകളും ക്രൂശിക്കപ്പെടുന്ന ഒരു കാലമാണിതെന്ന് ആർക്കാണ് അറിയാത്തത്? ഇപ്പോൾ പഞ്ഞിയും കത്രികയുമൊക്കെ കൊണ്ടുപോയാൽ മതിയാകില്ല, മെഡിക്കൽ എക്യുപ്മെന്റുകൾകൂടി കൊടുക്കണം. ഇതെല്ലാം കൊണ്ടുപോയി കൊടുത്തിട്ട് നോക്കുമ്പോൾ അവിടെ ഡോക്ടർ ഉണ്ടാകില്ല. സ്കാനിങ് നടത്താൻ പറയും. എന്നാൽ

സ്കാനിങ് നടത്തുന്നതിനുള്ള സംവിധാനം അവിടെയുണ്ടാകില്ല. നിങ്ങൾ മനസ്സിലാക്കേണ്ടത്, നിങ്ങൾ വാങ്ങിക്കൂട്ടുന്ന ഉപകരണങ്ങളുടെ പിന്നിൽ നടക്കുന്ന കോടാനുകോടി രൂപയുടെ അഴിമതിയല്ലാതെ ആരോഗ്യ വകുപ്പിൽ എന്താണ് നടക്കുന്നതെന്ന ഒരു കൃത്യമായ ആലോചന വേണം. സംസ്ഥാന മെഡിക്കൽ കോളേജുകളൊഴിച്ച് ഹെൽത്ത് സർവീസിന് കീഴിലുള്ള ആശുപത്രികളിൽ ഉച്ചയ്ക്കുശേഷം എമർജൻസി ഓപ്പറേഷനുകളൊന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ടി ആശുപത്രികളിൽ ഡോക്ടർമാർ ഒരു മണിവരെയാണ് നിൽക്കുന്നത്. അവിടെ നിരവധി രോഗികളാണ് വരുന്നത്. എന്നാൽ വരുന്ന രോഗികളോട് എന്താണ് ചെയ്യുന്നത്? നൂറ് ആളുകൾ വരുന്ന സമയത്ത് പരിശോധനയ്ക്കുണ്ടായിരുന്ന അത്രയും ഡോക്ടർമാർ ഇപ്പോഴില്ല. നിങ്ങൾ നിശ്ചയിക്കുന്ന ഡോക്ടർമാരെ ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ നിശ്ചയിക്കേണ്ട പാറ്റേണുണ്ടോ; നിങ്ങൾ ഇവരുടെ ഓഡിറ്റിങ് നടത്തുന്നുണ്ടോ; ഇവരുടെ പെർഫോമൻസ് ഓഡിറ്റുണ്ടോ; ഈ ഡോക്ടർമാരുടെ പ്രവർത്തനങ്ങളെക്കുറിച്ച് എന്തെങ്കിലും ധാരണ ഇവിടെ നിൽക്കുന്ന ഡി.എച്ച്.എസ്. എന്നുപറയുന്ന ഉദ്യോഗസ്ഥയ്ക്കുണ്ടോ; അവരുടെ ജോലി എന്താണ്? ബഹുമാനപ്പെട്ട

വകുപ്പുമന്ത്രിക്ക് പിന്നാലെ വാലായി നടക്കുകയാണ് അവരുടെ ജോലി. നിങ്ങൾ എല്ലാ മാസവും യോഗം ചേർന്ന് കേരളത്തിൽ എന്താണ് കൊണ്ടുവരുന്നത്? അവാർഡ് വാങ്ങാനുള്ള ക്രൈറ്റീരിയ ഉണ്ടാക്കാൻ നിങ്ങൾ നല്ല മിടുക്കരാണ്. നല്ല അവാർഡും നല്ല ട്രോഫിയും ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽ നിറഞ്ഞുകവിഞ്ഞിട്ടുണ്ട്. പക്ഷേ കേരളത്തിന്റെ ആരോഗ്യം ഒരു ട്രോഫികൊണ്ടും നികത്താൻ കഴിയാത്ത വിധം വീണ്ടടയുകയാണെന്നതല്ലേ യാഥാർഥ്യം? കേരളത്തിന്റെ മന്ത്രി ഇപ്പോൾ ഇൻഡക്സുകൾ ഉഷാറാക്കുകയാണ് ചെയ്യുന്നത്. ഇൻഡക്സ് ഉഷാറാക്കാനാണ് ആകെ പണിയെടുക്കുന്നത്. ആ ഇൻഡക്സ് കൊണ്ട് നിങ്ങൾക്ക് ലഭിക്കുന്ന നേട്ടം ഒരുപക്ഷേ പത്രത്തിൽ വരുന്ന ഫോട്ടോ മാത്രമായിരിക്കും. മരിച്ചുവീഴുന്ന ആയിരക്കണക്കിനാളുകളോടും അവരുടെ കുടുംബത്തോടും നീതിപുലർത്താൻ കഴിയാത്തവരാണ് നിങ്ങളെന്നത് ഏറ്റവും ഗുരുതരമായ കാര്യമാണ്. നിങ്ങൾ മനസ്സിലാക്കേണ്ടത്, സാധാരണക്കാരന് ഇന്ന് മനസ്സിലായ ഒരു കാര്യമുണ്ട്. പ്രതിപക്ഷനേതാവ് എല്ലാ സമയത്തും പറയുന്നപോലെ, ഈ ഗവൺമെന്റിന്റെ പ്രയോറിറ്റി എന്നുപറയുന്നത് സാധാരണക്കാർക്കൊപ്പമല്ല. ഇവിടുത്തെ കോർപ്പറേറ്റുകളെ, സ്വകാര്യ

ആശുപത്രികളെ ഏറ്റവും നന്നായി സംരക്ഷിക്കുന്ന ഒരു വകുപ്പാണ് ആരോഗ്യ വകുപ്പ് എന്ന ആക്ഷേപംകൂടി ഉന്നയിച്ചുകൊണ്ടും ഈ ഉപക്ഷേപത്തിന് എല്ലാ പിന്തുണയും അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പ്രമോദ് നാരായൺ: സർ, ചർച്ചയിലേയ്ക്ക് കടക്കുന്നതിനുമുമ്പ് കേരളത്തിന്റെ ബഹുമാന്യയായ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ദ്വയാർഥപ്രയോഗം നടത്തുന്നയാൾ എന്നാണ് ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞത്. ശിശുഹത്യയിൽ ഒരു പാപബോധവും തോന്നാത്തവർക്കൊപ്പമിരിക്കുന്നവർക്ക് ഒരു സ്ത്രീയായ മന്ത്രിയെ അധിക്ഷേപിക്കുന്നതിൽ ആനന്ദം തോന്നുമെന്നതിൽ ഞങ്ങൾക്ക് അത്ഭുതമില്ല. ആ ആനന്ദത്തിനുള്ള മരുന്ന് രണ്ട് തിരഞ്ഞെടുപ്പുകളിലൂടെ കേരളത്തിലെ ജനങ്ങൾ നൽകുന്നുണ്ട്. ഇനിയും ആ ചികിത്സയും മരുന്നും അവർക്ക് ലഭിക്കും. പക്ഷേ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കുനേരെ ആ ബഹുമാനപ്പെട്ട അംഗം ഉപയോഗിച്ച പ്രയോഗം സഭാ രേഖകളിൽനിന്ന് നീക്കംചെയ്യുന്നതിന് ബഹുമാനപ്പെട്ട ചെയർ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

അന്നം കൊടുക്കുക, അർഥം കൊടുക്കുക, ഉള്ളിൽ ഉറവ വറ്റാത്ത സ്നേഹംകൊണ്ട് ഉയിരും ഉടലുംകാക്കും കവചമാകുക. കേരളത്തിന്റെ ആരോഗ്യ രംഗത്തെക്കുറിച്ചുള്ള എല്ലാ ചർച്ചകളിലും നാം കോവിഡ് മഹാമാരിയുടെ കാലഘട്ടത്തെ മറന്നുപോകാൻ പാടില്ല. ലോകരാജ്യങ്ങൾ സ്വപ്നരാജ്യങ്ങളെന്ന് വിശേഷിപ്പിച്ച രാജ്യങ്ങളെല്ലാം ആ മഹാമാരിയുടെ വരവിൽ തകർന്നുവീണപ്പോഴും ഇന്ത്യയിലെ സംസ്ഥാനങ്ങളെല്ലാം പകച്ചുനിന്നപ്പോഴും കേരളത്തിലെ സാധാരണക്കാരെ സംരക്ഷിച്ച, ആ പ്രയാസങ്ങളുടെ കാലത്ത് അവരെ കാത്തുരക്ഷിക്കാൻ ഒരു സർക്കാരുണ്ടെന്ന് ജനങ്ങൾ വിശ്വസിച്ചു. മലയാളിയുടെ ആ ആത്മധൈര്യത്തിന്റെ മറ്റൊരു പേരാണ് ഇടതുപക്ഷമെന്ന് ഞങ്ങൾ അഭിമാനത്തോടെ പറയുകയാണ്. ട്രോഫി വാങ്ങാൻ ഇൻഡക്സ് മെച്ചപ്പെടുത്തുന്നയാളാണ് കേരളത്തിന്റെ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയെന്ന് ബഹുമാനപ്പെട്ട അംഗം അധിക്ഷേപിച്ചല്ലോ; നമുക്ക് കണക്കുകളിലേയ്ക്ക് പോകാം. ഡാറ്റയുടെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ വിശദീകരിക്കേണ്ടത്. കേരളത്തിന്റെ ആരോഗ്യമേഖലയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയെന്താണ്; സ്കാൻഡിനേവിയൻ രാജ്യങ്ങളെപ്പോലും അതിശയിപ്പിക്കുന്ന കേരളത്തിന്റെ

ആരോഗ്യമേഖലയുടെ ഏറ്റവും പ്രധാനപ്പെട്ട മികവ് സൗജന്യ ചികിത്സ നൽകുന്നുവെന്നതാണ്. 1987-ൽ കേരളത്തിൽ സൗജന്യ ചികിത്സ തേടിയെത്തിയവർ 27 ശതമാനമായിരുന്നെങ്കിൽ ബഹുമാന്യയായ മന്ത്രി ശ്രീമതി വീണാ ജോർജ് ആരോഗ്യ വകുപ്പുമന്ത്രിയായിരിക്കുന്ന 2025-ൽ ഇത്തരത്തിൽ ചികിത്സ തേടിയെത്തിയവർ 69 ശതമാനമാണെന്ന് കണക്കുകൾ പറയുന്നു. 2012-ൽ ആരായിരുന്നു കേരളം ഭരിച്ചിരുന്നതെന്ന് ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ?

<u>മി. സ്പീക്കർ</u>: സമയം അത്രയേയുള്ളൂ. പറഞ്ഞിട്ട് കാര്യമില്ല. ചുരുക്കി സംസാരിക്കണം.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ഞാൻ പറഞ്ഞ് തുടങ്ങിയതേയുള്ളൂ. അന്ന് ഒരു കുടുംബത്തിന് സൗജന്യ ചികിത്സയ്ക്കായി 30,000 രൂപയാണ് നൽകിയിരുന്നതെങ്കിൽ ഇന്ന് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ ഇതിനായി 5 ലക്ഷം രൂപയാണ് നൽകുന്നത്. കേരളത്തിലുടനീളം യാത്ര ചെയ്യുന്ന സമയത്ത് വഴിയോരത്ത്/പാതയോരത്ത് പാട്ടുപാടി കരൾ മാറ്റിവയ്ക്കാൻ ഞങ്ങൾക്ക് സഹായം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കൈനീട്ടുന്ന മനുഷ്യരെ കാണാമായിരുന്നു. നമ്മളെല്ലാം ചികിത്സാ

സഹായത്തിനായി സമിതികൾ രൂപീകരിക്കാറുണ്ട്. 2025-ൽ പത്ത് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ പിഴവുകളില്ലാതെ നടത്താൻ ഈ മന്ത്രിയുടെ നേതൃത്വത്തിന് സാധിച്ചു. എന്നാൽ ആ മന്ത്രിയെ അധിക്ഷേപിച്ചുകൊണ്ട് കേരളം താഴ്ന്നുപോയെന്ന് പറയുന്നത് ആരെ സഹായിക്കാനാണ് എന്നുകൂടി നമ്മൾ കണ്ടെത്തണം. ആരോഗ്യരംഗത്തുള്ള കേരളത്തിന്റെ നിക്ഷേപം എന്നത് ആശുപത്രി കെട്ടിടങ്ങൾക്ക് പെയിന്റടിച്ചതുമാത്രമാണോ; കേരളത്തിന്റെ ആരോഗ്യരംഗത്തിനായി കിഫ്ബിയിലൂടെ ഇരുപതിനായിരം കോടി രൂപയുടെ നിക്ഷേപമാണ് നടത്തിയത്. അത് കേരളത്തിലുണ്ടാക്കിയ സമഗ്രമായ മാറ്റം, ഒരു ഹെൽത്ത് ഇക്കോ സിസ്റ്റം രൂപപ്പെടുത്തിയെന്നതിനെ ആർക്കെങ്കിലും മറക്കാൻ സാധിക്കുമോ;

<u>മി.സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്..........

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ആരോഗ്യരംഗത്തുണ്ടായ നേട്ടങ്ങൾ, ആർക്കെങ്കിലും അമീബിക് മസ്തിഷ്കജ്വരമുണ്ടായാൽ; അതിവേഗം അത് കണ്ടെത്തുക, ചികിത്സയ്ക്കാവശ്യമായ സംവിധാനം ഏർപ്പെടുത്തുക. (.....മൈക്ക് ഓഫ്......)

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഈ സർക്കാരിന്റെ ജനവിരുദ്ധതയ്ക്കെതിരെ നിയമസഭാ മന്ദിരത്തിനകത്ത് സത്യാഗ്രഹമിരിക്കുന്ന ശ്രീ. സനീഷ്കുമാർ ജോസഫിനെയും ശ്രീ. എ. കെ. എം. അഷ്റഫിനെയും ഞാൻ അഭിവാദ്യം ചെയ്യുകയാണ്. അവരെ പരിഹസിക്കുന്നവരോട് അവരുടെതന്നെ പാർട്ടിയുടെ ചരിത്രം മാപ്പുകൊടുക്കട്ടെയെന്ന് ഞാൻ ആശിക്കുകയാണ്.

കേരളത്തിൽ അമീബിക് മസ്തിഷ്കജ്വരം പടർന്നുപിടിക്കുന്നു. ഈ സമയം എന്ത് ചെയ്യണമെന്നറിയാതെ ആരോഗ്യ വകുപ്പ് ഇരുട്ടിൽ തപ്പുകയാണ്. കേരളത്തിന്റെ ആരോഗ്യ വകുപ്പ് വെന്റിലേറ്ററിലാണ്. അതുകൊണ്ടാണ് പ്രതിപക്ഷം ഇന്ന് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ആഗ്രഹിച്ചതും റൂൾ 50 പ്രകാരം നോട്ടീസ് നൽകിയതും. അമീബിക് മസ്തിഷ്കജ്വരം പടർന്നുപിടിക്കുമ്പോൾത്തന്നെ ആരോഗ്യ വകുപ്പ് ആദ്യം പറഞ്ഞ കാരണങ്ങളിൽനിന്നെല്ലാം ഇപ്പോൾ മാറിപ്പോകുകയാണ്. ഇത് എങ്ങനെയാണ് പടർന്നുപിടിക്കുന്നതെന്നതിന് ശരിയായ ഒരു പഠനമോ അതുസംബന്ധിച്ച ഒരു നിഗമനമോ ആരോഗ്യ വകുപ്പിന്റെ കൈവശം ഇന്നില്ലായെന്നതാണ് വസ്തുത. ഇതുമാത്രമല്ല, ഇന്ന് കേരളത്തെ ട്രോപ്പിക്കൽ

ഡിസീസിന്റെ ഒരു ഗ്യാലറിയായി വിശേഷിപ്പിക്കുകയാണ്. ലൈഫ് സ്റ്റൈൽ ഡിസീസിന്റെ കാപ്പിറ്റലായി കേരളം മാറുകയാണ്. ഒന്നിനുപുറകെ ഒന്നായി ഈ പകർച്ചവ്യാധികളെല്ലാം കേരളത്തെ ആക്രമിക്കുമ്പോൾ ആരോഗ്യവകുപ്പ് എന്ത് ചെയ്യണമെന്നറിയാതെ ഇരുട്ടിൽ തപ്പുന്ന കാഴ്ച നമ്മൾ കാണുകയാണ്. ആരോഗ്യമേഖലയിൽ കേരളം ഒന്നാമതാണെന്നുള്ള 'തള്ള്' അപകടകരമാണെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ അല്ല. കഴിഞ്ഞ സർക്കാരിന്റെയും അതിനുമുമ്പുള്ള ഇടതുപക്ഷ സർക്കാരിന്റെയും കാലത്തുള്ള ആരോഗ്യ വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. രാജീവ് സദാനന്ദനാണ് അങ്ങനെ പറഞ്ഞത്. "ആരോഗ്യ സംവിധാനം പ്രാകൃതമായ അവസ്ഥയിലാണ്, താഴെത്തട്ടിലുള്ള ആശുപത്രികളിൽ ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു, ഡെങ്കിപ്പനി നിയന്ത്രിക്കാനും നിപയുടെ ഉറവിടം കണ്ടെത്താനും കഴിയുന്നില്ല" എന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട അങ്ങ് ആ ഇന്റർവ്യൂ കണ്ടുകാണുമെന്ന് വിശ്വസിക്കുന്നു. ബംഗ്ലാദേശിലുള്ള അദ്ദേഹത്തിന്റെ ഒരു സഹപ്രവർത്തകൻ ബംഗ്ലാദേശിൽ പിടിപെട്ട നിപയുടെ ഉറവിടം അവിടെയുള്ള ആരോഗ്യ വകുപ്പ് കണ്ടെത്തിയെന്നും പിന്നീടത് അവിടെ

വരുന്നില്ലെന്നും പറഞ്ഞു. കേരളത്തിൽ കൃത്യമായി എല്ലാവർഷവും നിപ വൈറസ് ആളുകളെ ബാധിക്കുന്നുണ്ട്. ഇതിന്റെ ഉറവിടം കണ്ടെത്താനും ഇതില്ലാതാക്കാനും ഒരു ഗവേഷണവുമില്ല, ഒരു പഠനവുമില്ല, അതിനുള്ള പരിശ്രമവുമില്ല. ആ ബംഗ്ലാദേശിലെ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻ ശ്രീ. രാജീവ് സദാനന്ദനെ പരിഹസിച്ചുവെന്നാണ് അദ്ദേഹം ആ ഇന്റർവ്യൂവിലൂടെ വെളിപ്പെടുത്തിയത്. ഇവിടെ ശ്രീ. രാജീവ് സദാനന്ദൻ പറയുന്നത് ശരിയാണ്. കാരണം അതിന് നമ്മുടെ കൈവശം ഡാറ്റയുണ്ട്. ആ ഡാറ്റയുടെ അടിസ്ഥാനത്തിൽ നമുക്കത് ശരിയാണെന്ന് പറയാൻ സാധിക്കും. കാരണം 2011 മുതൽ 2016 വരെയുള്ള കാലയളവിൽ 655 പകർച്ചവ്യാധി മരണങ്ങളുണ്ടെങ്കിൽ 2021-ൽ 100 മരണം, 2022-ൽ 158 മരണം, 2023-ൽ 468 മരണം, 2024-ൽ 873 മരണം, 2025-ൽ ഇതുവരെ 363 മരണം. അങ്ങനെ ആകെ <u>**1723**</u> പകർച്ചവ്യാധി മരണങ്ങൾ ഈ നാട്ടിലുണ്ടായിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. 2016-ൽ എലിപ്പനി ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം 35-ഉം 2024-ൽ 400-ഉം ആണ്. ഗവൺമെന്റ് ഡാറ്റയിൽത്തന്നെ confirmed 251, probable 143 എന്ന് പറയുന്നുണ്ട്. എലിപ്പനി ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം 35-

ൽനിന്നും 400-ലേക്കെത്തിയിട്ട് ശ്രീ. രാജീവ് സദാനന്ദൻ പറഞ്ഞതുതന്നെ ഞാനും "വെറുതെയീ ഒന്നാമതാണെന്നുള്ള തള്ള് അവസാനിപ്പിക്കുക” എന്ന് പറയുകയാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് കേരളത്തിൽ വാക്സിനേഷൻ ആരംഭിച്ചു. ഇടതുപക്ഷ സർക്കാരും വലതുപക്ഷ സർക്കാരുകളുമെല്ലാം ആരോഗ്യമേഖലയിൽ നല്ലനിലയിലുള്ള കാര്യങ്ങൾ കോൺട്രിബ്യൂട്ട് ചെയ്തിട്ടുണ്ട്. അങ്ങനെയാണ് നാം ഒന്നാമതെത്തിയത്. ആ ആരോഗ്യ സംവിധാനങ്ങളാണ് ഇന്ന് തകർച്ചയെ നേരിടുന്നത്. അധികാരം ഔചിത്യത്തെ എങ്ങനെ ഇല്ലാതാക്കും എന്നതിന് രണ്ട് ഉദാഹരണങ്ങൾകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അമീബിക് മസ്തിഷ്കജ്വരത്തിന്റെ പഠനറിപ്പോർട്ട് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഫേസ്ബുക്കിൽ ഒരു പോസ്റ്റിട്ടു. ഇവിടെ പത്തിരുപത് ആളുകൾ മരിക്കുകയാണ്. ആ സമയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്രോപ്പ് ചെയ്ത് ഡേറ്റ് മാറ്റിയ ഒരു റിപ്പോർട്ട് പോസ്റ്റ് ചെയ്തിട്ട് ഇത് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തെ കുഴപ്പമാണെന്ന് പറയാൻ ആയിരുന്നു. എന്തിനാണ് ഇങ്ങനെ ശ്രമിക്കുന്നത്?

ഔചിത്യമില്ലായ്മയുടെ രണ്ടാമത്തെ കാര്യം, കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്ന് ദാരുണമായ ഒരു സംഭവമുണ്ടായി.

ആ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ ബിന്ദു എന്ന സ്ത്രീ ജീവനുവേണ്ടി പിടയുമ്പോൾ ആ കെട്ടിടത്തിനുമുമ്പിൽനിന്നുകൊണ്ട് ഉമ്മൻ ചാണ്ടി സർക്കാരിനെ വിമർശിക്കുന്ന ഔചിത്യമില്ലായ്മ............, അധികാരം ഔചിത്യത്തെ എങ്ങനെ ഇല്ലാതാക്കുമെന്നതിന്റെ ഉദാഹരണങ്ങളാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇങ്ങനെ മാറാൻ പാടില്ല. ഓരോ സന്ദർഭവും ആവശ്യപ്പെടുന്ന ഓരോ സമീപനങ്ങളുണ്ട്. അതിലേക്ക് എന്തുകൊണ്ടാണ് ഇവർക്കൊന്നും മാറാൻ കഴിയാത്തത്; ഡോ. ഹാരിസ് ചിറയ്ക്കൽ കേരളത്തിലെ ജനങ്ങളോട് ഒരു വെളിപ്പെടുത്തൽ നടത്തി "എന്റെ മുന്നിൽവന്ന വിദ്യാർഥിയായ ഒരു ചെറുപ്പക്കാരനോട് നിന്റെ ശസ്ത്രക്രിയ മാറ്റിവയ്ക്കാൻ പോകുന്നുവെന്ന് പറയുന്ന വിഷമംകൊണ്ട് ഞാൻ എന്റെ ജോലി നഷ്ടപ്പെട്ടാലും കുഴപ്പമില്ല, ഞാൻ ഈ ലോകത്തോട് സത്യം വിളിച്ചുപറയും" എന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തെ ആക്രമിക്കാനുള്ള ക്വട്ടേഷൻ കൊടുത്തില്ലേ; അദ്ദേഹത്തെ ആരെല്ലാം ആക്രമിച്ചു; ആ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പലും സൂപ്രണ്ടുംകൂടി നടത്തിയ ഒരു പത്രസമ്മേളനമുണ്ടല്ലോ; എത്ര ദയനീയമായിരുന്നു അത്? ആ സമയം ഒരു ഫോൺകോൾ വന്നു. ആരോഗ്യവകുപ്പിലെ ഏതോ ഒരു ഉന്നതൻ ആ

ഉദ്യോഗസ്ഥരെ വിളിക്കുകയാണ്. ഈ ഉദ്യോഗസ്ഥർ രാഷ്ട്രീയ പ്രവർത്തകരൊന്നുമല്ലാത്തതുകൊണ്ട് പത്രസമ്മേളനം നടത്തി പരിചയമില്ല. ആ പാവങ്ങൾ "അങ്ങനെ പറഞ്ഞുകൊള്ളാം സർ, അതുതന്നെ ചെയ്യാം, ഇപ്പോൾ പറയാം സർ" എന്നുപറയുകയാണ്. ജനങ്ങളുടെ മുമ്പിൽ ആരോഗ്യ സംവിധാനം എക്സ്പോസ് ചെയ്യുകയല്ലേ; ഒടുവിൽ ഡോ. ഹാരിസ് ചിറയ്ക്കൽ ആവശ്യപ്പെട്ട ഉപകരണം വാങ്ങാൻ സർക്കാർ തീരുമാനിക്കുന്നുവെന്ന് പറയുമ്പോൾ, ഡോ. ഹാരിസ് ചിറയ്ക്കൽ ലോകത്തിന്റെ മുന്നിൽ കേരളത്തിലെ ആരോഗ്യ സംവിധാനത്തിന്റെ പരിമിതികളെക്കുറിച്ച്.................., ഹൃദയശസ്ത്രക്രിയ മാറ്റിവച്ചിട്ട് ഒരുമാസം കഴിഞ്ഞിട്ട് വരാൻ പറഞ്ഞാൽ, ഒരുമാസം കഴിഞ്ഞ് ആ രോഗി ജീവിച്ചിരിക്കുമെന്നതിൽ എന്താണ് ഉറപ്പ്; ഒരു എം.ആർ.ഐ. എടുക്കാൻ ആവശ്യപ്പെട്ട് ചെല്ലുന്നയാൾക്ക് മൂന്നും നാലും മാസത്തിനപ്പുറത്തെ തീയതി കുറിച്ചുനൽകുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോണും എന്നോട് പറഞ്ഞിട്ടുണ്ട്. നാലുമാസത്തിനുശേഷം എം.ആർ.ഐ. എടുത്തിട്ട് എന്ത് ചികിത്സ നടത്താനാണ്; ഇതെല്ലാം പറയുന്ന സമയത്ത് നിങ്ങൾ ഇങ്ങനെ കോവിഡ്... ഇനിയത് പറയരുത്. കോവിഡിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ

മരണനിരക്കുണ്ടായിരുന്ന ഒരു സംസ്ഥാനമാണ് കേരളം. എന്നുമാത്രമല്ല, കോവിഡ് കാലത്ത്, പി.പി.ഇ. കിറ്റ്, ഗ്ലൗസ്, മാസ്ക് തുടങ്ങിയവയൊക്കെ വാങ്ങിയതിൽപ്പോലും അഴിമതി നടത്തിയതിന്റെ സി.&എ. ജി. റിപ്പോർട്ട് നമ്മുടെ സഭയിലില്ലേ; മരണവീട്ടിൽ പോക്കറ്റടിക്കാത്ത പോക്കറ്റടിക്കാരുണ്ട്. അതിനൊരു ധാർമ്മികതയുണ്ട്. മരണവീട്ടിൽ പോക്കറ്റടിക്കാത്ത പോക്കറ്റടിക്കാരന്റെ ധാർമ്മികതപോലുമില്ലാതെ കോവിഡുകാലത്ത് അഴിമതി നടത്തിയിട്ട് അതിന്റെ പേരിൽ ഇനിയും വരരുത്. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ ഞാൻ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ ഇന്നലെയും അതിന് മുമ്പത്തെ ദിവസവും സഭയിൽ ഇല്ലായിരുന്നു. ഇന്ന് സഭയിലേക്ക് കയറിവരുമ്പോൾ സഭാ കാവാടത്തിന്റെ രണ്ട് വശങ്ങളിലും നല്ല മെത്ത വിരിച്ച് രണ്ട് പേർ കിടക്കുന്നുണ്ട്. നിങ്ങൾ ഇവിടെയല്ല, പകരം പാലക്കാട് പോയി സമരം ചെയ്യണമെന്നാണ് എനിക്കവരോട് പറയാനുള്ളത്. നാട് മുഴുവൻ ഞങ്ങൾ സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട വിഷയമാണ് ചർച്ച ചെയ്യുന്നത്. സ്ത്രീസമൂഹത്തിന് അപമാനകരമായ സംഭവവികാസങ്ങളാണ് കേരളത്തിൽ

നടക്കുന്നത്. ഞങ്ങൾ തലകുനിച്ചാണ് ആന്ധ്രാപ്രദേശിലെ തിരുപ്പതിയിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്തത്. ഒരു മാന്യദ്ദേഹത്തിന്റെ പ്രവർത്തനം........... വളരെ മോശമായി........ കുട്ടികളെ ചേർത്ത് പിടിക്കണമെന്ന് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞിരുന്നു. പാലക്കാട് അട്ടപ്പാടി ഉൾപ്പെടെയുള്ള തദ്ദേശവാസികളുടെ മേഖലയിൽ ശിശുമരണനിരക്ക് കുറയ്ക്കാനുള്ള ശ്രമം നടത്തി കേരളത്തിലെ ഗവൺമെന്റ് വിജയകരമായി മുന്നോട്ട് പോകുകയാണ്. ബഹുമാനപ്പെട്ട പ്രമേയാവതാരകന്റെ മണ്ഡലമായ മണ്ണാർക്കാട് അട്ടപ്പാടിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി വരുമ്പോൾ, ഇവിടെ ഗർഭച്ഛിദ്രത്തിന് നിർബന്ധിക്കുകയാണ്. നാണക്കേടിലേക്കാണ് ഞങ്ങൾ സ്ത്രീകൾ...... പാലക്കാട് നിന്ന് വരുമ്പോൾ എനിക്ക് നാണക്കേടാണ്. കേരളത്തിലെ സ്ത്രീകൾ അത്രയേറെ അപമാനത്തോടെയാണ് ഇന്നിവിടെ ജീവിക്കുന്നതെന്ന് മനസ്സിലാക്കണം. ഇത്തരത്തിലുള്ള മാന്യദ്ദേഹങ്ങളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന സമീപനം എന്താണ്; അദ്ദേഹം ഇപ്പോഴും പഴയ ജന്മിത്വ കാലഘട്ടത്തിൽ സംബന്ധം

കൂടാൻ നടക്കുന്ന........ ആ കാര്യങ്ങൾ കേരളത്തിൽ നിരോധിച്ചിരിക്കുകയാണ്. പലയിടങ്ങളിലും പരാതികൾ വന്നുകൊണ്ടിരിക്കുകയാണ്. ഇത്രയേറെ അപമാനകരമായ ഒരു അവസ്ഥയിലേക്ക് കേരളത്തിന്റെ പൊതുസമൂഹത്തെ പ്രത്യേകിച്ചും സ്ത്രീകളെ അപമാനിക്കുന്ന സമീപനം സ്വീകരിച്ച നടപടി....... നിങ്ങൾ അവിടെ പോയി സമരം ചെയ്യണമെന്നാണ് നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്.

നമ്മുടെ ഗവൺമെന്റ് ആരോഗ്യമേഖലയിൽ നേടിയ നേട്ടങ്ങളെല്ലാം "തള്ളാണെന്നാണ്" ഇവിടെ പ്രമേയാവതാരകൻ പറഞ്ഞത്. നിങ്ങൾക്ക് എവിടെ നിന്നാണ് ഈ വാക്ക് കിട്ടിയത്. നിങ്ങൾ കുറെക്കാലമായി ഈ "തള്ള്" നടത്തിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾ ഡാറ്റ വച്ചാണ് സംസാരിക്കുന്നത്. കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയിലുണ്ടായ നേട്ടങ്ങൾ എൽ.ഡി.എഫ്., യു.ഡി.എഫ്. തിരിച്ച് കൃത്യമായി പറയാനുള്ള രേഖകൾ സഭയിലുണ്ട്, പബ്ലിക് ഡൊമെയിനിൽനിന്നും ലഭിക്കും. പ്രതിപക്ഷം ഇവിടെ പറഞ്ഞതുകൊണ്ട് അക്കാര്യം ഒന്നുകൂടി ഓർമ്മിപ്പിക്കാം. നിറയെ വട്ടപ്പൂജ്യമുള്ള പല പ്രദേശങ്ങളുമുണ്ട്. കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വട്ടപൂജ്യമാണ്`. എൽ.ഡി.എഫ്.-ന്റെ

ഭരണ കാലത്ത് 2022-ലാണ് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചത്. ഇതിനകം പത്ത് പേരുടെ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചു. യു.ഡി.എഫ്.-ന്റെ കാലത്ത് ജില്ലാ ആശുപത്രിയിലെ കാത്ത് ലാബുകളുടെ എണ്ണം വട്ടപൂജ്യമാണെങ്കിൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് 12 എണ്ണം. യു.ഡി.എഫ്.-ന്റെ കാലത്ത് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഡയാലിസിസ് സംവിധാനം- 8, എന്നാൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നശേഷം 107 കേന്ദ്രങ്ങളാണ് ഡയാലിസിസുമായി ബന്ധപ്പെട്ട് ഇവിടെ ഉണ്ടായത്. 2025-ൽ പരിശോധിച്ചാൽ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. കുടുംബാരോഗ്യകേന്ദ്രങ്ങളെന്ന കോൺസെപ്റ്റ് പോലും യു.ഡി.എഫ്.-ന്റെ കാലത്തില്ല. അവർക്ക് എല്ലാം കുടുംബമാണ്. അഭിമാനത്തോടെ മുന്നോട്ട് പോകുന്ന എൽ.ഡി.എഫ്.-ന്റെ കാലത്ത് 888 കുടുംബാരോഗ്യ കേന്ദ്രങ്ങളുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് ജനകീയാരോഗ്യകേന്ദ്രങ്ങൾ വട്ടപ്പൂജ്യം, എന്നാൽ ഇന്ന് 5416 ജനകീയാരോഗ്യ കേന്ദ്രങ്ങളാണ് നമ്മുടെ കേരളത്തിലുള്ളത്. നഗര-ജനകീയാരോഗ്യ കേന്ദ്രങ്ങൾ യു.ഡി.എഫ്.ന്റെ കാലത്ത് നാമമാത്രമായ 160 എണ്ണമാണുണ്ടായിരുന്നത്. എന്നാൽ ഇന്ന് അവ 380

ആയി ഉയർന്നിരിക്കുകയാണ്. ഇ-ഹെൽത്ത് സംവിധാനത്തിലൂടെ കേരളം ആകെ മാറി. എവിടെ വേണമെങ്കിലും രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ഇ-ഹെൽത്തിലൂടെ രോഗവിവരങ്ങളറിഞ്ഞ് ചികിത്സിക്കാൻ കഴിയുന്ന സംവിധാനം ഇന്ന് കേരളത്തിൽ വന്നുകഴിഞ്ഞിരിക്കുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് സർക്കാർ അശുപത്രികളിൽ ഒ.പി. രജിസ്ട്രേഷൻ ചെയ്യുവരുടെ എണ്ണം 8.3 കോടിയായിരുന്നെങ്കിൽ ഇന്ന് എൽ.ഡി.എഫ്.-ന്റെ കാലത്ത് 13.5 കോടി ആളുകളാണ് ഒ.പി. രജിസ്ട്രേഷൻ ചെയ്തത്.

സർക്കാർ ആശുപത്രികളെ ആരും ആശ്രയിക്കുന്നില്ലെന്നാണ് ഇവിടെ ശ്രീ. നജീബ് കാന്തപുരവും ശ്രീ. മോൻസ് ജോസഫും പ്രമേയാവതാരകനുമെല്ലാം പറഞ്ഞത്. ഈ കണക്കുകളൊന്നും ഞങ്ങൾ ഉണ്ടാക്കിയതല്ല. ഇത് തള്ളല്ല. വേൾഡ് ഹാർട്ട് ഫെഡറേഷന്റെ ഔദ്യോഗിക ജേർണലായ ഗ്ലോബൽ ഹാർട്ടിൽ കേരളത്തിലെ ആരോഗ്യമേഖലയെക്കുറിച്ച് 2021-ൽ വന്ന ഒരു ലേഖനമുണ്ട്. അതിൽ ഏറ്റവും പ്രധാനമായി അവർ ചൂണ്ടിക്കാണിച്ചത് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന "ഹൃദ്യം" എന്ന പദ്ധതിയെക്കുറിച്ചാണ്. ശിശുമരണനിരക്ക് 2016-ൽ 12 ആയിരുന്നത് 2018 ആയപ്പോൾ 7-ഉം 5-

ഉം ആയി കുറയ്ക്കാൻ സാധിച്ചു. ഇത്തരം പ്രത്യേകമായ പദ്ധതികൾ ലോകമെമ്പാടും സ്വീകരിക്കണമെന്ന് പറയുന്നത് കേരളത്തിന്റെ മാതൃകാപരമായ പ്രവർത്തനങ്ങൾ കണ്ട് ശ്ലാഘിച്ചുതന്നെയാണ്. സാമ്പത്തികമായി ഏറ്റവും പാവപ്പെട്ട മനുഷ്യർക്ക് ആശ്രയിക്കാൻ കഴിയുന്ന മാതൃകാപരമായ സ്ഥാപനമായി കേരളത്തിലെ സർക്കാർ ആശുപത്രികൾ മാറുന്നുവെന്നതിൽ ഏറെ അഭിമാനമുണ്ട്. കേരളത്തിൽ ഉണ്ടാക്കിയെടുത്ത തള്ളുകളല്ല, ലോകം നമ്മളെ അംഗീകരിക്കുന്നുവെന്ന് പറയുമ്പോൾ, നിങ്ങൾ പറയുന്നത് അവാർഡ് കിട്ടാനായി മെനയുന്നുവെന്നാണ്. ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് നിങ്ങൾ ഇവിടെ പറഞ്ഞല്ലോ.....നിങ്ങളുടെ വീടുകളിലും സ്ത്രീകൾ ഇല്ലേ, ഇത്തരം നെറികേടുകളല്ല വേണ്ടത്. ചില ന്യായങ്ങൾ ഉണ്ടാകണം, വിമർശനങ്ങൾ ഉണ്ടാകണം. എന്നാൽ ഇത് വ്യക്തിപരമായി ആക്രമിക്കാനുള്ള ശ്രമമാണ്. ഒരു മുൻ എം.പി. അദ്ദേഹം ഇവിടെയില്ല, പക്ഷെ പറയാതിരിക്കാൻ സാധിക്കില്ല. 'രണ്ട് വീണമാരെക്കൊണ്ട് ശ്രീ. പിണറായി വിജയൻ ഇപ്പോൾ ആകെ പ്രശ്നത്തിലാണ് ' എന്നാണ് ശ്രീ. കെ. മുരളീധരൻ പറഞ്ഞത്. ഒന്ന് മകളെക്കൊണ്ടും മറ്റേത് മന്ത്രിയെക്കൊണ്ടും. ഇത്തരം നാണംകെട്ട അഭിപ്രായം എങ്ങനെയാണ് നിങ്ങൾ പറയുന്നത്.

രാഷ്ട്രീയക്കാരല്ലേ..... ഈ സമൂഹം കാണുന്നില്ലേ....... അവരെ മോശമായി ചിത്രീകരിക്കാൻ ആയിരം നാവാണ് പുറത്ത് വരുന്നത്. ഇത്രയേറെ മോശമായ രീതിയിൽ സമീപിക്കുന്നത് ശരിയല്ലായെന്ന് ക്രിയാത്മക പ്രതിപക്ഷമേ ഒന്ന് മനസ്സിലാക്കണം.

ഞങ്ങൾക്ക് ലഭിച്ച അംഗീകാരത്തെക്കുറിച്ച് പറയാതിരിക്കാൻ നിർവാഹമില്ല. ഏറ്റവും അവസാനമായി രണ്ടാഴ്ച മുൻപ് ഇൻഫന്റ് മോർട്ടാലിറ്റി റേറ്റുമായി ബന്ധപ്പെട്ട് പുറത്തുവന്ന കണക്കാണ്. യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കപോലും ഇക്കാര്യത്തിൽ നമ്മുടെ മുന്നിൽ തല കുനിച്ച് നിൽക്കുകയാണ്. ചെറിയ നേട്ടമല്ല. എല്ലാപേരുടെയും ശ്രമഫലമായാണ്. എന്നാൽ പത്താം വർഷത്തിലേക്ക് കടക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പൊതുജനാരോഗ്യ പ്രവർത്തനത്തിന്റെ ശക്തമായ രേഖയാണ് നമ്മുടെ ഈ നേട്ടങ്ങളെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അരോഗ്യ മേഖലയിലെ നേട്ടങ്ങളുമായി ബന്ധപ്പെട്ട് വിക്ടോറിയൻ പാർലമെന്റിൽ ബഹുമാനപ്പെട്ട മന്ത്രി വീണാ ജോർജിനെ ആദരിച്ചത് 2025-ലാണ്. ഏറ്റവുമധികം സൗജന്യ ചികിത്സ നൽകിയ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരം

തുടർച്ചയായി മൂന്ന് വർഷമായി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇത് തള്ളാണോ......ഞങ്ങൾ ആരെങ്കിലും ഉണ്ടാക്കിയതാണോ.......പണം കൊടുത്ത് വാർത്തകൾ മെനയുകയാണ്, ഇത്തരത്തിൽ പ്രോമ്റ്റ് ചെയ്യുകയാണെന്നാണ് പറയുന്നത്. അത് ശരിയല്ല. തുടർച്ചയായ മൂന്നാം വർഷമാണ് നമ്മൾ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. കേരളം ആരോഗ്യമേഖലയിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്ന ഒരു സംസ്ഥാനമാണ്. 20,000 കോടി രൂപയുടെ നിക്ഷേപങ്ങൾ ഈ പൊതുജനാരോഗ്യമേഖലയിൽ, പശ്ചാത്തലസൗകര്യങ്ങളുടെ കാര്യത്തിൽ ഉണ്ടാക്കിയെടുത്തിട്ടുണ്ട്. ഒരു വീട്ടിൽ കുറഞ്ഞത് ഒരു ആയുഷ്മാൻ കാർഡെങ്കിലും ഇല്ലാത്ത കുടുംബങ്ങൾ ഇവിടെയില്ല. സംസ്ഥാനത്ത് "ആശാധാര" പദ്ധതിക്ക് ദേശീയ ഡിജിറ്റൽ അംഗീകാരം ലഭിച്ചിരിക്കുന്നു. "ആരോഗ്യ സുരക്ഷാ" പദ്ധതിക്ക് നാഷണൽ ഹെൽത്ത് കെയർ അവാർഡ് ലഭിച്ചു. ആരോഗ്യ രംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനങ്ങൾക്കുള്ള ഇന്ത്യാടുഡേ അവാർഡ് നമുക്കാണ് ലഭിച്ചത്. മാതൃമരണം കുറയ്ക്കുന്നതിൽ ബെസ്റ്റ് പെർഫോർമൻസ് സ്റ്റേറ്റിനുള്ള ദേശീയ അവാർഡ് നമുക്കാണ്. ഞങ്ങളിതൊക്കെ പറയുന്നത് അഭിമാനത്തോടെയാണ്. കാര്യങ്ങൾ ഒരുമിച്ച്

ചെയ്തിട്ടാണ്. ഈ കാര്യങ്ങളൊക്കെ മറയ്ക്കാനും കഴിഞ്ഞ കാലഘട്ടത്തിലെ ഇല്ലായ്മയെ ഇല്ലായെന്ന് കാണിക്കാനും മറവി രോഗം ബാധിച്ച പ്രതിപക്ഷമാണ് അപ്പുറത്തിരിക്കുന്നത്.

മി. സ്പീക്കർ: യെസ്..... യെസ്...... പ്ലീസ്....പ്ലീസ്....

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിന്റെ പൊതുജനാരോഗ്യ രംഗം ലോകത്തിന് മാതൃകയായി മുന്നോട്ട് പോകുമ്പോൾ അത് അംഗീകരിക്കാൻ തയ്യാറാവാത്ത പ്രതിപക്ഷം അത്തരം വാക്ക് പറയുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഈ പ്രമേയം ചർച്ചക്കെടുത്ത മന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്. കാരണം, കഴിഞ്ഞ കുറേനാളുകളായി കേരളത്തിലെ ആരോഗ്യമേഖലയെ തകർക്കുന്നതിനുള്ള വലിയ പ്രചാരണം നടന്നുകൊണ്ടിരിക്കുകയാണ്. ആ പ്രചാരണം നടക്കുന്ന ഘട്ടത്തിൽതന്നെ ആരോഗ്യ വകുപ്പുമന്ത്രി വസ്തുതകൾ വച്ച് ചർച്ച ചെയ്യാൻ പ്രതിപക്ഷ നേതാവിനെ ക്ഷണിച്ചതാണ്. എന്നാൽ അവരാരും ആ ഘട്ടത്തിൽ തയ്യാറായില്ല. കാരണം അവരുടെ ലക്ഷ്യം കേരളത്തിലെ ആരോഗ്യ മന്ത്രിയെയും ആരോഗ്യ വകുപ്പിനെയും മാത്രം

പ്രതിരോധത്തിൽ ആക്കുകയെന്നതായിരുന്നില്ല. സമീപകാലത്തായി കേരളത്തിൽ പതിനായിരക്കണക്കിന് കോടി രൂപയുടെ ബഹുരാഷ്ട്ര നിക്ഷേപമാണ് കേരളത്തിലെ സ്വകാര്യ ആശുപത്രി രംഗത്ത് വന്നിട്ടുള്ളത്. അവരുടെയെല്ലാം ഇടപെടലിന്റെ ഭാഗമായാണ് കേരളത്തിലെ ആരോഗ്യമേഖലയെ മോശമാക്കുന്ന രീതിയിലുള്ള പ്രചാരണം കേരളത്തിൽ ഉയർന്നുവന്നത്. വസ്തുതകൾ വച്ച് ചർച്ച ചെയ്യാൻ നമ്മൾ തയ്യാറാണ്. എന്നാൽ ദൗർഭാഗ്യവശാൽ പ്രതിപക്ഷനിരയിൽ നിന്ന് ഇതുവരെ ചർച്ച നടത്തിയ ഒരാൾപോലും വസ്തുത വച്ച് ചർച്ച ചെയ്യുന്നത് നമ്മൾ കേട്ടില്ല. ഇനി ചർച്ച ചെയ്യാനുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വാക്കുകൾതന്നെ നമുക്ക് ഉദ്ധരിക്കാം. കാരണം യു.ഡി.എഫ്. കാലത്തെ ആരോഗ്യമേഖല എങ്ങനെയായിരുന്നുവെന്ന് നമ്മൾ മനസ്സിലാക്കണമല്ലോ, നമുക്കൊന്നും മറവി സംഭവിച്ചിട്ടില്ലല്ലോ. ആശുപത്രികളിൽ ഡോക്ടർമാരില്ല, മരുന്നില്ല, നഴ്സില്ല ഒന്നുമുണ്ടായിരുന്നില്ല. ഇത് ഞാൻ പറയുന്നതല്ല, 2014 ജൂൺ മാസം 24-ാം തീയതി, അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്.

ശിവകുമാർ ആയിരുന്നു, കേരളത്തിന്റെ ഇന്നത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്ന് എം.എൽ.എ. ആയിരുന്നപ്പോൾ നിയമസഭയിൽ ഒരു സബ്മിഷൻ ഉന്നയിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സബ്മിഷൻ ഇങ്ങനെയായിരുന്നു, "സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും രൂക്ഷമായ മരുന്ന് ക്ഷാമം അനുഭവപ്പെടുകയാണ്. കാലവർഷത്തിന്റെ വരവോടുകൂടി സംസ്ഥാനത്ത് വ്യാപകമായി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ മരുന്ന് വിതരണം തടസ്സപ്പെടുന്നത് ഗൗരവകരമായ വിഷയമായി മാറിയിരിക്കുകയാണ്. മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തുന്നതിനായി ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ടെങ്കിലും ലക്ഷക്കണക്കിന് രൂപയാണ് ലോക്കൽ പർച്ചേസ് ഇനത്തിൽ സർക്കാരിന് നഷ്ടമാകുന്നത്. മാത്രമല്ല ടെൻഡർ പ്രൊസീഡ്യുവർ വഴി മരുന്ന് വാങ്ങാനുള്ള അവസരം കൂടി ലോക്കൽ പർച്ചേസ് മുഖാന്തിരം നഷ്ടപ്പെടുകയാണ്. 150-ഓളം ജീവൻരക്ഷാ മരുന്നുകൾ, ഐ.വി. ഫ്ലൂയിഡ്, സിറിഞ്ച്, സൂചി തുടങ്ങിയ സാധനങ്ങളെല്ലാം രോഗികൾ പുറത്തുനിന്ന് വാങ്ങിക്കൊണ്ടുവരേണ്ട അവസ്ഥയാണ് ഇന്ന് കേരളത്തിൽ.' ഏത് കാലത്താണ്? 2014-ൽ യു.ഡി.എഫ്. കേരളം

ഭരിക്കുമ്പോൾ നമ്മുടെ പ്രതിപക്ഷനേതാവ് അന്ന് എം.എൽ.എ.-ആയിരുന്നപ്പോൾ സഭയിൽ ഉന്നയിച്ച സബ്മിഷന്റെ പ്രസക്ത ഭാഗം മാത്രമാണ് ഞാൻ വായിച്ചത്. ഇന്ന് മരുന്ന് ലഭിക്കുന്നില്ലെന്ന് നിങ്ങളുടെ നിരയിലുള്ള ഏതെങ്കിലും എം.എൽ.എ.-മാർ പറയുമോ? ചില എം.എൽ.എ.-മാരൊക്കെ..... എം.എൽ.എ.-മാരാണോ വ്യാജ എം.എൽ.എ.-മാരാണോ എന്നെനിക്ക് അറിയില്ല. അവരെല്ലാം ഉറങ്ങാൻപോലും പാരസെറ്റാമോളും സിട്രിസെനമെല്ലാം കഴിക്കുന്നതായിട്ടാണ് പുറത്ത് വരുന്ന വിവരം. സൂചിപോലും രോഗി വാങ്ങിക്കൊണ്ട് കൊടുക്കണം. അങ്ങനെയൊരു കാലം കേരളത്തിനുണ്ടായിരുന്നു. ആ കാലമല്ല ഇന്ന് കേരളത്തിൽ. അതിന്റെ അവസാനം ഇതെല്ലാം കൺക്ലൂഡ് ചെയ്തുകൊണ്ട്, മരുന്ന് വിതരണം നടത്തണം, ഡോക്ടർമാർ വേണം എന്നെല്ലാമുള്ള അന്ത്യശാസനമാണ് 2014 ജൂൺ മാസം 14-ാം തീയതി ഈ സഭയിലുന്നയിച്ച സബ്മിഷനിലൂടെ അദ്ദേഹം ആവശ്യപ്പെട്ടത്. അത് കേരളത്തിലെ എല്ലാവർക്കുമറിയാം. ഞാനത് സൂചിപ്പിക്കാൻ കാരണമെന്ന് പറയുന്നത്, ആ കാലമൊന്ന് ചെറുതായി ഓർത്തെടുക്കാൻവേണ്ടി മാത്രമാണ്. ഞാൻ കണക്കുവച്ച്

ഇക്കാര്യങ്ങൾ പ്രൂവ് ചെയ്യാൻവേണ്ടി പ്രതിപക്ഷനേതാവിനെ ക്ഷണിക്കുകയാണ്. സമയക്കുറവുകൊണ്ട് ഞാൻ എല്ലാകാര്യങ്ങളും പറയുന്നില്ല. മാതൃ-ശിശുമരണ നിരക്കുകൾ, നവജാത ശിശുമരണ നിരക്കുമെല്ലാം ഇവിടെ സൂചിപ്പിക്കപ്പെട്ടു. നിങ്ങളുടെ കാലത്ത് 43 ആയിരുന്ന മാതൃമരണ നിരക്ക് ഇപ്പോൾ 19 ആയി കുറയ്ക്കാൻ സാധിച്ചു. ശിശുമരണനിരക്ക് 12 ഉണ്ടായിരുന്നത് 6-ആയും കുറഞ്ഞു. സൗജന്യ ചികിത്സയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. നജീബ് കാന്തപുരവും ശ്രീ. എൻ. ഷംസുദ്ദീനുമെല്ലാം പറയുന്നത് കേട്ടു. നിങ്ങൾ വെറുതെ പറയരുത്, കണക്കുവച്ച് പറയണം. നിങ്ങളുടെ കാലത്ത് 30,000 രൂപ മാത്രമായിരുന്നു ഒരു കുടുംബത്തിന് സൗജന്യ ചികിത്സയ്ക്കായി നൽകിയിരുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് പാവപ്പെട്ടവർക്ക് കൊടുക്കുന്നത് എത്രയെന്ന് അറിയണ്ടേ? അഞ്ച് ലക്ഷം രൂപയാണ് ഒരു കുടുംബത്തിന് കൊടുക്കുന്നത്. മറ്റ് നിരവധി ഉദാഹാരണങ്ങൾ, സമയക്കുറവുകാരണം ഞാൻ എല്ലാം പറയുന്നില്ല. നിങ്ങളുടെ കാലത്ത് ആരോഗ്യമേഖലയിൽ 2011-2012-ൽ 130 കോടി രൂപയും 2012-2013-ൽ 181 കോടി രൂപയുമാണ് കൊടുത്തത്, ഞാൻ എല്ലാം

വായിക്കുന്നില്ല, കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് 2023-ൽ 1478 കോടി രൂപയാണ് ആരോഗ്യ മേഖലയിൽ കൊടുത്തത്. 2021-2022-ൽ 1424 കോടി രൂപയും 2024-2025-ൽ 1498 കോടി രൂപയാണ് കേരളത്തിലെ ആരോഗ്യ മേഖലയ്ക്ക് കൊടുത്തത്. നിങ്ങൾ കണ്ണടച്ച് ഇരുട്ടാക്കരുത്. എന്തെല്ലാം ഡെവലപ്മെന്റാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്? ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഈ സഭയിലുണ്ട്. അദ്ദേഹം 2014 ജൂൺ 10-ന് ഇവിടെ നടത്തിയൊരു പ്രസംഗത്തിൽ പറഞ്ഞത്, കാസർഗോഡ് ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജിന് തറക്കല്ലിടൽ മാത്രം ഒതുങ്ങി നിൽക്കുമ്പോൾ ഉറങ്ങുന്ന ആളെ വിളിച്ചുണർത്തി ഊണില്ലെന്ന് പറയേണ്ടി വരുന്ന ഒരവസ്ഥയാണ് ഇപ്പോൾ അവിടെയുള്ളത്. ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്നിനോട് ഞാൻ ചോദിക്കുകയാണ് ഇപ്പോൾ ഊണ് കിട്ടിയോ? ഊണ് കിട്ടി. ആരാണ് ഊണ് വിളമ്പിയത്? കേരളത്തിന്റെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കാസർഗോഡ് ശ്രീ. എൻ. എ. നെല്ലിക്കുന്നിന് മാത്രമല്ല, ഞങ്ങളുടെ കോന്നിയിൽ നിങ്ങൾ

പ്രഖ്യാപനത്തിൽ മാത്രമൊതുക്കിയിരുന്ന കോന്നി മെഡിക്കൽ കോളേജിൽ ഇന്ന് നാലാംവർഷ വിദ്യാർഥികളുടെ പ്രവേശനം നടക്കുകയാണ്. കോന്നിയിലും കാസർഗോഡും മാത്രമല്ല, വയനാട്, ഇടുക്കി, പാലക്കാട് ഉൾപ്പെടെ നാല് മെഡിക്കൽ കോളേജുകൾ. മെഡിക്കൽ സീറ്റിന്റെ കാര്യത്തിൽ 2016-ൽ നിങ്ങളുടെ കാലത്ത് ഉണ്ടായിരുന്നതിന്റെ എത്രയോ ഇരട്ടി സീറ്റുകൾ കേരളത്തിൽ വർധിച്ചു. ഇത് കണക്കല്ലേ? നിങ്ങളുടെ കാലത്ത് 1150 സീറ്റുകൾ ഉണ്ടായിരുന്നത് 1750 സീറ്റുകളായി ഇന്ന് കേരളത്തിൽ മാറിയില്ലേ? എത്ര നഴ്സിംഗ് കോളേജുകൾ നമ്മുടെ എത്രയോ കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്നു. മൂന്ന് ഇരട്ടിയോളം നഴ്സിംഗ് സീറ്റുകളല്ലേ സർക്കാർ മേഖലയിൽ മാറിയിട്ടുള്ളത്. ഇത് കണക്കല്ലേ? നിങ്ങൾ എത്ര കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിച്ചാലും അത് യാഥാർഥ്യമായി കേരളത്തിലെ ജനങ്ങളുടെ മുമ്പിലുണ്ടാകും. പാവപ്പെട്ടവന്റെ ആശ്രയ കേന്ദ്രമാണ് സർക്കാർ ആശുപത്രികൾ. ആ ആശുപത്രികളെ നിങ്ങൾ തകർക്കരുത്. ഇവിടെ ലക്ഷക്കണക്കിന് രൂപ കൊടുത്ത് സ്വകാര്യ ആശുപത്രികളിൽ പോകേണ്ട അവസ്ഥ നിങ്ങളായി കേരളത്തിൽ സൃഷ്ടിക്കപ്പെടരുത്. എന്റെ നാട്ടിലൊരു പെൺകുട്ടി ഭർത്താവുമായി പിണങ്ങി,

ഭർത്താവ് ആ പെൺകുട്ടിയുടെ കൈ വെട്ടി. കൈ രണ്ടായി മാറിയ അവരെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയുടെ മുമ്പിലാണ് ആംബുലൻസ് ഡ്രൈവർ കൊണ്ട് നിർത്തിയത്. ശസ്ത്രക്രിയ നടത്താൻ ആദ്യ ഗഡുവായി പെട്ടെന്ന് പത്ത് ലക്ഷം കെട്ടിവയ്ക്കണമെന്നാണ് സ്വകാര്യ ആശുപത്രി അധികൃതർ പറഞ്ഞത്. പെട്ടെന്നുതന്നെ കൂടെയുണ്ടായിരുന്ന വ്യക്തി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെയും ഞങ്ങളെയുമെല്ലാം ബന്ധപ്പെട്ടു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിച്ച് രാത്രിയിൽത്തന്നെ നിരവധി ശസ്ത്രക്രിയകൾ നടത്തി രണ്ട് ഭാഗമായിപ്പോയ ആ കൈകൾ തുന്നിച്ചേർത്തു, ഇന്ന് ആ പെൺകുട്ടി ജീവിക്കുകയാണ്. കേരളത്തിലെ സാധാരണ ജനങ്ങളുടെ ആതുരാലയങ്ങളെ നിങ്ങൾ തകർക്കരുതെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഇന്നുകൊണ്ടുവന്നിട്ടുള്ള നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ ശക്തിയായി എതിർക്കുകയാണ്. വിഷയ ദാരിദ്ര്യമാണ് പ്രതിപക്ഷത്തിന്റെ പ്രധാന വിഷയം. ഇവർക്ക് ഒരു കുറ്റവും പറയാനില്ലാത്തതുകൊണ്ട്, എങ്ങനെ ഈ ഗവൺമെന്റിനെ ഇകഴ്ത്തികെട്ടണമെന്ന് മാത്രം ചിന്തിക്കുന്നു. ഇവരുടെയെല്ലാം

പ്രസംഗത്തിൽനിന്ന് അങ്ങനെയാണ് നമുക്ക് മനസ്സിലായത്. ശ്രീ. നജീബ് കാന്തപുരം എന്റെ ഏറ്റവും അടുത്ത സുഹൃത്താണ്. അദ്ദേഹം പറയുന്നത് ഈ കേരളത്തിൽ ഒരു ചുക്കും ചുണ്ണാമ്പും നടന്നില്ലെന്നാണ്. ഈ ഭാഷയെല്ലാം നല്ല കാര്യമാണ്. ഇങ്ങനെയെല്ലാം ഇവിടെ ഉപയോഗിക്കാൻ കഴിയുമോയെന്നും അറിയില്ല. എന്തായിരുന്നാലും അദ്ദേഹം ആ രീതിയിലാണ് പറയുന്നത്. അദ്ദേഹം പറയുന്നത് കോടിക്കണക്കിന് രൂപ കൊടുക്കാനുണ്ട് ഒരു കാര്യവും നടക്കുന്നില്ലെന്നാണ്. ഇന്നത്തെ ഹോസ്പിറ്റലുകളുടെ നിലവാരം നമുക്കറിയാം. ഞാൻ ഓരോ കാര്യത്തിനും കോട്ടയത്തെയും ആലപ്പുഴയിലേയും മെഡിക്കൽ സൂപ്രണ്ടുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന വ്യക്തിയാണ്. അവിടെ ചെന്നെത്തുന്നതുവരെയും വിളിച്ചുകൊണ്ടിരിക്കും. എന്റെ നിയോജകമണ്ഡലത്തിലെ ജനം കോട്ടയത്തും ആലപ്പുഴയിലും എറണാകുളത്തുമുള്ള മെഡിക്കൽകോളേജിലാണ് പോകുന്നത്. കാരണം അവർ അഭയം പ്രാപിക്കാൻ ശ്രമിക്കുന്നത് ഗവൺമെന്റ് ആശുപത്രികളിലാണ്. ശ്രീ. കെ. യു. ജനീഷ്കുമാർ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സഭയിൽ ഉന്നയിച്ച കാര്യങ്ങൾ വളരെ വ്യക്തമായി പറഞ്ഞു. പ്രതിപക്ഷനേതാവിന് ഇക്കാര്യങ്ങൾ എതിർക്കാൻ കഴിയില്ല.

കാരണം അത് രേഖയിലുള്ളതാണ്, കള്ളം പറയാൻ കഴിയില്ല. രേഖയിലുള്ള കാര്യമാണ് പറഞ്ഞത്. ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ കാര്യവും പറഞ്ഞു. അതും രേഖയിലുള്ള കാര്യമാണ്. ഇവർക്കാർക്കും എതിർക്കാൻ കഴിയില്ല. അവരുടെ കാലത്ത് ഇതെല്ലാം നല്ല രീതിയിൽപ്പോയിരുന്നുവെന്ന് പറയാൻ കഴിയില്ല. അന്നും ഈ പ്രശ്നമുണ്ടായിരുന്നു. ഏത് സമയത്തും വിഷയങ്ങളുണ്ടാകാം. ഇതല്ല ഇവിടത്തെ വിഷയം. ഇവിടത്തെ വിഷയം ഏതൊക്കെ രീതിയിൽ ആശുപത്രികൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും, അതിന് എന്തെല്ലാം കൈതാങ്ങുകൾ കൊടുക്കാൻ സാധിക്കുമെന്നാണ് പറയേണ്ടത്. ഇവർ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നതുതന്നെ ഏതൊക്കെ രീതിയിൽ ഈ ഗവൺമെന്റിനെ ഇകഴ്ത്തിക്കാട്ടാം, ശ്രീമതി വീണാ ജോർജിനെ താഴ്ത്തികെട്ടാം എന്നുള്ള ചിന്തയിലാണ്. നമുക്കറിയാം ആരോഗ്യമേഖല ഗുണനിലവാരത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. അതിന് ഇവർ ഉപയോഗിച്ച പദം 'തള്ള്' എന്നതാണ്. നിങ്ങൾ ആദ്യം മനസ്സിലാക്കേണ്ടത് തള്ളുകളൊന്നുമല്ല വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്നതിന്റെ പ്രതിഫലനമാണ് ആ രീതിയിൽ ഒന്നാം

സ്ഥാനത്തേക്ക് നാം കടന്നുവരുന്നത്. ആരോഗ്യമേഖലയിൽ അമേരിക്കയെപ്പോലെയുള്ള വൻകിട രാജ്യങ്ങളെപ്പോലും പിൻതള്ളിയുള്ള നേട്ടമാണ് നാം കൈവരിച്ചിട്ടുള്ളത്. സത്യം പറയുമ്പോൾ നിങ്ങൾക്കെല്ലാം വേദനയുണ്ടാകും. ഏതൊക്കെ രീതിയിൽ ഇത് തകർന്നടിയും എന്നാണ് നിങ്ങൾ നോക്കുന്നത്. ഈ ഉപക്ഷേപം ചർച്ചയ്ക്കെടുക്കാനുള്ള പ്രധാന കാരണം നിങ്ങളുടെ ഈ തള്ള് തന്നെയാണ്. ഉപക്ഷേപം ചർച്ചയ്ക്കെടുത്തത് ഞങ്ങൾ കൈയടിച്ച് പ്രോത്സാഹിപ്പിക്കാൻ കാരണം, ഏത് രീതിയിലാണ് ആരോഗ്യമേഖല പ്രവർത്തിക്കുന്നതെന്ന് കേരളത്തിലെ ജനങ്ങൾ അറിയണമെങ്കിൽ, ഒരു ഓപ്പൺ ഡിസ്കഷൻ ഉണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഞങ്ങൾ കൈയടിച്ചത്. അവിടെ നിങ്ങൾക്ക് വേദനയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഴുന്നേറ്റ് പറഞ്ഞു; ഞങ്ങളുടെ വിജയമാണ്. നിങ്ങളുടെ ഒരു വിജയവുമല്ല. കാരണം, ഇത് ഞങ്ങളുടെ വിജയമാണ്. ഞങ്ങൾ ചെയ്യുന്ന കാര്യം ജനങ്ങളെ അറിയിക്കാൻ തക്കവണ്ണം ഞങ്ങൾക്ക് കിട്ടിയ അവസരം ഞങ്ങൾ ഉപയോഗിക്കുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ കയ്യടിച്ചത്. അത് നിങ്ങൾക്ക് മനസ്സിലാകില്ല. ഇപ്പോഴും ശോ.. ശോ... എന്നുപറഞ്ഞ്

കളിയാക്കുന്ന രീതിയിലേക്ക് പോകാതെ കാര്യങ്ങൾ മനസ്സിലാക്കണം. കാരണം നമുക്കറിയാം കോവിഡ്-19 വന്നകാലത്ത് ഞാനുൾപ്പെടെ സകലജനങ്ങളും ആരാധ്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ വാർത്താ സമ്മേളനത്തിന് കാത്തിരിക്കുമായിരുന്നു. കാരണം നടക്കുന്ന കാര്യങ്ങൾ സത്യസന്ധമായ രീതിയിൽ പറയും. ഓരോ സ്ഥലങ്ങളിലും കോവിഡ് ബാധിച്ച് മരിച്ചവരെ എങ്ങനെയാണ് കുഴിച്ചിട്ടതെന്ന് നമുക്കറിയാം. ഇറ്റലിയിലും, ജർമനിയിലുമെല്ലാം നടന്നത് വാർത്തകളിൽ വന്നുകൊണ്ടിരുന്നതല്ലേ? കേരളം എങ്ങനെയാണ് കോവിഡിനെ അഭിമുഖീകരിച്ചത്; കേരളം എങ്ങനെയാണ് അതിനെ ഓവർ-കം ചെയ്തത്; അത് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാതെ പോകുന്നു. നിങ്ങൾ ഞങ്ങളെ അംഗീകരിക്കുന്നില്ല. ഭരണപക്ഷം ചെയ്യുന്നത് തെറ്റാണ്, കാരണം കഴിഞ്ഞ 10 വർഷമായി നിങ്ങൾ മാറി നിൽക്കുന്നതിന്റെ വിഷമം കൊണ്ടായിരിക്കാം. ഇനിയും ധാരാളം വർഷം നിങ്ങൾ മാറി നിൽക്കണം എങ്കിലെ കാര്യങ്ങൾ നടക്കുകയുള്ളൂ. നിങ്ങളുടെ ജീവിതത്തിൽ അങ്ങനെയൊരു നല്ല സംവിധാനത്തിലേക്ക് വരാൻ കഴിയില്ല. കാരണം നിങ്ങൾക്ക് പ്രവൃത്തിയില്ല, സംസാരം മാത്രമേയുള്ളൂ. അതിന്റെ തെളിവാണ് ശ്രീ. കെ. യു. ജനീഷ്

കുമാർ പറഞ്ഞത്. പ്രവൃത്തിയുണ്ടായിരുന്നെങ്കിൽ അന്ന് നിങ്ങൾ ഇങ്ങനെയൊരു സബ്മിഷനിലേക്ക് വരില്ലായിരുന്നു. നിങ്ങൾ ഇന്ന് ഞങ്ങളെ കളിയാക്കാനായി ഉപയോഗിക്കുന്ന കാര്യങ്ങൾ എന്താണെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ഞങ്ങളെ താഴ്ത്തിക്കെട്ടാൻ ശ്രമിച്ചതുകൊണ്ട് കാര്യമില്ല. വളരെ നല്ല രീതിയിലാണ് ആരോഗ്യമേഖല മുന്നോട്ടുപോകുന്നത്. കാരണം, മസ്തിഷ്ക ജ്വരം ബാധിച്ച ആളുകളെ ഏത് രീതിയിലാണ് സഹായിക്കേണ്ടതെന്ന് മനസ്സിലാക്കി അതിന് ഉചിതമായ തീരുമാനമെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരുമുൾപ്പെടെയുള്ളവർ അതിനൊരു പരിഹാരം കാണുമെന്ന് നമുക്കറിയാം. അല്ലാതെ നിങ്ങൾ പറയുന്നതുപോലെ ഉപേക്ഷിച്ചുപോകുന്ന സ്വഭാവമൊന്നും ഞങ്ങൾക്കില്ല. ഞങ്ങൾ വളരെ നല്ലരീതിയിൽ പ്രവർത്തിക്കും. കേരളത്തിലെ ആരോഗ്യമേഖലയിൽ ഈ സർക്കാർ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലമായ കുട്ടനാട്ടിൽ ബ്ലോക്ക് ആശുപത്രിക്കും താലൂക്ക് ആശുപത്രിക്കുവേണ്ടി 142 കോടി രൂപ അനുവദിച്ചിരിക്കുകയാണ്. ഇന്ന് ഗവൺമെന്റ് ആശുപത്രികളിൽ വരുന്ന ആളുകളുടെ എണ്ണം വളരെ

കൂടുതലാണ്. നിങ്ങളുടെ കാലത്ത് മരണസംഖ്യയും മറ്റുകാരണങ്ങളും കാരണം ആശുപത്രികളിൽ ആരും പോയിരുന്നില്ല. ഏത് രീതിയിലാണ് പ്രവർത്തിക്കേണ്ടതെന്ന് നിങ്ങൾക്ക് അറിയാത്തതാണ് നിങ്ങളുടെ വിഷയം. അതുകൊണ്ട് ഞങ്ങൾ ചെയ്യുന്ന നല്ല പ്രവൃത്തികൾ മനസ്സിലാക്കി ഒരു സപ്പോർട്ട് കൊടുക്കാനുള്ള സംവിധാനത്തിലേക്ക് പോകണമെന്ന് മാത്രമാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. അല്ലാതെ കളിയാക്കുന്ന രീതികളും സംവിധാനങ്ങളും നിങ്ങളൊന്ന് മാറ്റിവയ്ക്കണം. വളരെ നല്ലരീതിയിലുള്ള ഒരു സപ്പോർട്ട് നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകുകയും കേരളത്തിലെ ആരോഗ്യമേഖലയിൽ സർക്കാർ നടപ്പിലാക്കിയ വികസന പദ്ധതികളും മറ്റും കാണണമെങ്കിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ആക്ഷേപം ഉന്നയിക്കാതെ സഞ്ചരിച്ച് മനസ്സിലാക്കണം. 2011-ലെ ഭരണം പോലെയല്ല, ഇതിനൊരു പ്രത്യേകതയുണ്ട്. എല്ലാരീതിയിലുമുള്ള സപ്പോർട്ട് കൊടുക്കാനുള്ള നല്ല മനസ്സ് നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾ വളരെ നല്ലരീതിയിൽ കേരളത്തെ മുന്നോട്ടുനയിക്കാനായി ഞങ്ങളെ സഹായിക്കുന്നവരായി മാറും എന്നുമാത്രം പറഞ്ഞുകൊണ്ട് ഇതിനെ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. ഡി. കെ. മുരളി: സർ, ഇന്നലത്തെയും ഇന്നത്തെയും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ചർച്ചയ്ക്കെടുത്തത് പ്രതിപക്ഷത്തിന്റെ വലിയ നേട്ടമായാണ് ഇപ്പോൾ ഇവിടെ ചിത്രീകരിച്ചത്. പ്രീസിഡന്റ് വച്ചുകൊണ്ടാണോ, നിങ്ങളുടെ കാലത്തെ അനുഭവങ്ങൾ വച്ചുകൊണ്ടാണോ അങ്ങനെ പറയുന്നത്? എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഉയർന്ന ജനാധിപത്യബോധവും നിങ്ങൾ കൊണ്ടുവരുന്ന പല വ്യാജപ്രചാരണങ്ങളുടെ സത്യാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്തണമെന്ന് താൽപര്യവുംകൊണ്ട് മാത്രമാണ് ഇന്നലത്തെയും ഇന്നത്തെയും നടപടികൾ നിർത്തിവക്കാനുള്ള ഉപക്ഷേപങ്ങൾ ചർച്ചയ്ക്കെടുത്തത്. അതിലൂടെ ജനങ്ങൾ മനസ്സിലാക്കേണ്ട ധാരാളം കാര്യങ്ങളുണ്ട്. അത് ഈ സഭയിൽ ചർച്ച ചെയ്യുകയാണ്. വാർത്തകൾ തമസ്കരിച്ചുകൊണ്ടും വക്രോക്തികൾ നിരത്തിയും നിങ്ങളെ ന്യായീകരിച്ചും ചില പത്രങ്ങളുടെ ആനുകൂല്യങ്ങൾ നിങ്ങൾക്ക് ലഭിച്ചെന്നിരിക്കും. പക്ഷേ കേരളത്തിലെ ജനങ്ങൾ ഇക്കാര്യങ്ങളെല്ലാം മനസ്സിലാക്കാൻ പ്രാപ്തരാണെന്നത് നിങ്ങൾ മറന്നുപോകരുത്. അമീബിക് മസ്തിഷ്ക ജ്വരം കേരളത്തിലും പ്രത്യക്ഷപ്പെട്ടു. അതിനെ നമുക്ക് പ്രതിരോധിക്കാനാകണം. അതിന് എന്തെല്ലാം പ്രതിരോധ മാർഗങ്ങൾ

നമുക്ക് നേടാൻ കഴിയും. അത്തരത്തിലുള്ള കാര്യങ്ങളാണ് ഗൗരവമായി ചർച്ച ചെയ്യേണ്ടത്. സ്വാഭാവികമായും പ്രതീക്ഷിക്കുന്നത്, അങ്ങനെയൊരു ചർച്ചയിലൂടെ ഭയാശങ്കകളിൽനിന്നും നമ്മുടെ നാട്ടിലെ ജനങ്ങളെ കരകയറ്റുകയല്ലേ ചെയ്യേണ്ടത്; പ്രമേയാവതാരകൻ ഇവിടെ എന്താണ് പറഞ്ഞത്; അമീബിക് മസ്തിഷ്ക ജ്വരം അതിവേഗം വ്യാപിക്കുന്നുവെന്നാണ്. ഇത് സത്യവുമായി പുലബന്ധമുള്ളതാണോ; ജനങ്ങളെ ഭയപ്പെടുത്തുകയല്ലേ ചെയ്യുന്നത്; ആരോഗ്യ വകുപ്പ് ഇരുട്ടിൽ തപ്പുന്നു. അതിൽ എന്താണ് വസ്തുതയുള്ളത്; അതുകൊണ്ടാണ് ഞങ്ങൾ യാഥാർത്ഥ്യങ്ങൾ പറയുന്നത്. ലോകത്ത് എല്ലായിടത്തും ഈ അമീബിക് മസ്തിഷ്ക ജ്വരം പ്രത്യക്ഷപ്പെടുന്നുണ്ട്. പണ്ടും ഈ രോഗം ഉണ്ടായിരുന്നിരിക്കും. പക്ഷേ ശാസ്ത്രപുരോഗതികൊണ്ട് ഇതൊക്കെ ഇപ്പോൾ അമീബ പരത്തുന്ന രോഗമാണെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. അതിനെ പ്രതിരോധിക്കാനുള്ള എന്തെല്ലാം നടപടികളാണ് ഈ സർക്കാർ എടുത്തത്. അമീബിക് മസ്തിഷ്ക ജ്വരം പടർത്തുന്ന അഞ്ചിനം അമീബകളെ കണ്ടെത്തുന്നതിനുള്ള ലാബ് സൗകര്യം ഇന്ന് പബ്ലിക് ഹെൽത്ത് ലാബ് സെന്ററിലുണ്ട്. ഇന്ത്യയിൽ അഞ്ച് ലാബുകളിൽ ഒന്ന് കേരളത്തിലാണ്. ഈ രോഗം പ്രത്യക്ഷപ്പെട്ട

സന്ദർഭത്തിൽതന്നെ ആരോഗ്യവകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജാഗ്രതപ്പെടുത്തി. ഈ രോഗം മലിനജലത്തിലൂടെ പകരാൻ സാധ്യതയുള്ളതുകൊണ്ട് ക്ലോറിനൈസേഷൻ ചെയ്യണം. വറ്റി ചെളിപൂണ്ട് കിടക്കുന്ന കുളങ്ങൾ വൃത്തിയാക്കാനാവശ്യമായ ജാഗ്രത പുലർത്തണം. വേൾഡ് മോർട്ടാലിറ്റി റേറ്റിൽ അഭിമാനകരമായ നേട്ടം കൈവരിക്കാൻ കേരളത്തിനാകുന്നുണ്ട്. ലോകത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിന്റെ മരണനിരക്ക് എന്നത് 97 മുതൽ 99 ശതമാനം വരെയാണ്. നമുക്കത് 30 ശതമാനത്തിന് താഴെയാണ്. അത് 24 ശതമാനത്തിലേക്ക് എത്തിക്കാൻ സാധിച്ചത് വളരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്നതുകൊണ്ടാണ്. ഇക്കാര്യത്തിൽ ജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ശ്രദ്ധിക്കണം. ഇത്തരം കാര്യങ്ങളല്ലേ ഗൗരവമായി ഈ സഭയിൽ ചർച്ച ചെയ്യേണ്ടത്. കേരളം ഭരിക്കുന്നത് ഇടതുപക്ഷമായതുകൊണ്ട് ജനങ്ങളെ ഭയത്തിലേക്ക് തള്ളിവിട്ട് കൂടുതൽ ആശങ്കാകുലരാക്കാനാണോ നിങ്ങൾ ശ്രമിക്കേണ്ടത്; അങ്ങനെ നിങ്ങൾ വ്യാജപ്രചാരവേല നടത്തുമ്പോഴാണ് ഞങ്ങൾക്ക് നിങ്ങളുടെ ഭരണകാലത്തെ കാര്യങ്ങൾ താരതമ്യം ചെയ്യേണ്ടിവരുന്നത്. നിങ്ങൾ നിർബന്ധിക്കുന്നതുകൊണ്ടാണ്.

അന്നത്തെ സ്ഥിതിയെന്താണ്? 2016 ഫെബ്രുവരി മാസത്തിൽ പതിമൂന്നാം കേരള നിയമസഭയിലെ എം.എൽ.എ. ആയിരുന്ന ശ്രീമതി കെ. എസ്. സലീഖയുടെ ഒരു ചോദ്യത്തിന് അന്നത്തെ ആരോഗ്യവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാർ കൊടുത്ത മറുപടി എന്റെ കൈയിലുണ്ട്. 'ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സർക്കാർ ആശുപത്രികളിൽ ചികിത്സ യഥാസമയം ലഭ്യമല്ലാത്തതുമൂലവും സർക്കാർ ആശുപത്രികളുടെ ചികിത്സാപിഴവുകൾമൂലവും മരണപ്പെട്ടതും അംഗവൈകല്യം സംഭവിച്ചതുമായ എത്രപേരാണുള്ളത്; വിശദാംശം ലഭ്യമാക്കാമോ? 16 പേർ. മരണപ്പെട്ടവർ 9-ഉം അംഗവൈകല്യം സംഭവിച്ചവർ 7-ഉം എന്നാണ് മറുപടി നൽകിയത്.' ചികിത്സാസൗകര്യം ലഭ്യമാകാത്തതിന്റെ പേരിൽ 2016 മുതൽ നാളിതുവരെ ഒരാളും കേരളത്തിൽ മരണപ്പെട്ടിട്ടില്ലായെന്ന് നിങ്ങൾ ഓർക്കണം. നിങ്ങൾ ഇത്തരത്തിലുള്ള പ്രചാരവേലയുമായി രംഗത്ത് വരുമ്പോൾ ഇതൊക്കെ താരതമ്യം ചെയ്യേണ്ടതല്ലേ; അക്കാലയളവിൽ വിവിധ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും പൂർണ്ണ ഗർഭിണിയായിരിക്കെയും എത്രപേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ; 950 പേരാണ്. നിങ്ങളുടെ കാലത്തെ

ആരോഗ്യരംഗത്തെ സ്ഥിതി ഇതായിരുന്നുവെന്നുള്ളത് മറന്നുകൊണ്ടാണ് ഇപ്പോൾ നിങ്ങൾ ഈ പ്രചാരവേലയ്ക്ക് തുനിയുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത്, ഇടതുകാൽ ഒടിഞ്ഞ് ആലപ്പുഴ മെഡിക്കൽ കോളേജിൽ എത്തിയ ഒരു ചെറിയ കുഞ്ഞിന്റെ വലതുകാലിൽ പ്ലാസ്റ്റർ ചെയ്ത സംഭവം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുപോലെ നവജാതശിശുവിന്റെ തുടയിൽ സൂചി ഒടിഞ്ഞ് കയറിയ സംഭവം അങ്ങയുടെ ഓർമ്മയിലുണ്ടോ?

ശ്രീ. ഡി. കെ. മുരളി: സർ, അതാണ് ഞാൻ സൂചിപ്പിച്ചത്. ആ കാലത്ത് നടന്നിട്ടുള്ള അനാരോഗ്യകരവും നിർഭാഗ്യകരവുമായ ഒട്ടേറെ വിഷയങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഞാൻ അക്കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഡോ. ഹാരീസ് ചിറയ്ക്കലിനെ മഹാനായി ചിത്രീകരിച്ചു. അദ്ദേഹം എന്തോ വലിയ സഹായം ചെയ്യുന്ന രൂപത്തിലൊക്കെ പറയുന്നുണ്ട്. ഡോ. ഹാരിസ് ചിറയ്ക്കൽ ഉന്നയിച്ച ചില വിഷയങ്ങളിൽ അതിന്റെ വസ്തുതകൾ പരിശോധിക്കാനുള്ള ആർജവം കാണിച്ച ഒരു ഗവൺമെന്റാണിത്. അദ്ദേഹം ചൂണ്ടിക്കാണിച്ച ചില വീഴ്ചകൾ, ബ്യൂറോക്രസിയുടെ ഭാഗത്തുനിന്നുമുണ്ടായത് തിരുത്താൻവേണ്ടി

തീരുമാനമെടുത്ത ഗവൺമെന്റാണിത്. എന്നാൽ നിയമവ്യവസ്ഥയിൽ ഒരു സർക്കാർ ഉദ്യോഗസ്ഥൻ കാണിക്കേണ്ട മര്യാദകളുണ്ട്. അത് ലംഘിച്ചാൽ സ്വാഭാവികമായും നിയമപരമായി ചോദ്യം ചെയ്യേണ്ടതല്ലേ; അത് പാടില്ലേ; അത് അദ്ദേഹം ഉൾക്കൊണ്ടതുകൊണ്ടാണ് അങ്ങനെ ചെയ്തത്. ഡോ. ഹാരിസ് ചിറയ്ക്കൽ ഇപ്പോഴും ഗവൺമെന്റിനും ആരോഗ്യവകുപ്പ് മന്ത്രിക്കും ഒപ്പമാണെന്ന് മറക്കണ്ട. അങ്ങനെ ചില ഒറ്റപ്പെട്ട സംഭവങ്ങളെ പർവതീകരിച്ചുകൊണ്ട് ഇന്നലെ ചെയ്തതുപോലെതന്നെ നിങ്ങൾ ഇന്നും ഈ ഗവൺമെന്റ് കേരളത്തിൽ വരുത്തിയിട്ടുള്ള നേട്ടങ്ങളെ അവഗണിക്കാൻ ശ്രമിക്കുകയാണ്. ഇത്രയധികം അടിസ്ഥാന സൗകര്യ വികസനങ്ങളുണ്ടായിട്ടുള്ള ഒരു കാലം കേരളത്തിലുണ്ടായിട്ടുണ്ടോ; നിങ്ങളുടെ ഭരണകാലത്ത് എന്താണ് സംഭവിച്ചത്? വേറെ ഒന്നും പറയേണ്ടതില്ല. ഇടുക്കി മെഡിക്കൽ കോളേജിന്റെ കാര്യം പരിശോധിച്ചാൽ മതി. 2014-ൽ ഇടുക്കി മെഡിക്കൽ കോളേജ് ആരംഭിച്ചപ്പോൾ അവിടെ കുട്ടികൾക്ക് അഡ്മിഷൻ നൽകിയെങ്കിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കാതെ അവസാനം അത് അടച്ചുപൂട്ടേണ്ടിവന്നില്ലേ; ആ കുട്ടികൾ പെരുവഴിയിലായില്ലേ; തുടർന്ന് 2023-ൽ അംഗീകാരം ലഭിച്ചാണ്

ഇടുക്കി മെഡിക്കൽ കോളേജ് പ്രവർത്തനമാരംഭിച്ച് മുന്നോട്ടുപോകുന്നത്. ഈ താരതമ്യം നിങ്ങൾക്ക് ഇഷ്ടമല്ലെങ്കിലും കേരളത്തിലെ ജനങ്ങൾക്കറിയാം. എല്ലാ ആശുപത്രികളിലും ബോർഡുകൾ മാറ്റിവയ്ക്കുന്നതിനപ്പുറം എന്തെങ്കിലും സൗകര്യമുണ്ടാക്കിയിട്ടുണ്ടോ; ആധുനികകാലത്ത് ആധുനിക ജീവിതരീതിയാണ്. ധാരാളം രോഗങ്ങൾ പ്രത്യക്ഷപ്പെടുകയാണ്. പഴയകാലത്തിൽനിന്നും വ്യത്യസ്തമായി രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായി ശാസ്ത്രപുരോഗതി കൈവരിക്കാനായിട്ടുണ്ട്. നമ്മൾ എടുക്കുന്ന സമീപനമെന്താണ്; നിപയും മസ്തിഷ്ക ജ്വരവും കോവിഡും പോലുള്ള ഏത് രോഗം വന്നാലും അതിനെ പ്രതിരോധിക്കുന്നതിന്/വരാതിരിക്കുന്നതിന് മുൻകരുതലുകളാണ് സ്വീകരിക്കുന്നത്. അതിൽ ഏറ്റവും മികച്ച് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അങ്ങനെ മുന്നോട്ടുപോകുന്നതുകൊണ്ടാണ് അംഗീകാരങ്ങൾ കിട്ടുന്നത്. ആ അംഗീകാരങ്ങളിൽ അഭിമാനിക്കേണ്ട ബാധ്യത നമുക്കെല്ലാവർക്കുമുണ്ട്. അതിൽ കേരളത്തെ അപമാനിക്കുന്നതിനുവേണ്ടി നിങ്ങൾ ഇത്തരത്തിൽ വ്യാജമായി പ്രചരിപ്പിച്ച് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ ശ്രമിക്കുകയാണ്. അത് കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുമെന്ന് നിങ്ങൾ തെറ്റിദ്ധരിക്കേണ്ടതില്ല.

നിങ്ങൾ ഈ കാണിക്കുന്നതിനൊക്കെ ഓരോ സന്ദർഭത്തിലും കേരളത്തിലെ ജനങ്ങൾ ശിക്ഷിച്ചിട്ടുണ്ട്. ശ്രീ. പി. ബാലചന്ദ്രൻ സൂചിപ്പിച്ചതുപോലെ, വരാനിരിക്കുന്ന നാളുകളിലും ആ ശിക്ഷ നിങ്ങൾക്ക് അനുഭവിക്കേണ്ടിവരും ബഹുമാന്യനായ പ്രതിപക്ഷനേതാവിനോട് എനിക്ക് ഒരു കാര്യം വിനയപൂർവം സൂചിപ്പിക്കാനുണ്ട്. അങ്ങയുടെ ചാട്ടുളിപോലെ മൂർച്ചയുള്ള വാക്കുകൾ ഈ ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളെയും വിമർശിക്കാൻ മാത്രം പോര, അങ്ങേയ്ക്ക് എതിരെവരുന്ന പടയൊരുക്കംകൂടി ശ്രദ്ധിച്ചുകൊണ്ട് അവിടേയ്ക്കും ഈ വിമർശനം പായിച്ചാൽ അങ്ങയുടെ രാഷ്ട്രീയഭാവി കുറേക്കൂടി ശോഭനമാകുമെന്ന് അങ്ങയോട് ആദരവുള്ളതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. എച്ച്. സലാം: സർ, പ്രതിപക്ഷം അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്. ആർക്കുവേണ്ടിയാണ് പ്രതിപക്ഷാംഗങ്ങൾ ആരോഗ്യമേഖലയ്ക്കെതിരെ വാളെടുക്കുന്നതെന്ന കാര്യം നന്നായി ചിന്തിക്കണമെന്ന് വളരെ വിനയത്തോടെ അഭ്യർഥിക്കുകയാണ്. കേരളത്തിലെ പാവങ്ങളായ ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകാൻ പ്രൈമറിതലം മുതൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം വരെയുള്ള

വിപുലമായ സന്നാഹം ഒരുക്കിയിരിക്കുന്നുവെന്നതാണ് കേരളത്തിലെ ആരോഗ്യമേഖലയുടെ ഇന്നത്തെ സ്ഥിതി. കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലുമുള്ള കോർപ്പറേറ്റുകളുടെ ആരോഗ്യസംവിധാനം പരിശോധിച്ചാൽ ഇക്കാര്യം കൃത്യമായി മനസ്സിലാകും. ഡൽഹിയിൽ 93-ഉം മഹാരാഷ്ട്രയിൽ 85-ഉം വിദേശ കോർപ്പറേറ്റ് ആശുപത്രികളുള്ളപ്പോൾ കേരളത്തിൽ അത്തരം ആശുപത്രികളുടെ എണ്ണം നാലാണ്. കേരളത്തിലെ ഏറ്റവും മികച്ച നിലയിലുള്ള ആരോഗ്യസംവിധാനത്തെ കീഴ്പെടുത്താൻ ഇവർക്ക് കഴിയാത്ത രീതിയിൽ ശക്തമായി നിലകൊള്ളുന്നുവെന്നതാണ്. ആർക്കുവേണ്ടിയാണ് ഈ ക്വട്ടേഷൻ പണിക്ക് ഇറങ്ങിയതെന്ന കാര്യം പ്രതിപക്ഷം വ്യക്തമാക്കണം.

കേരളത്തിൽ വിദേശ കോർപ്പറേറ്റ് ഇല്ലെങ്കിലും ഇവിടത്തെ സ്വകാര്യ ആശുപത്രികളുടെ ചികിത്സാ ഫീസിന്റെ നിരക്ക് ഗൗരവമായി കണക്കിലെടുക്കണം. എന്റെ നിയോജകമണ്ഡലത്തിൽ എലിപ്പനി ബാധിച്ച ഒരാൾ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ 28 ദിവസം ചികിത്സ തേടിയെങ്കിലും മരണപ്പെടുകയുണ്ടായി. മൃതശരീരം വിട്ടുകിട്ടാൻ സഹായിക്കണമെന്നാവശ്യപ്പെട്ട ബന്ധുക്കളോട് എത്രയാണ് ബില്ലെന്ന്

ഞാൻ ചോദിച്ചപ്പോൾ നാലുലക്ഷം രൂപ അടയ്ക്കാനുണ്ടെന്നും 15 ലക്ഷം രൂപ അടച്ചുവെന്നും പറഞ്ഞു. ഇപ്രകാരം എലിപ്പനിക്ക് 19 ലക്ഷം രൂപ ഫീസ് വാങ്ങിയ സ്വകാര്യ ആശുപത്രിപോലും എറണാകുളത്തുണ്ട്. കേരളത്തിലെ DHS-ന്റെ ഭാഗമായ DME-ക്ക് കീഴിലുമുള്ള ആരോഗ്യ സംവിധാനത്തിന് നൽകിയ ചികിത്സ ബഹുമാന്യനായ പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഒൻപത് വർഷത്തെ കണക്കെടുക്കുമ്പോൾ 11 കോടി 29 ലക്ഷം ആളുകൾക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴിയും DHS-ന്റെ ഭാഗമായും ജില്ലാ ആശുപത്രികളിലുൾപ്പെടെ ചികിത്സ നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ 9 വർഷം കൊണ്ട് 53 ലക്ഷത്തിലധികം പേർക്ക് ചികിത്സ നൽകിയിരിക്കുന്നു.

എന്റെ നിയോജകമണ്ഡലത്തിലെ ആലപ്പുഴ മെഡിക്കൽ കോളേജിലെ സാങ്ഷൻഡ് ബെഡ് 1051 എണ്ണവും ഫങ്ഷൻ ചെയ്യുന്ന ബെഡ് 1500 എണ്ണവുമാണ്. അവിടെ ഒരു ദിവസം ഒ.പി.-യിൽ 3000 പേരും ആലപ്പുഴ ജനറൽ ആശുപത്രിയിൽ ഒ.പി.-യിൽ 2000 പേരുമാണ് ചികിത്സ തേടിയെത്തുന്നത്. ഇത് കേരളത്തിലാകെയുള്ള ചിത്രമാണ്. കേരളത്തിലെ സർക്കാർ ആരോഗ്യ സംവിധാനങ്ങളെ ആശ്രയിക്കാൻ ഈ സമൂഹത്തിലെ

സാധാരണക്കാരും അതിനെക്കാൾ അല്പം മുകളിലുമുള്ള ഒരു വിഭാഗംകൂടി ഇന്ന് കടന്നുവരുന്നുവെന്നത് വളരെ പ്രതീക്ഷാപരമായി പറയാൻ കഴിയുന്ന പ്രധാനപ്പെട്ട കാര്യമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഈ കണക്ക് നിങ്ങൾക്ക് ദഹിക്കില്ല. കാരണം 1500 കോടിയോളം രൂപ ഇന്ന് കേരളത്തിലെ ഗവൺമെന്റ് സെക്ടറിൽ സാധാരണക്കാർക്ക് സൗജന്യ ചികിത്സക്കുവേണ്ടി ചെലവഴിക്കപ്പെട്ടുമ്പോൾ യു.ഡി.എഫ്-ന്റെ കാലത്ത് 114 കോടി രൂപയാണ് ചെലവഴിച്ചത്. ഇവിടെ വലിയ കുടിശ്ശികയുടെ കണക്കൊക്കെ ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. നജീബ് കാന്തപുരവും പറയുന്നത് കേട്ടു. ബഹുമാന്യനായ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി കാലാവധി ഒഴിഞ്ഞുപോകുമ്പോൾ കേരളത്തിലെ സൗജന്യചികിത്സക്കുവേണ്ടി ചെലവാക്കിയത് 114 കോടി രൂപയാണ്. എന്നാൽ ശ്രീമതി വീണാ ജോർജ് മന്ത്രിയായിരിക്കുമ്പോൾ കേരളത്തിൽ സൗജന്യ ചികിത്സയ്ക്കായി ചെലവഴിക്കുന്നത് 1498 കോടി രൂപയാണ്. അന്ന് 30,000 രൂപയാണ് ഒരു കുടുംബത്തിന് നൽകുന്നതെങ്കിൽ ഇന്ന് 5 ലക്ഷം രൂപയാണ് ഒരു കുടുംബത്തിനുവേണ്ടി ചെലവഴിക്കപ്പെടുന്നത്. തള്ള്... തള്ള്... തള്ള്... തള്ള്... തല്ലിപ്പൊളിവണ്ടി എന്നൊരു പാട്ട് പഴയ

സിനിമയിലുണ്ട്. അതിൽ പറഞ്ഞതുപോലെ, നിങ്ങളെല്ലാവരും കൂടി തള്ളിയാലും നീങ്ങാത്തതുപോലെ അഴിമതിയുടെ കേദാരമായിരുന്നില്ലേ യു.ഡി.എഫ്. ഭരണകാലത്തെ ആരോഗ്യ വകുപ്പ്. ശ്രീ. വി. എസ്. ശിവകുമാർ മന്ത്രിയായിരിക്കുന്ന സമയത്ത് കേരളത്തിന്റെ സ്ഥിതിയെന്തായിരുന്നു? മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ തീവെട്ടിക്കൊള്ളയല്ലേ നടന്നത്. അതിന്റെ ഭാഗമായി നിങ്ങൾ കേസിൽപ്പെട്ടില്ലേ? ശ്രീമതി വീണാ ജോർജ് ഏതെങ്കിലും ഒരു പരാതിയുടെ ഭാഗമായി കേരളത്തിലെ കോടതി വരാന്ത കയറിയിറങ്ങിയിട്ടുണ്ടെങ്കിൽ നിങ്ങൾ പറയൂ... നിങ്ങളെത്ര പേർ ഈ കോടതി വരാന്ത കയറിയിറങ്ങിയിട്ടുണ്ട്.

പി.പി.ഇ. കിറ്റ് വാങ്ങിയതിൽ അഴിമതിയുണ്ടായിരിക്കുന്നുവെന്നും കോവിഡ് ബാധിതരുടെ മരണനിരക്ക് കൂടിയിരിക്കുന്നുവെന്നും ശ്രീ. പി. സി. വിഷ്ണുനാഥ് പറയുന്നതുകേട്ടു. ശ്രീ. പി. സി. വിഷ്ണുനാഥ്, നിങ്ങൾ കാര്യങ്ങളൊക്കെ പഠിക്കുന്ന ഒരാളാണ്. DM (Disaster Management) ആക്റ്റ്, 2005-ലെ പ്രധാനപ്പെട്ട ഭാഗം സി.&എ.ജി.-യെക്കൂടി ക്വാട്ട് ചെയ്തുകൊണ്ട് പറയുകയാണ്. സി.&എ.ജി. DM ആക്റ്റ് നോക്കണ്ടേ? കോവിഡ് പോലുള്ള മഹാമാരി പടർന്നുപിടിക്കുന്ന കാലത്ത് കേരളം

അതിനെ അതിജീവിച്ചത് എങ്ങനെയാണ്? ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ കാര്യം കേട്ടിരുന്നെങ്കിൽ ഈ കേരളം ആരോഗ്യരംഗത്ത് തോറ്റ് ജഡമൊഴുകുന്ന നാടായി മാറുമായിരുന്നില്ലേ? ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത് അമേരിക്കയെ കണ്ടുപഠിക്കണമെന്നും ശ്രീ. നരേന്ദ്ര മോദി പറഞ്ഞത് പാട്ട കൊട്ടിയാൽ കോവിഡ് പോകുമെന്നുമൊക്കെയാണ്. എന്നാൽ, ഈ സർക്കാർ മെഡിക്കൽ കപ്പാസിറ്റിയെ സ്റ്റേബിളായി നിർത്തിക്കൊണ്ടാണ് കോവിഡിനെ അതിജീവിച്ചത്. ഇത് യാഥാർത്ഥ്യമല്ലേ? അതിന് മെഡിക്കൽ എക്യുപ്മെന്റ്സിന്റെ ലഭ്യത പ്രധാനമാണ്. DM ആക്റ്റ്, 2005-ന്റെ 50-ാമത്തെ സെക്ഷൻ പരിശോധിച്ചാൽ ഇപ്പോൾ ഇവിടെ പറഞ്ഞതുപോലെ പറയാൻ കഴിയില്ല. ഒരോ വൗച്ചറും സാധുവായ രേഖയായി പരിഗണിക്കണമെന്നാണ് DM ആക്റ്റിലെ എമർജൻസി പ്രൊക്യൂർമെന്റുമായി ബന്ധപ്പെട്ട് ഭാഗത്ത് പറയുന്നത്. സി&എ.ജി.ക്ക് ഇത്തിരി രാഷ്ട്രീയം തലയ്ക്ക് പിടിച്ചതിനാലാണ് അങ്ങനെയെല്ലാം വ്യാഖ്യാനിക്കാൻ കഴിയുന്നത്. മെഡിക്കൽ കപ്പാസിറ്റിയും മെഡിക്കൽ എക്യുപ്മെന്റ്സിന്റെ

അവയബിലിറ്റിയും ഉയർത്തികൊണ്ടാണ് ഈ കേരളം കോവിഡിനെ തോൽപ്പിച്ചതെന്നത് യാഥാർഥ്യമാണ്.

കോവിഡ് മരണനിരക്കിനെക്കുറിച്ച് പ്രിയപ്പെട്ട പി. സി. വിഷ്ണുനാഥ് പറയുകയുണ്ടായി. ഇന്ത്യയിൽ കോവിഡ് മരണത്തെക്കുറിച്ചുള്ള സിവിൽ രജിസ്ട്രേഷൻ സിസ്റ്റം റിപ്പോർട്ട് മേയ് മാസം പുറത്തുവന്നു. ശ്രീ. പി. സി. വിഷ്ണുനാഥും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഇക്കാര്യം സഭയിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ ഇന്ത്യയിലാകെയുള്ള റിപ്പോർട്ട് പുറത്തുവന്നിരിക്കുകയാണ്. ഒരു മരണമുണ്ടായാൽ ആ മരണം കൃത്യമായി രേഖപ്പെടുത്തുന്ന നാടായതിനാൽ കേരളത്തിൽ ഒന്നും മറച്ചുവച്ചിട്ടില്ല. കേരളത്തിൽ ഓക്സിജൻ കിട്ടാതെ ആരും മരിച്ചിട്ടില്ല; ജഡം ഒഴുകി നടന്നിട്ടില്ല; കൂട്ടിയിട്ട് കത്തിച്ചിട്ടില്ല; പകരം മരണപ്പെട്ട മനുഷ്യരെ മാന്യമായി സംസ്കരിച്ച നാടാണ് ഈ കേരളം. ഞാൻ ദീർഘമായി പറഞ്ഞുപോകുന്നില്ല. പിന്നെ ശ്രീ. രാജീവ് സദാനന്ദൻ (IAS)-നെ കുട്ടുപിടിച്ചു. ഐ.എ.എസ്. ഓഫീസറാണെങ്കിലും കേരളത്തിലെ ഒരു മെഡിക്കൽ കോളേജ് പൂട്ടിച്ച മനുഷ്യനെ യു.ഡി.എഫ്.-ന്റെ ഭാഗത്തുള്ള എല്ലാവരും കൂട്ടുപിടിക്കുകയാണ്. ഒരാളുടെ തലയ്ക്ക് അല്പം തിരിവുണ്ടായാൽ ആ

തിരിവുള്ള കാര്യം ചേർത്തുപിടിക്കാൻ നിങ്ങൾ നിൽക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കേരളത്തിലെ ഓരോ മെഡിക്കൽ കോളേജുമായും ബന്ധപ്പെട്ട കാര്യം ഇവിടെ പറഞ്ഞു. കേരളത്തിൽ ഇന്ന് കാണുന്ന വികസനപ്രവർത്തനത്തിന്റെ മേന്മയെ നിങ്ങൾക്കാർക്കെങ്കിലും തള്ളിപ്പറയാൻ കഴിയുമോ? കേരളത്തിലെ മെഡിക്കൽ സീറ്റും ബി.എസ്.സി. നഴ്സിങ് സീറ്റും വർധിപ്പിക്കുകയും 21 നഴ്സിങ് കോളേജ് പുതുതായി ആരംഭിക്കുകയും മെഡിക്കൽ വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്ത ഗവൺമെന്റാണ് ഇത്. അവയവം മാറ്റിവയ്ക്കാനുള്ള ഭീമമായ സംഖ്യ കണ്ടെത്താൻ കഴിയാതെ ജീവൻ നഷ്ടപ്പെട്ടുപോകുമെന്ന അവസ്ഥയിലുള്ള പാവപ്പെട്ടവരിൽനിന്നും തുകയൊന്നും വാങ്ങാതെ കേരളത്തിലെ സർക്കാർ ആശുപത്രികളിൽ അവയവം മാറ്റിവയ്ക്കാനാവശ്യമായ നിലപാട് സ്വീകരിച്ച ഗവൺമെന്റാണ് ഇത്. 2022-ൽ ആദ്യമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കേരളത്തിലെ ഗവൺമെന്റ് മേഖലയിൽ ആരംഭിക്കുകയും ഇതുവരെ 10 കരൾ മാറ്റ ശസ്ത്രക്രിയ നടത്തുകയും ചെയ്തു. കേരളത്തിലെ ഗവൺമെന്റ് കോളേജുകളിൽ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചതിന്റെ ഭാഗമായി ആലപ്പുഴ മെഡിക്കൽ

കോളേജിൽ 29 കിഡ്നി മാറ്റിവയ്ക്കപ്പെട്ടു. കേരളത്തിലെ സമസ്തമേഖലയെയും പ്രത്യേകിച്ച് ആരോഗ്യമേഖലയെ മെച്ചപ്പെടുത്തി മുന്നോട്ടുപോകുന്നതിന്റെ ഭാഗമായാണ് ഇന്ന് കാണുന്ന നിലയിലേയക്ക് കേരളം കടന്നത്. നിശ്ചയമായും നിങ്ങൾക്കത് സഹിക്കാനാവാത്തതിനാലാണ് ഇങ്ങനെയൊരു ഉപക്ഷേപം കൊണ്ടുവന്നതെന്നുമാത്രം ചൂണ്ടിക്കാണിച്ചുകൊണ്ടും ഈ ഉപക്ഷേപത്തെ തള്ളിക്കളയണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരം പല സ്ഥലത്തും റിപ്പോർട്ട് ചെയ്യപ്പെടുകയും അതിനെത്തുടർന്ന് മരണങ്ങളുണ്ടാകുന്നതിനാൽ ഈ വിവരം സഭയിൽ ചർച്ചചെയ്ത് പൊതുജനങ്ങളുടെ ആശങ്ക പരിഹരിക്കണമെന്ന സദുദ്ദേശത്തോടുകൂടിയാണ് ഇവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകുന്നത്. ഇവിടെ സംസാരിച്ച ഭരണകക്ഷി അംഗങ്ങൾ ഞങ്ങൾ ആരുടെയോ ക്വട്ടേഷൻ എടുത്തശേഷമാണ് ഈ വിഷയം ഇവിടെ ചർച്ച ചെയ്യുന്നതെന്ന് പറഞ്ഞു. കേരളത്തിൽ ബാധിച്ചിട്ടുള്ള പകർച്ചവ്യാധികൾ, രോഗങ്ങൾ എന്നിവയെല്ലാം ചർച്ച ചെയ്ത പാരമ്പര്യമുള്ള ഒരു സഭയാണിത്. അമീബിക് മസ്തിഷ്ക ജ്വരത്തെക്കുറിച്ചുള്ള ആളുകളുടെ

അറിവില്ലായ്മ, അജ്ഞത, ഗവൺമെന്റിന്റെ കെടുകാര്യസ്ഥതകൾ, ഇതിനൊരു പരിഹാരമുണ്ടാക്കാൻ ഒരു വിഷയം കൊണ്ടുവരുമ്പോൾ ആരുടെ ക്വട്ടേഷനാണ്; അമീബയുടെ ക്വട്ടേഷനാണോ; അമീബയുടെ ക്വട്ടേഷനാണോ ഞങ്ങൾ എടുത്തിരിക്കുന്നത്; എന്താണീ പറയുന്നത്? രാഷ്ട്രീയം പറയുന്നതിന് ഒരു പരിധിയും മര്യാദയും വേണ്ടേ? ലോകത്താദ്യമായി 1965-ൽ അമീബിക് മസ്തിഷ്ക ജ്വരം കണ്ടെത്തിയതുമുതൽ നാളിതുവരെ 500-ൽപ്പരം കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് കണ്ടുപിടിച്ച ഓസ്ട്രേലിയയിൽ 20 പേരിൽ താഴെയും അമേരിക്കയിൽ 150-ൽപ്പരം കേസുകളുമാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ചെറിയ സംസ്ഥാനമായ കേരളത്തിൽ ഇതുവരെ 120-ലധികം അമീബിക് മസ്തിഷ്ക ജ്വരംമൂലമുള്ള കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വർഷം മാത്രം 68 അമീബിക് മസ്തിഷ്ക ജ്വരം കേസുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കഴിഞ്ഞ പതിനഞ്ച് ദിവസത്തിനുള്ളിൽ ഈ രോഗം ബാധിച്ച് എട്ട് പേർ മരിച്ചുവെന്നത് നിങ്ങൾ മനസ്സിലാക്കുന്നില്ല. 2025-ൽ 69 രോഗികളുള്ളതിൽ 19 മരണവും സംഭവിച്ചിരിക്കുകയാണ്. 2023-ൽ 8 കേസുകളും 2024-ൽ 80 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ രോഗം എങ്ങനെയാണ് വരുന്നത്;

ഈ രോഗത്തിന്റെ കാരണമെന്താണ്; ഈ രോഗത്തിന്റെ ലക്ഷണമെന്താണ്; എന്തുകൊണ്ടാണ് ഈ രോഗം പിടിപെടുന്നത്; ഈ രോഗത്തിനെതിരെ എന്ത് കരുതൽ നടപടിയാണ് സ്വീകരിക്കേണ്ടത്; ഈ രോഗത്തിന്റെ ചികിത്സാ പ്രോട്ടോക്കോൾ എന്താണ്; ഈ കാര്യങ്ങൾക്കെല്ലാം ആരോഗ്യ വകുപ്പ്, ഞാൻ ആ വാക്ക് അടിവരയിട്ട് പറയുകയാണ് 'ഇരുട്ടിൽ തപ്പുകയാണ് . ഈ രോഗത്തിനെതിരെ ഒരു ചികിത്സാ പ്രോട്ടോക്കോളോ നിർദ്ദേശമോ ആരോഗ്യ വകുപ്പ് നൽകിയിട്ടില്ല. ഇത് പകർച്ചവ്യാധിയാണ് ഞാൻ പറയുന്നില്ല. പക്ഷെ ഇതൊരു രോഗമാണ്. ഇങ്ങനെയൊരു രോഗം വരുമ്പോൾ രോഗത്തെ സംബന്ധിച്ച് ഒരു അവയർനെസ് നൽകുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. ആ അവയർനെസിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടത് എന്നൊരു നിർദ്ദേശം താഴെതട്ടിലേയ്ക്ക് നൽകിയിട്ടുണ്ടോ; നാല് മാസം പ്രായമായ കുട്ടിക്കുപോലും ഈ രോഗം ബാധിച്ചിരിക്കുകയാണ്. ഇത് കുളത്തിലോ ചെളിയിലെ വെള്ളത്തിലോ നീന്തൽ കുളത്തിലോ മുങ്ങിക്കുളിച്ചിട്ട് സംഭവിക്കുന്നതാണെന്ന രീതിയിലുള്ള പ്രചാരണങ്ങൾ പുറത്തുവരികയാണ്. നാലുമാസം പ്രായമായ കുട്ടി ഏത് നീന്തൽ കുളത്തിലാണ് മുങ്ങിക്കുളിച്ചത്; അങ്ങനെ അല്ലാതെയും ഈ രോഗം

പടരുന്നുണ്ട്. കിണറ്റിലെ വെള്ളം ഉപയോഗിച്ചവർക്ക് ഉൾപ്പെടെ പല രീതിയിലും ഈ രോഗം വരുന്നുണ്ട്. ഒരാൾക്ക് മരണം സംഭവിക്കുന്ന കാര്യമാണ്. അത് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. State Government, suppose if they are not competent to find out the details. ഇത്തരത്തിലുള്ള രോഗങ്ങൾക്ക് നിങ്ങൾ എക്സ്പേർട്ട് ഏജൻസികളുടെയോ കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിയുടെയോ സഹായം ആവശ്യപ്പെടേണ്ടതായിരുന്നു. ഈ രോഗത്തിന്റെ ലക്ഷണം എന്തൊക്കെയാണെന്നോ; എന്താണ് ഈ രോഗത്തിനുള്ള പ്രിവന്റീവ് ആക്ഷനെന്നോ എങ്ങനെയാണ് ഈ രോഗത്തെ ശ്രദ്ധിക്കേണ്ടതെന്നോ കണ്ടുപിടിക്കാൻ സാധിക്കുന്നില്ലെങ്കിൽ അതിനായി എക്സ്പേർട്ട് ഏജൻസികളെ സമീപിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ആവശ്യപ്പെടണം. അങ്ങനെയല്ലേ ഒരു സർക്കാർ ചെയ്യേണ്ടത്; ഈ സഭയിൽ ചർച്ച ചെയ്യേണ്ടതും ഇത്തരം കാര്യങ്ങളല്ലേ; ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാതെ അതിനുപകരം പത്തുവർഷം മുമ്പുള്ള കഥ ഇവിടെ പറയുകയാണ്. അങ്ങനെ പത്തുവർഷം മുമ്പുള്ള കഥ ഇന്നലെ മന്ത്രി ചോദ്യോത്തരവേളയിൽ തുടങ്ങിവച്ചതാണ്.

Out of pocket expenses-നെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. National Health Accounts-ന്റെ 2023-24-ലെ റിപ്പോർട്ട് ഇവിടെയുണ്ട്. ഇതിലെ ഡാറ്റ 2021-2022-ലേതാണ്. ഉത്തർപ്രദേശ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ out of pocket expenses ഉള്ള സംസ്ഥാനം കേരളമാണ്. ഇന്ത്യ മുഴുവൻ അത് declining ആണ്. ഏറ്റവും slow declining ഉള്ളത് കേരളത്തിലാണ്. 2021-2022 ഡാറ്റയനുസരിച്ച് 59.1 ശതമാനമായിരുന്ന out of pocket expenses ഇപ്പോൾ 70 ശതമാനത്തിന് അടുത്തത്തെയിരിക്കുകയാണ്. അതേ അവസരത്തിൽ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ 2016-2017-ൽ 62 ശതമാനമായിരുന്ന out of pocket expenses ഇപ്പോൾ 34 ശതമാനമായി കുറഞ്ഞു. ഉത്തർപ്രദേശ് ഒഴികെയുള്ള മുഴുവൻ സംസ്ഥാനങ്ങളിലും out of pocket expenses ഗണ്യമായി കുറഞ്ഞപ്പോൾ........., അത് കുറയാത്ത സ്ഥലമാണ് കേരളം. ഇനി ടേംസ് വച്ചാണെങ്കിൽ 2016-2017-ൽ 5419 രൂപയായിരുന്നു per capita out of pocket expenses എങ്കിൽ ഇപ്പോൾ അത് 7889 ആണ്. ഇതാണ് യഥാർത്ഥ സ്ഥിതി. എന്നിട്ട് ഇപ്പോൾ 10 കൊല്ലം മുമ്പുള്ള കണക്ക് ബഹുമാനപ്പെട്ട മന്ത്രി പറയുകയാണ്. പത്തോ, ഇരുപതോ കൊല്ലം മുമ്പുള്ള

കണക്ക് ഏത് കാര്യത്തിലും പറയാം. ആരോഗ്യ കേരളം എല്ലാവരുംകൂടി കെട്ടിപടുത്തതാണ്. അതിനുവേണ്ടി മിഷണറിമാരും സാമൂഹ്യസംഘടനകളും സഹായിച്ചിട്ടുണ്ട്. മാറിമാറി വന്ന ഗവൺമെന്റുകൾ എല്ലാ കാലത്തും അതിന് സംഭാവനകൾ നൽകിയിട്ടുണ്ട്. മറ്റുള്ള സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട ആരോഗ്യ സംവിധാനം, infant mortality കുറച്ചത് ഉൾപ്പെടെയുള്ള നിരവധി നേട്ടങ്ങളുണ്ട്. പക്ഷെ ഇതിലെല്ലാം നമ്മൾ ഒന്നാമതാണെന്ന് പറയുന്നുണ്ടെങ്കിലും കഴിഞ്ഞ കുറെ വർഷങ്ങളായി ഇത് stagnant ആണ്. ബാക്കിയുള്ള സ്ഥലങ്ങളിൽ ഉണ്ടാകുന്നതുപോലുള്ള മാറ്റം പല കാര്യങ്ങളിലും കേരളത്തിൽ ഉണ്ടാകുന്നില്ല. നമ്മൾ പത്തും ഇരുപതും ഇരുപത്തിയഞ്ച് വർഷം പുറകിലേയ്ക്ക് പോകുകയാണ്. ലോകത്തിലുള്ള എല്ലാ രോഗങ്ങളും ഇന്ന് കേരളത്തിലുമുണ്ട്. ഇക്കാര്യം നമ്മൾ മനസ്സിലാക്കണം. അതെല്ലാം ഞാൻ ഇവിടെ പറയുന്നില്ല. Leptospirosis, dengue fever, hepatitis-A, കോളറ, ടൈഫോയ്ഡ് എന്നിങ്ങനെയുള്ള മുഴുവൻ രോഗങ്ങളും ഇന്ന് നമ്മുടെ നാട്ടിലുണ്ട്. ഈ രോഗങ്ങൾക്കുള്ള കാരണമെന്താണെന്ന് നമ്മൾ അന്വേഷിക്കണ്ടേ; ഹെൽത്ത് ഡാറ്റ ശേഖരിക്കണ്ടേ; അത് പരിഹരിക്കാനുള്ള സംവിധാനം വേണ്ടേ;

ജീവിതശൈലീ രോഗങ്ങളും വളരെ കൂടുതലായി ഇന്ന് വർധിക്കുന്നുണ്ട്. എല്ലാ ജനപ്രതിനിധികളും മരണവീടുകളിൽ പോകുന്നവരാണ്. കോവിഡിനുശേഷം കേരളത്തിലെ മരണനിരക്ക് വർധിച്ചുവെന്ന് ഒരു വർഷം മുമ്പും ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. മരണ വീടുകളിൽ പോകുമ്പോൾ എന്തുകാരണം കൊണ്ടാണ് മരണം സംഭവിച്ചതെന്ന് നിങ്ങൾ അന്വേഷിക്കാറില്ലേ; യാതൊരു precedence ഇല്ലാതെ ഹൃദയസംബന്ധമായ അസുഖങ്ങൾ വന്ന് മരിക്കുന്നവരുടെ എണ്ണം കൂടിയിട്ടില്ലേ; ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പറയൂ; കുഴഞ്ഞ് വീണ് മരിക്കുന്നവരുടെ എണ്ണം കൂടിയിട്ടില്ലേ; സ്ട്രോക്ക് വരുന്നവരുടെ എണ്ണം കൂടിയിട്ടില്ലേ; ക്യാൻസർ രോഗികളുടെ എണ്ണം കൂടിയിട്ടില്ലേ; ഓക്സിജൻ, സോഡിയം എന്നിവയുടെ അളവുകൾ ആളുകൾക്ക് കുറയുന്നില്ലേ; ശ്വാസകോശ രോഗങ്ങൾ കൂടിയിട്ടില്ലേ; വളരെ അപകടകരമായ തരത്തിൽ കേരളത്തിലെ മരണനിരക്ക് വർധിക്കുകയാണ്. Post Covid Analysis-നെ സംബന്ധിച്ച് ഞാൻ കഴിഞ്ഞ വർഷം സഭയിൽ പറഞ്ഞപ്പോൾ ഇതിന് ഒരു ശാസ്ത്രീയമായ അടിത്തറയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഗവൺമെന്റിനാണ് ശാസ്ത്രീയമായ അടിത്തറ വേണ്ടത്. ഗവൺമെന്റിന്റെ

കൈവശം ഹെൽത്ത് ഡാറ്റയുണ്ട്. പതിനാല് ജില്ലകളിലെയും പഞ്ചായത്തുകൾ നിങ്ങൾ പരിശോധിക്കണം. കോവിഡിനുമുമ്പുള്ള മരണനിരക്കും കോവിഡിന് ശേഷമുള്ള മരണനിരക്കിനെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലോക്കൽ പഞ്ചായത്ത് മരണ രജിസ്റ്ററിൽ പരിശോധിച്ചുനോക്കിയാൽ മരണ കാരണമെന്ന് എന്താണെന്നും ഏത് വയസ്സിലുള്ളവരാണ് മരിക്കുന്നതെന്നും അറിയാൻ സാധിക്കും. അതിനാണ് ആരോഗ്യവകുപ്പുള്ളത്; നിങ്ങൾ ഇക്കാര്യങ്ങളൊന്നും ചെയ്യുന്നില്ല. ഇക്കാര്യങ്ങളൊക്കെ ചോദിച്ചാൽ നിങ്ങൾ ആകാശത്തിലേയ്ക്ക് നോക്കും. ഈ സംവിധാനങ്ങളെല്ലാം ചെയ്യേണ്ടത് ആരോഗ്യ വകുപ്പാണ്. വളരെ അപകടകരമായ രീതിയിലേയ്ക്ക് കേരളത്തിലെ ആരോഗ്യരംഗവും മനുഷ്യന്റെ ആരോഗ്യവും മാറുകയാണ്. ആളുകൾ പെട്ടെന്ന് മരിക്കുകയാണ്. ഇത്തരം രോഗങ്ങളുമായി ഒരുപാട് കാര്യങ്ങൾ ബന്ധപ്പെട്ടിട്ടുണ്ട്. അമീബിക് മസ്തിഷ്ക ജ്വരം രോഗം വന്നപ്പോൾ പത്തുവർഷം മുമ്പുള്ള കാര്യങ്ങളെ സംബന്ധിച്ച് പറയുന്നത് എന്തിനാണ്; അങ്ങനെ പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി അബദ്ധത്തിൽപ്പെട്ടില്ലേ; 2018-ലെ ഒരു വാർത്ത സ്ക്രാപ് ചെയ്ത് 2013 ലാണ് അമീബിക് മസ്തിഷ്ക ജ്വരത്തെക്കുറിച്ച് കേരളത്തിലെ ആരോഗ്യ വകുപ്പ് ഒരു

സ്റ്റഡി നടത്തി റിപ്പോർട്ട് ഗവൺമെന്റിന് നൽകിയിട്ടും അന്നത്തെ ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കേരളത്തിലെ അമീബിക് മസ്തിഷ്ക ജ്വരം ആദ്യമായി റിപ്പോർട്ട് ചെയ്യുന്നത് 2016-ലാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. 2013-ൽ ഉണ്ടായത് അതല്ല. 2013-ൽ ഉണ്ടായ രോഗത്തിന്റെ റിസൽറ്റ് ഇതാണ്. Most of the corneal ulcers responded well to treatment which was started early in their course due to early detection of the parasite by direct microscopy and confirmation...... കണ്ണിൽവരുന്ന ഒരുതരം അൾസറിനെ കുറിച്ചുള്ള സ്റ്റഡി റിപ്പോർട്ടാണ്. അതാണ് 2018-ലെ ജേർണലിൽ വന്നത്. 2013-ൽ അമീബിക് മസ്തിഷ്ക ജ്വരത്തെക്കുറിച്ച് ഇവിടെ റിപ്പോർട്ടുകൊടുത്തു, ഗവൺമെന്റ് നടപടി സ്വീകരിച്ചില്ല. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് 12 കൊല്ലം മുമ്പ് നടപടി സ്വീകരിക്കാത്തതുകൊണ്ടാണ് കേരളത്തിൽ ഇപ്പോൾ ഈ മസ്തിഷ്ക ജ്വരം വരുന്നതെന്ന് ഈ ആരോഗ്യ വകുപ്പുമന്ത്രിയല്ലാതെ ആരെങ്കിലും പറയുമോ; അതിനുമുമ്പ് റിപ്പോർട്ട് സമർപ്പിച്ചുവെന്നിരിക്കട്ടെ, ഒൻപതരക്കൊല്ലമായി ഈ സർക്കാർ അധികാരത്തിലിരിക്കുകയല്ലേ; 2021 മുതൽ മസ്തിഷ്ക ജ്വരം റിപ്പോർട്ട്

ചെയ്തുവരികയല്ലേ; മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തത് എന്നുമുതലാണെന്നുള്ള എല്ലാ ഡീറ്റെയിൽസും എന്റെ കൈവശമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. 'The Minister said that while the first case came to light in 2016 in Thirumala ward. Two cases each came to light in Malappuram in 2019 and 2020' എന്നാണ്. ഉമ്മൻ ചാണ്ടിയുടെ കാലത്താണ് ഇത് റിപ്പോർട്ട് ചെയ്തതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഉത്തരവാദിത്ത്വബോധത്തോടുകൂടി ഒരു മന്ത്രി സ്ഥാനത്തിരിക്കുമ്പോൾ എന്തിനാണ് 12 കൊല്ലം മുമ്പ് ഭരിച്ച ഗവൺമെന്റിന്റെ തലയിൽകൊണ്ട് അത് കെട്ടിവയ്ക്കാൻ ശ്രമിക്കുന്നത്; 2013-ലാണ് കേസ് റിപ്പോർട്ട് ചെയ്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. 2016-ലാണ് ആദ്യത്തെ കേസ് റിപ്പോർട്ട് ചെയ്യുന്നത്. എല്ലാ രേഖകളും എന്റെ കൈവശമുണ്ട്. സെൻട്രൽ ഗവൺമെന്റിന്റെ Media Scanning and Verification Cell-ന്റെ റിപ്പോർട്ടാണ്. പബ്ലിക്കേഷൻ ഡേറ്റാണ്. ശ്രീമതി വീണാ ജോർജ് പറഞ്ഞതിനെക്കുറിച്ചാണ് ഇതിലുള്ളത്. ആദ്യത്തെ കേസ് 2016-ലാണെന്ന് കേരളത്തിലെ ഹെൽത്ത് മിനിസ്റ്റർ പറഞ്ഞിരിക്കുകയാണ്. എന്നിട്ടാണ് ഫെയ്സ്ബുക്ക് പോസ്റ്റിട്ട് കഴിഞ്ഞ ഗവൺമെന്റിനെ

കുറ്റപ്പെടുത്താൻ ശ്രമിക്കുന്നത്. നമ്മുടെ നാട് ഗുരുതരമായൊരു പ്രശ്നം നേരിടുമ്പോൾ പ്രതിപക്ഷാംഗങ്ങൾ അതിന് സഹായിക്കില്ലേ; ഏതുകാര്യത്തിനാണ് ഞങ്ങളുടെ സപ്പോർട്ടില്ലാത്തത്; ഏതു നല്ലകാര്യത്തിനാണ് ഞങ്ങൾ സപ്പോർട്ട് ചെയ്യാത്തത്; ഇത്തരമൊരു രോഗത്തെ നേരിടുന്ന കാര്യത്തിൽ ഞങ്ങളാരെങ്കിലും എതിർക്കുമോ; ഗവൺമെന്റിന് എല്ലാ പിന്തുണയും ഞങ്ങൾ കൊടുക്കില്ലേ; പക്ഷെ നിങ്ങൾ എല്ലാം രാഷ്ട്രീയമാക്കി മാറ്റുകയാണ്. ഒരു മുൻകരുതലും ഇക്കാര്യത്തിൽ എടുത്തിട്ടില്ല. ഉറവിടം കണ്ടെത്തുന്നതിൽ പൂർണ്ണമായ പരാജയമാണ്. നിങ്ങൾ റിയാക്ടീവായാണ് പ്രതികരിക്കുന്നത്, പ്രൊ-ആക്ടീവായി നിങ്ങൾ ഒന്നും ചെയ്യുന്നില്ല. പബ്ലിക്കിനൊരു ഡയറക്ഷൻ നൽകിയിട്ടില്ല. നമ്മുടെ മരണനിരക്ക് വർധിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം ഗൗരവമായി നമ്മൾ പരിശോധിക്കണ്ടേ; അതിനുപകരം നിങ്ങൾ എന്തെല്ലാമാണ് പറയുന്നത്; പരസ്പര വിരുദ്ധമായ കാര്യങ്ങൾ പറയുകയാണ്. പത്തുകൊല്ലം മുമ്പുള്ള ഓരോ വകുപ്പുമെടുത്ത് നോക്കു, പത്ത് കൊല്ലം മുമ്പ് ഓരോ വകുപ്പിലെയും അലോക്കേഷൻ എന്നുപറയുന്നത് ഇപ്പോഴത്തെ അലോക്കേഷനുമായി താരതമ്യമുണ്ടോ; അച്യുതാനന്ദൻ ഗവൺമെന്റുമായി നിങ്ങൾ

താരതമ്യപ്പെടുത്തു, ഹെൽത്തിലെ അലോക്കേഷൻ എന്തായിരുന്നു; അതിനേക്കാൾ കൂടുതലായിരുന്ന ഉമ്മൻ ചാണ്ടി സർക്കാർ വന്നപ്പോഴുള്ള അലോക്കേഷൻ. അതിനേക്കാൾ കൂടുതലായിരുന്ന പിണറായി സർക്കാർ വന്നപ്പോഴുള്ള അലോക്കേഷൻ. എല്ലാകാലത്തും ഇങ്ങനെ ഉണ്ടായിട്ടുണ്ട്. മരുന്നിന് ഇത്രയും രൂപ ചെലവാക്കി. പത്തുകൊല്ലം മുമ്പ് മരുന്നിന് ഈ വിലയാണോ കൊടുത്തത്; അരിക്ക് ഈ വിലയാണോ കൊടുത്തത്; വെളിച്ചെണ്ണയ്ക്ക് ഈ വിലയാണോ കൊടുത്തത്; പത്തുകൊല്ലം മുമ്പ് വെളിച്ചെണ്ണയ്ക്ക് 60 രൂപ മാത്രമാണുണ്ടായിരുന്നത്. ഇപ്പോഴുള്ള വില 450 രൂപയാണ്. അരിക്ക് ഇത്രയും വില ഉണ്ടായിരുന്നില്ലല്ലോ; പഞ്ചസാരയ്ക്ക് ഇത്രയും വില ഉണ്ടായിരുന്നില്ലല്ലോ; ഇതാണ് കണക്ക്. എല്ലാം പഴയ ഗവൺമെന്റുമായി താരതമ്യപ്പെടുത്തിയിട്ട് കണക്കുപറയുകയാണ്. ബുദ്ധിപൂർവം ചില സ്ഥലത്ത് പെർസെന്റേജിൽ പറയും; ചില സ്ഥലത്ത് ആക്ച്വൽസ് പറയും. ആ ഒരു പ്രതിരോധമെന്നുപറയുന്നത് ദുർബലമായ പ്രതിരോധമാണ്. കേരളം നേരിടുന്ന ഗൗരവമായ..., ആരോഗ്യ കേരളം വെന്റിലേറ്ററിലാണെന്ന് ഞങ്ങൾ പറയാൻ കാരണമെന്താണ്? ഇതിനിടയിൽ ബഹുമാനപ്പെട്ട കോന്നി അംഗം എന്റെ സബ്മിഷൻ വായിച്ചു.

അതെന്താണെന്ന് അറിയണ്ടേ; അതുകൂടി പറഞ്ഞുതരാം. ഞങ്ങളൊക്കെ ഭരണകക്ഷിയിൽ ഇരിക്കുമ്പോൾ ഇതുപോലത്തെ സ്തുതിപാഠക സംഘമായിരുന്നില്ല. യു.ഡി.എഫ്. ഭരണകാലത്ത് ഒരു സിറ്റുവേഷൻ അഭിമുഖീകരിക്കേണ്ടി വന്നു. മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ഒരു ടെൻഡർ; എല്ലാ സപ്ലൈയേഴ്സുംകൂടി കാർട്ടൽ രൂപീകരിച്ച്, അതിൽ പങ്കെടുക്കണ്ടായെന്ന് തീരുമാനിച്ചു. കാരണം 2014-ൽ മരുന്നിന്റെ വില കൂട്ടാൻ വേണ്ടിയുള്ളൊരു പ്രഷർ ആ ഗവൺമെന്റിനുമേൽ ചെലുത്തിയിരുന്നു. അപ്പോൾ മരുന്നിന്റെ ഡിലെ വന്നു. അത് രണ്ടാമത് റീടെൻഡർ ചെയ്ത് അവരുടെ കൈയിൽനിന്നും വീണ്ടും സപ്ലൈയേഴ്സിന് സാധനം വാങ്ങിക്കാനുള്ള ഒരു ഡിലെ വന്നു. ആ ഡിലെ കൂട്ടതലാകരുതെന്നുള്ളത് ഉത്തരവാദിത്തപ്പെട്ട ഒരംഗം എന്ന നിലയിൽ ഞാൻ ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. നീതി മെഡിക്കൽ സ്റ്റോർ, കാരുണ്യ മെഡിക്കൽ സ്റ്റോർ അങ്ങനെ എല്ലായിടത്തുനിന്നും ലോക്കൽ പർചേസ് നടത്താമെന്ന് ഗവൺമെന്റ് ഓർഡർ കൊടുത്തിരുന്നു. ഒരു സ്ഥലത്തും മരുന്നിന്റെ ക്ഷാമം ഉണ്ടായില്ല. അന്നത്തെ ആരോഗ്യവകുപ്പുമന്ത്രിയായ ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ കൊടുത്ത മനോഹരമായ മറുപടിയുണ്ട്,

എനിക്കുതന്ന മറുപടിയുണ്ട്. എടുത്തിരിക്കുന്ന കൃത്യമായ ഓരോ സ്റ്റെപ്പിനെക്കുറിച്ചും. ഏതൊക്കെ സാധനങ്ങളാണ് ക്ഷാമമെന്നുപറഞ്ഞാൽ, ആ ക്ഷാമമുള്ള കാര്യങ്ങൾ ലോക്കൽ പർചേസ് നടത്താൻ പറഞ്ഞു. ഞാൻ പറഞ്ഞത് ലോക്കൽ പർചേസ് നടത്തിയാൽ നമ്മുടെ ആശുപത്രി വികസന ഫണ്ടിലെ പണം മുഴുവനും ഇല്ലാതാകും. അതിനാലാണ് ഇത് എത്രയും പെട്ടെന്ന് നടപടി സ്വീകരിച്ച് ടെൻഡർ പ്രൊസീജ്യർ മുന്നോട്ടുകൊണ്ടുപോയത്. ഇപ്പോൾ ആ ടെൻഷനില്ല. ആശുപത്രി വികസന ഫണ്ടിൽ അഞ്ച് പൈസയില്ല. കാരണം കാരുണ്യയുടെയൊന്നും പൈസ കൊടുത്തിട്ടില്ല. വികസന ഫണ്ടിൽ ഇപ്പോൾ ഒരു നയാ പൈസയില്ല. അതൊരു ഭരണക്രമത്തിലെ ഒരു നടപടിക്രമത്തിൽ ഡിലെ വരുത്താതിരിക്കാൻവേണ്ടി ഒരംഗം, ഞങ്ങൾക്ക് ഇതല്ലായിരുന്നു, ഇപ്പോൾ നിങ്ങൾ ചെയ്ത പണിയല്ല ഞങ്ങൾ ചെയ്തത്. ഞങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. നല്ല മറുപടിയും തന്നു. അദ്ദേഹം സമയബന്ധിതമായിട്ടുള്ളൊരു പ്രോജക്ട് പ്രഖ്യാപിച്ചു. സമയബന്ധിതമായിതന്നെ എല്ലാ സ്ഥലത്തും മെഡിക്കൽ സർവീസസ്

കോർപ്പറേഷന്റെ ടെൻഡർ വഴിതന്നെ മരുന്നെത്തിച്ചു. അങ്ങിത് ശ്രദ്ധയിൽപ്പെടുത്തിയതിന് ഞാൻ പ്രത്യേകമായിട്ടുള്ള നന്ദി പറയുകയാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഹോസ്പിറ്റലുകളിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് ഫണ്ടുകൾ കുറവാണെന്നും ഈ ഹോസ്പിറ്റൽ ഡെവലപ്മെന്റ് ഫണ്ടുകളിൽ വരുന്നതുകയെന്നുപറയുന്നത് അവിടെ വരുന്ന രോഗികൾ കൊടുക്കുന്ന തുകയായിരിക്കുമല്ലോ; അങ്ങനെയാണെങ്കിൽ രോഗികളുടെ എണ്ണം കുറയുമ്പോഴാണല്ലോ തുക കുറയുന്നത്?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞത് എന്താണെന്ന് അദ്ദേഹത്തിന് മനസ്സിലായില്ല. ഞാൻ പറയുന്നത്, ആ തുക ഇപ്പോൾ ഇല്ല. കാരണം, പൈസ ചെലവാക്കാനില്ല. കാരുണ്യ പദ്ധതിയടക്കം എത്ര കോടി രൂപയാണ് ആശുപത്രികൾക്ക് ഗവൺമെന്റ് കൊടുക്കാനുള്ളത്? സ്വകാര്യ ആശുപത്രികൾക്ക് സർക്കാർ ആശുപത്രികൾക്കും കൊടുക്കാനുള്ളത് കോടിക്കണക്കിന് രൂപയാണ്. ഏകദേശം 1800-നും 2000 കോടി രൂപ വരും. മെഡിക്കൽ സർവീസസ് കോർപ്പറേഷന് കൃത്യമായി പണം കൊടുക്കാത്തതുകൊണ്ടാണ് അവർ സപ്ലൈ ഡിലേ ചെയ്തത്. പല സ്ഥലത്തും മരുന്നിന്റെ ഡെഫിഷ്യൻസി വന്നു. ഞങ്ങൾ പറയണ്ടേ; ഞങ്ങൾ ഞങ്ങളുടെ

ഗവൺമെന്റ് ഭരിക്കുമ്പോഴും പറഞ്ഞിട്ടുണ്ട്. അങ്ങനെ വന്ന ഞങ്ങളൊക്കെ സാധാരണക്കാരെ റെപ്രസെന്റ് ചെയ്യാണ് ഈ ഹൗസിൽ വരുന്നത്. അവിടെ ആശുപത്രിയിൽ മരുന്നില്ലെങ്കിൽ ജനപ്രതിനിധികളെ വിളിച്ച് ഫോണിൽ പറയും. ആശുപത്രിയിൽ ഇന്ന മരുന്നില്ല, അപ്പോൾ ഞങ്ങൾ അന്വേഷിക്കും. ഞങ്ങൾ അന്വേഷിച്ച് ഡി.എം.ഒ.-യെയും ഡി.എച്ച്.എസ്.-നെയും മെഡിക്കൽ സർവീസസ് കോർപ്പറേഷനെയുമൊക്കെ വിളിക്കും. എന്താ കാരണമെന്ന് ചോദിക്കും; അങ്ങനെയാണ് ജനപ്രതിനിധികൾ ചെയ്യുന്നത്. ജനങ്ങളോടൊപ്പമാണ് ജനപ്രതിനിധികൾ നിൽക്കുന്നത്. ആരോഗ്യ കേരളത്തിൽ ആരാണ് ഈ പരാതി പറഞ്ഞത്? ഒരു ഡിപ്പാർട്ട്മെന്റ് ഹെഡാണ് വന്നത്. ഇടതുപക്ഷ സഹയാത്രികൻ. കഴിഞ്ഞ നിലമ്പൂർ തിരഞ്ഞെടുപ്പിൽ അദ്ദേഹമിട്ട പോസ്റ്റ് മുഴുവൻ നിങ്ങളുടെ സ്ഥാനാർഥിയെ ജയിക്കാൻവേണ്ടിയായിരുന്നു. എന്നിട്ടാണ് അദ്ദേഹം വന്നുപറഞ്ഞത്. അത് രാഷ്ട്രീയമല്ലല്ലോ; അദ്ദേഹത്തിന് രാഷ്ട്രീയമുണ്ടോ; അദ്ദേഹത്തിന്റെ രാഷ്ട്രീയമെന്ന് പറയുന്നത്,

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, (മൈക്ക് ഓഫ്)

ശ്രീ. വി. ഡി. സതീശൻ: സർ, സമയക്കുറവുള്ളതുകൊണ്ടാണ്. അധികം നീട്ടികൊണ്ടുപോകുന്നത് അനൗചിത്യമാണ്. അതിനാൽ പെട്ടെന്ന് ചുരുക്കാം. അങ്ങേയ്ക്ക് ചോദിക്കാവുന്നതാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, അങ്ങ് ആ സബ്മിഷനിൽ പറഞ്ഞത്, എച്ച്.ഡി.എസ്. ഫണ്ടുപയോഗിച്ചുകൊണ്ട് സർക്കാർ ആശുപത്രികളിൽ താൽക്കാലികമായി നേഴ്സുമാർക്കും മറ്റ് ആളുകൾക്കുമെല്ലാം കൊടുക്കുകയാണ്. ആവശ്യത്തിന് ഫണ്ടില്ല. ആവശ്യത്തിന് ജീവനക്കാരില്ല. അതുകൊണ്ടാണ് ആ ഫണ്ടുപോലും ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതി. അങ്ങ് ഈ പറഞ്ഞ സാഹചര്യമെന്നുപറയുന്നത് നമുക്കറിയാം. വലിയ നിലയിൽ മാഫിയ, മരുന്ന് മാഫിയ മന്ത്രിയുടെ ബന്ധുക്കളെ ഉൾപ്പെടെ തട്ടിക്കൊണ്ട് പോകുന്നുവെന്നെല്ലാം പറഞ്ഞുള്ള ആരോപണങ്ങൾ ഉയർന്നു. 15 കോടി രൂപ വാങ്ങി എന്നൊക്കെ ആരോപണങ്ങൾ വരുന്നു. ആ ഘട്ടത്തിലാണ് അങ്ങ് പറഞ്ഞത്, ഞാനത് ഉദ്ധരിക്കാൻ കാരണം ആ കാലത്തെ അവസ്ഥ അങ്ങുതന്നെ പറഞ്ഞുവച്ചാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇങ്ങനെ ചോദ്യം ചോദിച്ചിട്ട് അനാവശ്യമായ ആരോപണങ്ങൾ ഉന്നയിക്കരുത്. അദ്ദേഹം ഇപ്പോൾ

ഉന്നയിച്ച ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന ആരോപണം അങ്ങ് രേഖകളിൽനിന്നും നീക്കം ചെയ്യണം. തെറ്റായിട്ടുള്ള ഒരു കാര്യമാണ്.

മി. സ്പീക്കർ: പരിശോധിക്കാം. ഇനി അങ്ങ് യീൽഡ് ചെയ്യണ്ട.

ശ്രീ. വി. ഡി. സതീശൻ: സർ, ചോദ്യം ചോദിക്കാൻ അനുമതി കൊടുത്തപ്പോൾ ഈ സഭയിലില്ലാത്ത അന്നത്തെ ആരോഗ്യ മന്ത്രിയെക്കുറിച്ച് വളരെ മോശമായ പരാമർശം നടത്തിയത് ഒരംഗത്തിന് യോജിച്ചതല്ല. തെറ്റാണത്. അങ്ങ് കിട്ടിയ അവസരം തെറ്റായി ഉപയോഗിച്ചു. അവിടെ പറഞ്ഞിരിക്കുന്നത് ആശുപത്രി വികസന ഫണ്ടിലെ പണം താൽക്കാലിക ജീവനക്കാർക്ക് കൊടുക്കാനും നേഴ്സുമാരുടെയോ പാരാമെഡിക്കൽ സ്റ്റാഫിന്റേയോ കുറവുണ്ടെങ്കിൽ അവരെ നിയമിച്ച് പ്രവർത്തനം മികച്ച രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിനുവേണ്ടിയാണ് സാധാരണഗതിയിൽ ടി ഫണ്ടുപയോഗിക്കുന്നത്. ഇവിടെയുള്ള ഗൗരവം എന്നുവച്ചാൽ ആശുപത്രികളിൽ ഉപകരണങ്ങളില്ല. ആശുപത്രികളിൽ മരുന്നില്ല, ഞാൻ പറഞ്ഞല്ലോ ആലപ്പുഴ മെഡിക്കൽ കോളേജിൽ സർജറി നിശ്ചയിച്ചിരുന്ന എന്റെ സ്നേഹിതൻ പുറത്തുനിന്ന് കോട്ടൺ വാങ്ങികൊണ്ട് പോകേണ്ടിവന്നു. ഞാൻ തെളിവുതരാം. സൂചി വാങ്ങിക്കേണ്ടിവന്നു. പല

സ്ഥലത്തും സർജറിക്കാവശ്യമായ യാതൊന്നും തന്നെയില്ല. കളമശ്ശേരിയിൽനിന്നും ഇന്ന് രാവിലെ ഒരു റിപ്പോർട്ട് വന്നു. തോളിലെ ഒരു ഞരമ്പിന് പ്രശ്നവുമായി ബന്ധപ്പെട്ട് കീഹോൾ സർജറി ചെയ്യണം. അതിനായി 90,000 രൂപ കൊടുക്കാനാണ് ആശുപത്രിയിൽ നിന്നും പറയുന്നത്. ശ്രീ. അൻവർ സാദത്ത് ഇടപെട്ട് അവിടത്തെ സൂപ്രണ്ടിനെ വിളിച്ച്, പേഷ്യന്റിനെ അങ്ങോട്ടേയ്ക്ക് പറഞ്ഞുവിടാൻ പറഞ്ഞിട്ടുണ്ട്. തോളെല്ലിലെ ഒരു ഞരമ്പിന് കീഹോൾ ചെയ്യാൻ അവിടെ ചെല്ലുന്ന പേഷ്യന്റ് 90,000 രൂപ കൊടുക്കണമെങ്കിൽ പിന്നെ എന്തിനാണ് സർക്കാർ ആശുപത്രിയിൽ പോകുന്നത്. സർക്കാർ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തണം. സർക്കാർ ആശുപത്രികൾ ശ്രദ്ധിക്കണം. അപകടകരമായ നിലയിലേയ്ക്ക് കേരളത്തിലെ പബ്ലിക് ഹെൽത്ത് പോകുകയാണ്. പബ്ലിക് ഹെൽത്ത് വളരെ മോശമായിപ്പോകുകയാണ്. സാംക്രമിക രോഗങ്ങളും അല്ലാത്ത രോഗങ്ങളും വർധിക്കുകയാണ്. ലൈഫ് സ്റ്റൈൽ ഡിസീസ് കൂടുകയാണ്. ഗൗരവതരമായ പഠനം നടത്തി അതിന് പരിഹാരമുണ്ടാക്കിയില്ലെങ്കിൽ ഈ ആരോഗ്യ കേരളത്തെ വെന്റിലേറ്ററിൽനിന്നും രക്ഷിക്കണ്ടേ; പഴയ കണക്കുകൾ

പറഞ്ഞുകൊണ്ടിരുന്നാൽ മതിയോ; മന്ത്രി മുഴുവനും ചെയ്യുന്നത് പഴയ കണക്കാണ്. അമീബിക് മസ്തിഷ്ക ജ്വരം എങ്ങനെയാണ് ഗവൺമെന്റ് കൈകാര്യം ചെയ്യുന്നതെന്ന് ഇതുവരെ പറഞ്ഞിട്ടില്ല. ആരോടും പറഞ്ഞിട്ടില്ല. ആർക്കും അറിയില്ല. നമ്മളെ വിളിച്ച് ആളുകൾ ചോദിക്കുന്നുണ്ട്. നമുക്ക് പറഞ്ഞുകൊടുക്കാൻ പറ്റുമോ; മറ്റത് അങ്ങനെയാണോ; ഞാൻ എല്ലാത്തിനുമൊന്നും മറുപടി പറയുന്നില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കോവിഡ് രോഗികൾ ഉണ്ടായിരുന്നതും കോവിഡുമൂലം ഏറ്റവും കൂടുതൽ ആളുകൾ മരണപ്പെടുകയും ചെയ്ത രണ്ടാമത്തെ സംസ്ഥാനമാണ് കേരളം. ഒന്നാമത്തേത് മഹാരാഷ്ട്രയാണ്. മഹാരാഷ്ട്രയുടെ ജനസംഖ്യ ഒൻപതര കോടിയാണ്. കേരളത്തിന്റെ ജനസംഖ്യയുടെ മൂന്നിരട്ടിയാണത്. ഇവിടെ 28000 പേരുടെ മരണം ഒളിപ്പിച്ചുവച്ച സർക്കാരാണിത്. പ്രതിപക്ഷം നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം കൊണ്ടുവന്നപ്പോൾ ചക്ക വീണാണ് ആളുകൾ മരിച്ചതെന്ന് പറഞ്ഞ മന്ത്രിയാണിത്. ആദ്യ എൽ.ഡി.എഫ്. സർക്കാർ കോവിഡുമൂലം മരിച്ച 28000 പേരുടെ പേരുകൾ ഒളിപ്പിച്ചുവച്ചത് പിന്നീട് പുറത്തുവന്നില്ലേ? തിരഞ്ഞെടുപ്പിനുമുമ്പ് അങ്ങനെയൊന്ന് ഉണ്ടായിരുന്നില്ല. അതിനുശേഷമാണ് 28000 പേരുടെ

പേരുവിവരങ്ങൾ പുറത്തുവന്നത്. കോവിഡ് കാലത്ത് നടന്നത് മുഴുവൻ കൊള്ളയും കവർച്ചയുമാണ്. സി. ആൻഡ് എ.ജി. റിപ്പോർട്ടിലാണ് കൃത്യമായ കണക്കുകൾ പറഞ്ഞിരിക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ, മരണ വീട്ടിൽ പോക്കറ്റടിച്ചു. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ സംസാരിക്കുമ്പോൾ ബഹളം വയ്ക്കേണ്ട കാര്യമില്ല. കോവിഡ് കാലത്തെ ക്രെഡിറ്റൊന്നും നിങ്ങൾ എടുക്കേണ്ട. ഈ കാലഘട്ടത്തിൽ ആരോഗ്യ കേരളത്തെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് കേരളം മുഴുവൻ ഉറ്റുനോക്കിയിരിക്കുകയാണ്. കേരളത്തിലെ സാധാരണക്കാരും പാവപ്പെട്ടവരും മെഡിക്കൽ കോളേജിനെയും സർക്കാർ ആശുപത്രികളെയും ആശ്രയിക്കുമ്പോൾ അവർക്ക് അവിടേയ്ക്ക് പോകാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. അവിടെ ജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നു. മരുന്നുകളില്ല, ഉപകരണങ്ങളില്ല. ഡോക്ടർമാർ ഉൾപ്പെടെ പരാതി പറഞ്ഞില്ലേ; നിങ്ങൾ ആ ഡോക്ടറെ ഭീഷണിപ്പെടുത്താനും ഭയപ്പെടുത്താനും

നോക്കിയില്ലേ; എന്നിട്ടും ഇപ്പോൾ ഓരോ ആശുപത്രികളിൽനിന്നും കാര്യങ്ങളെല്ലാം പുറത്തുവരുന്നുണ്ടല്ലോ? അതുകൊണ്ട് അടിയന്തരമായി ഇക്കാര്യങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

അമീബിക് മസ്തിഷ്ക ജ്വരം എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്ന കൃത്യമായ പ്രോട്ടോക്കോളും തീരുമാനങ്ങളും അറിയിച്ച് ജനങ്ങളെ ആശങ്കയിൽനിന്നും ഉത്കണ്ഠയിൽനിന്നും രക്ഷിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമായ അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് സംബന്ധിച്ച് ഈ സഭയിൽ ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെട്ടതിന്റെ ഉദ്ദേശ്യം രാവിലെ തന്നെ വ്യക്തമാക്കിയിരുന്നു. ഇതുസംബന്ധിച്ച് തെറ്റായ പല പ്രചരണങ്ങളും വളരെ ആസൂത്രിതമായി നടക്കുന്നതുകൊണ്ട് ബഹുമാനപ്പെട്ട ഈ സഭയും കേരളത്തിലെ പൊതുസമൂഹവും സർക്കാർ ആരോഗ്യ സംവിധാനങ്ങളെ സംബന്ധിച്ചുള്ള യാഥാർഥ്യങ്ങൾ മനസ്സിലാക്കണമെന്നുള്ളതുകൊണ്ടാണ് ഈ സഭയിൽ ഇത് ചർച്ച

ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. ഇന്ന് പ്രതിപക്ഷത്തുനിന്ന് സംസാരിച്ച പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള ബഹുമാന്യരായ എല്ലാ എം.എൽ.എ.-മാരുടെയും വാക്കുകൾ ശ്രദ്ധിച്ചാൽ ഒരു കാര്യം മനസ്സിലാക്കാൻ സാധിക്കും. കേരളത്തിന്റെ സർക്കാർ സംവിധാനങ്ങളെ അടച്ച് ആക്ഷേപിക്കുന്നതിനുള്ള ഒരു വലിയ ശ്രമം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് വളരെയധികം നിർഭാഗ്യകരമാണ്. സർക്കാർ ആശുപത്രികളേക്കാൾ ചെലവ് കുറവ് സ്വകാര്യ ആശുപത്രികളിലാണെന്ന് ബഹുമാന്യനായ പെരിന്തൽമണ്ണ അംഗം, ശ്രീ. നജീബ് കാന്തപുരം ഈ സഭയിൽ പറഞ്ഞ ഒരു വാചകമാണ് എന്നെ ഏറെ അമ്പരപ്പിച്ചതും ദുഃഖിപ്പിച്ചതും. അത് ആരെ സഹായിക്കാനാണ്? കേരളത്തിലെ സർക്കാർ ആശുപത്രികളിൽ പ്രസവം നടക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹം അത് പിൻവലിക്കണം. ... (ബഹളം) ...

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്..... ശ്രീ. എം. വിൻസെന്റ്.... ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചോളും.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, നവോത്ഥാന കാലഘട്ടത്തിൽ തുടങ്ങി സഖാവ് ഇ.എം.എസ്.-ന്റെ കാലഘട്ടത്തിൽ ഈ സഭ പാസാക്കിയ

സാർവത്രിക വിദ്യാഭ്യാസ നിയമം ഉൾപ്പെടെയുള്ള വിപ്ലവകരമായ നിയമ നിർമ്മാണങ്ങളിലൂടെ നാം ആർജിച്ച വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെയും സാമൂഹ്യമുന്നേറ്റത്തിലൂടെയും രൂപപ്പെട്ടതാണ് കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനം. ആ സംവിധാനത്തെ ഈ നിലയിലെത്തിക്കാൻ നിരവധിപേർ വിയർപ്പൊഴുക്കിയിട്ടുണ്ട്. ബഹുമാന്യരായ ഭരണപക്ഷ അംഗങ്ങൾ സംസാരിച്ചതുപോലെ, നിപയിൽ ജീവൻ വെടിഞ്ഞ സിസ്റ്റർ ലിനി, 2022-ൽ കോവിഡ് കാലത്ത് ജീവൻ വെടിഞ്ഞ സിസ്റ്റർ സരിത ഉൾപ്പെടെയുള്ള ലക്ഷക്കണക്കിന് ആരോഗ്യ പ്രവർത്തകരുടെ വിയർപ്പിന്റെ ഫലമാണിത്. അതോടൊപ്പം ധിഷണാശാലികളായ ഭരണതന്ത്രജ്ഞരുടെ പരിശ്രമമാണ് ഇന്നത്തെ പൊതുജനാരോഗ്യ സംവിധാനം. വളരെ അഭിമാനത്തോടെ, പ്രത്യേകിച്ച് പൊതുജനാരോഗ്യ മേഖലയിൽ കേരളം കൈവരിച്ച മികച്ച നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ കൂടിയാണ് ഇന്ന് ഇവിടെ ഈ ചർച്ച നടക്കുന്നത്. ശിശുമരണ നിരക്കിൽ കേരളം അമേരിക്കൻ ഐക്യനാടുകളേക്കാൾ മികച്ച നിലയിലെത്തിയെന്നുള്ളത് നമ്മളെപ്പോലെയുള്ള ഒരു സംസ്ഥാനത്തെ സംബന്ധിച്ച് വളരെ അഭിമാനകരമായ നേട്ടമാണ്. അതിൽ

അഭിമാനമാണെന്ന് പറയുന്നതിനുപകരം കേരളത്തിലെ പ്രതിപക്ഷത്തിന് അപമാനമാകുന്നത് എന്തുകൊണ്ടാണ്? ആ അപമാനമുണ്ടാകുന്നതിന്റെ കാരണം എനിക്ക് മനസ്സിലായി. യു.ഡി.എഫ്.-ന്റെ കാലത്ത് ശിശുമരണ നിരക്ക് 12 ആയിരുന്നു. അതിൽനിന്നാണ് അഞ്ച് എന്ന നിരക്കിലേക്ക് എത്തിയതെന്ന് കാണാൻ സാധിക്കും.

പകർച്ചവ്യാധി പ്രതിരോധം, പൊതുജനാരോഗ്യ സംവിധാനം എന്നിവ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇപ്പോൾ നമ്മളൊരു പോസ്റ്റ് കോവിഡ് കാലത്താണ് നിൽക്കുന്നത്. നിങ്ങൾ കോവിഡിന്റെ ക്രെഡിറ്റൊന്നും എടുക്കേണ്ടെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞുനിർത്തിയത്. എന്താണ് ഈ സഭയിൽ പറഞ്ഞിട്ടുള്ളത്; എന്തൊക്കെ പ്രശ്നങ്ങളാണ് ഉയർത്തിയിട്ടുള്ളത്? കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് പി.പി.ഇ. കിറ്റ് ഉൾപ്പെടെയുള്ള വിഷയങ്ങളും കേരളത്തിന്റെ ആരോഗ്യ സംവിധാനത്തിൽ ആരോഗ്യ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ തെറ്റാണെന്നും പ്രതിപക്ഷം ഈ സഭയിൽ പറഞ്ഞില്ലേ? അമീബിക് മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രിയാത്മകമായ ഒരു നിർദ്ദേശവും അവർ മുന്നോട്ടുവച്ചിട്ടില്ല. പ്രതിപക്ഷം

ഒന്നടങ്കം പറഞ്ഞത് ഇരുട്ടിൽ തപ്പുകയാണെന്നാണ്. വാസ്തവത്തിൽ കേരളത്തിലെ പ്രതിപക്ഷമാണ് ഇരുട്ടിൽ തപ്പുന്നത്. പ്രതിപക്ഷത്തിന് എന്താണ് ചെയ്യേണ്ടതെന്നറിയില്ല. സർക്കാരിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച്, ഇത് ജനങ്ങളിലുണ്ടാക്കുന്ന സ്വാധീനത്തിന് മുന്നിൽ കേരളത്തിലെ പ്രതിപക്ഷം ഇരുട്ടിൽ തപ്പുകയാണ് ചെയ്യുന്നത്.

വൈറ്റൽ രജിസ്ട്രേഷൻ സർവെ റിപ്പോർട്ട് പുറത്തുവന്നപ്പോൾ ഇന്ത്യയിൽ ഏറ്റവും മികച്ച നിലയിൽ കോവിഡ് മരണ നിരക്ക് റിപ്പോർട്ട് ചെയ്ത സംസ്ഥാനം കേരളമാണെന്നാണ് അറിയാൻ സാധിച്ചത്. ഇന്ത്യയിൽ 45 ലക്ഷം മരണങ്ങൾ കോവിഡ് കാലത്തുണ്ടായെന്നാണ് ലോകാരോഗ്യ സംഘടന പറഞ്ഞത്. ഇന്ത്യയിലെ ഔദ്യോഗിക കണക്ക് എത്രയാണ്? പക്ഷെ കേരളത്തെ സംബന്ധിച്ചിടത്തോളം കുറച്ച് കൂടിയോ കുറഞ്ഞോ ചെറിയ വ്യത്യാസം വരും എന്ന നിലയിലാണുള്ളത്. അക്കാര്യം ശാസ്ത്രീയമായിത്തന്നെ അംഗീകരിക്കപ്പെട്ടതാണ്. കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സർക്കാർ, കേരളത്തിലെ ആരോഗ്യ പ്രവർത്തകർ, പൊതുസമൂഹം എന്നിവരെല്ലാം ഇതിൽ പങ്കാളികളാണ്.

നിപ പ്രതിരോധത്തിൽ ആഗോളതലത്തിൽ 70 ശതമാനത്തിനുമുകളിൽ മരണ നിരക്കുള്ള ഒരു രോഗത്തെ 33 ശതമാനം മരണ നിരക്കിൽ പിടിച്ചുകെട്ടാൻ കേരളത്തിന് സാധിച്ചു. പ്രതിപക്ഷത്തിന് അത് ഖണ്ഡിക്കണമെങ്കിൽ വസ്തുതാപരമായി ഖണ്ഡിക്കാം. 2023-ൽ കോഴിക്കോട് നിപ രോഗം വ്യാപിച്ചപ്പോൾ രോഗികളെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ കേരളത്തിന് സാധിച്ചു. നിപ രോഗികളുടെ മരണ നിരക്ക് 33 ശതമാനം മാത്രമാണ്. സംസ്ഥാനത്ത് കഴിഞ്ഞ ദിവസവും ഒരു മങ്കിപോക്സ് കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിദേശത്തുനിന്ന് വരുന്ന രോഗിയിൽനിന്ന് മറ്റൊരാളിലേക്ക് രോഗം പകരുന്നില്ലെന്ന് ഉറപ്പാക്കാൻ ഈ കാലഘട്ടത്തിൽ നമുക്ക് സാധിച്ചിട്ടുണ്ട്. അത് പൊതുജനാരോഗ്യത്തിന്റെ മികവായി കാണണം. ഗർഭിണികളെ വളരെ ഗുരുതരമായി ബാധിക്കാവുന്ന ഒരു കൊതുകുജന്യ രോഗമാണ് സിക്ക. പക്ഷെ അതിനെ പിടിച്ചുകെട്ടാൻ സാധിച്ചു. ഈ കാലഘട്ടത്തിലെ കാര്യം മാത്രമാണ് ഞാൻ പറയുന്നത്. കേരളത്തിന്റെ ആരോഗ്യരംഗത്ത് ചികിത്സാ മേഖലയിലും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലും മറ്റ് പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും മികച്ച പ്രവർത്തനം കാഴ്ചവച്ചുതന്നെയാണ് നാം മുന്നോട്ടുപോകുന്നത്.

ചികിത്സാരംഗത്തുണ്ടായ മാറ്റവും എടുത്തുപറയേണ്ടതാണ്. ഹൃദയ ശസ്ത്രക്രിയയ്ക്ക് ഉപകരണങ്ങളില്ലെന്ന് പ്രതിപക്ഷം പറയുന്നു. എന്നാൽ ഉപകരണങ്ങൾ കൊടുത്തുകൊണ്ടുതന്നെയാണ് ഈ സർക്കാർ പോകുന്നത്. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും കാത്ത് ലാബുകളുണ്ടെങ്കിൽ അവയെല്ലാം സ്ഥാപിച്ചിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലഘട്ടത്തിൽത്തന്നെയാണ്. ഒൻപത് വർഷം മുമ്പ് ജില്ലാ ആശുപത്രികളിൽ കാത്ത് ലാബുകൾ ഉണ്ടായിരുന്നില്ല. എന്നാൽ നിലവിൽ 13 ജില്ലകളിലെയും ജില്ലാ ആശുപത്രികളിൽ കാത്ത് ലാബുകളുണ്ട്. എന്താണ് അതിന്റെ മാറ്റമെന്നുകൂടി സംസാരിക്കണ്ടേ? ആ മാറ്റത്തെക്കുറിച്ച് സംസാരിക്കുമ്പോഴേ കേരളത്തിലെ പൊതുസമൂഹത്തിന് ഈ മാറ്റം എങ്ങനെ ഗുണകരമായെന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. കാത്ത് ലാബുകൾ സ്ഥാപിക്കുന്നതിനുമുമ്പ് cardiac arrest-മൂലം ആശുപത്രികളിൽ മരണപ്പെടുന്നവർ 30 ശതമാനമായിരുന്നു. പക്ഷെ ഇപ്പോഴത് ആറ് ശതമാനമായി കുറയ്ക്കാൻ സാധിച്ചു. ആറ് ലക്ഷം രൂപയ്ക്ക് ആൻജിയോ പ്ലാസ്റ്റി ചെയ്യുന്നുവെന്ന് പണ്ട് പല സ്വകാര്യ ആശുപത്രികളുടെയും പരസ്യ ബോർഡുകളിലുണ്ടായിരുന്നു. ഇന്ന് ആ സ്ഥാനത്ത് ഒന്നര രണ്ട് ലക്ഷം

ത്രുപയ്ക്ക് ആൻജിയോ പ്ലാസ്റ്റി ചെയ്യാമെന്നായിട്ടുണ്ട്. എന്തുകൊണ്ടാണ് അങ്ങനെ സാധ്യമാകുന്നത്? കേരളത്തിലെ കാത്ത് ലാബുകളിൽ സൗജന്യമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ (KASP) പ്രൈമറി ആൻജിയോ പ്ലാസ്റ്റി ഉൾപ്പെടെ ചെയ്തുകൊടുക്കുന്ന സംവിധാനം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഒരുക്കിയിട്ടുള്ളതുകൊണ്ടാണ് അത് സാധ്യമാകുന്നത്. തീർച്ചയായും ഈ ഇടപെടൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയത്തിന്റെ അടിസ്ഥാനത്തിലുണ്ടായിട്ടുള്ളതാണെന്ന് കാണാൻ സാധിക്കും. കാൻസർ ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ട് ആർ.സി.സി., എം.സി.സി., മെഡിക്കൽ കോളേജുകൾ, 28 ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ മികച്ച ചികിത്സാ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് മെഡിക്കൽ കോളേജുകളിൽ LINAC (Linear Accelerator) മെഷീനുകൾ ഉണ്ടായിരുന്നില്ല. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തുതന്നെയാണ് ചികിത്സാ സംവിധാനങ്ങളുടെ ഭാഗമായി ടി മെഷീൻ ഏർപ്പെടുത്തിയത്. എന്റെ കൈവശം ഒരു പത്രവാർത്തയുണ്ട് (ഒരു ന്യൂസ്പേപ്പർ കട്ടിങ് ഉയർത്തിക്കാണിക്കുന്നു). ഈ ന്യൂസ്പേപ്പർ കട്ടിങ്ങിലെ

വാർത്ത ഇപ്രകാരമാണ്, 'രൂക്ഷ വിമർശനവുമായി മനുഷ്യാവകാശ കമ്മീഷൻ - കൊച്ചി കാൻസർ സെന്റർ ജലരേഖയായി, കമ്മീഷൻ ഉത്തരവ് ചീഫ് സെക്രട്ടറി തള്ളി'. 'കാൻസർ സെന്റർ അട്ടിമറിക്കുന്ന സംസ്ഥാന സർക്കാരിനെതിരെ കടുത്ത വിമർശനവുമായി മനുഷ്യാവകാശ കമ്മീഷൻ'. അന്ന് ജസ്റ്റിസ് ജെ. ബി. കോശിയാണ് മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ. ഒരു ജില്ലാ സഹകരണ ബാങ്ക് 450 കോടി രൂപ നൽകാമെന്ന് പറഞ്ഞിട്ടും അത് അംഗീകരിക്കാതെ കൊച്ചിയിൽ കാൻസർ സെന്റർ വേണ്ടെന്ന നിലപാട് സ്വീകരിച്ച യു.ഡി.എഫ്. സർക്കാരാണ് അന്നുണ്ടായിരുന്നത്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ കിഫ്ബി വഴി പണം ലഭ്യമാക്കിക്കൊണ്ട് മധ്യകേരളത്തിലെ ഏറ്റവും മികച്ച കാൻസർ സെന്റർ ഇന്ന് കൊച്ചിയിൽ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഇവിടേക്കുള്ള എക്യുപ്മെന്റ്സ് എത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ ഇൻസ്റ്റലേഷൻ പൂർത്തിയായിക്കഴിഞ്ഞാൽ പ്രവർത്തനം ആരംഭിക്കാൻ സാധിക്കും. ഓരോ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകളിലും കേരളത്തിൽ ഇത്തരത്തിലുള്ള

വിസ്മയകരമായ മാറ്റങ്ങളുണ്ടാകുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പരാമർശിച്ച ഓരോ കാര്യങ്ങൾക്കും ഞാൻ വിശദീകരണം നൽകാം.

കേരളത്തിലെ ചികിത്സാ സംവിധാനത്തിൽ റോബോട്ടിക് സർജറി ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞത് ആരോഗ്യ രംഗത്തുണ്ടായിട്ടുള്ള ഏറ്റവും വലിയ നേട്ടമാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലത്തിലുള്ള മലബാർ കാൻസർ സെന്ററിൽ CAR T-cell therapy സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ വളരെ കുറച്ച് ആശുപത്രികളിൽ മാത്രമേ ടി സംവിധാനം നിലവിലുള്ളൂ എന്നുമാത്രമല്ല, ഒരു സർക്കാർ ആശുപത്രികളിലും ടി സംവിധാനമുണ്ടായിരുന്നില്ല. രോഗമില്ലാത്ത കോശങ്ങളെ ഉപയോഗിച്ച് കാൻസർ കോശങ്ങളെ ട്രീറ്റ് ചെയ്യുന്ന രീതിയാണ് CAR T-cell therapy. 50 മുതൽ 70 ലക്ഷം രൂപവരെ ചികിത്സാ ചെലവ് വരുന്ന ടി ചികിത്സ മലബാർ കാൻസർ സെന്ററിൽ വളരെ വിജയകരമായി ചെയ്യുന്നുണ്ട്. ആർ.സി.സി.-യിലും CAR T-cell therapy സംവിധാനം വികസിപ്പിക്കുന്നുണ്ട്. ഇവയെല്ലാമാണ് കേരളത്തിലെ ആരോഗ്യ രംഗത്തുണ്ടായിട്ടുള്ള വലിയ മാറ്റങ്ങൾ. ഇതൊക്കെ കാണുമ്പോൾ ആരും ബേജാറായിട്ട് ഒരു കാര്യവുമില്ല. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത്

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയെങ്കിലും നിർഭാഗ്യവശാൽ ആ രോഗി മരണപ്പെടുകയാണുണ്ടായത്. ബഹുമാനപ്പെട്ട റാന്നി അംഗം ശ്രീ. പ്രമോദ് നാരായൺ ഈ സഭയിൽ സൂചിപ്പിച്ചതുപോലെ നാല്പത്തഞ്ച് ലക്ഷത്തിലധികം രൂപ ചെലവ് വരുന്ന ഒരു സർജറിയാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശക്തമായ ഇടപെടലിലൂടെ, സർക്കാർ സംവിധാനത്തിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 2022 ഫെബ്രുവരി മാസം 14-ാം തീയതി കോട്ടയം മെഡിക്കൽ കോളേജിൽ സൗജന്യമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താൻ തുടങ്ങി. നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലും ടി സർജറി നടക്കുന്നുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഉടൻ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി ഈ അവസരത്തിൽ അറിയിക്കുകയാണ്.

അമീബിക് മസ്തിഷ്കജ്വരവുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കാം. വിവിധ ജല സ്രോതസ്സുകളിൽ

കാണപ്പെടുന്നതും അപൂർവമായി മനുഷ്യരിൽ രോഗബാധയുണ്ടാക്കുന്നതുമായ ഒരു സൂക്ഷ്മാണുവാണ് അമീബ. കായലുകൾ, പുഴകൾ, നീരുറവകൾ, കുളങ്ങൾ, പൈപ്പ്ജലം തുടങ്ങി എല്ലാ ജലസ്രോതസ്സുകളിലും അമീബയുടെ സാന്നിധ്യമുണ്ട്. അമീബ കാരണമുണ്ടാകുന്ന അണുബാധ പ്രധാനമായും രണ്ട് വിഭാഗങ്ങളായാണുള്ളത്. ആദ്യത്തെ വിഭാഗം Primary amebic meningoencephalitis (PAM) എന്നറിയപ്പെടുന്നു. Naegleria fowleri എന്ന അമീബയാണ് ഇതിന്റെ കാരണഹേതു. ആഗോളതലത്തിൽ പരിശോധിച്ചാൽ ഇതുകാരണമുള്ള മരണനിരക്ക് 98 ശതമാനമാണെന്ന് മനസ്സിലാക്കാം. രണ്ടാമത്തെ വിഭാഗമാണ് Granulomatous amoebic meningoencephalitis (GAM). ഇത് പല വിഭാഗം അമീബകൾ കാരണമുണ്ടാകുന്ന അവസ്ഥയാണ്. Acanthamoeba, Balamuthia mandrillaris, Sappinia എന്നിങ്ങനെയുള്ള വിവിധ അമീബകൾ അതിന് കാരണമാകുന്നു. 2016-ലാണ് അമീബിക് മസ്തിഷ്കജ്വരം സംബന്ധിച്ച ആദ്യത്തെ കേസ് റിപ്പോർട്ട് ചെയ്യുന്നത്. അതായത്, ആ രോഗം കണ്ടെത്താൻ കഴിഞ്ഞത് 2016-ലാണെന്നതുകൂടി നാം ഓർക്കേണ്ടതുണ്ട്. അതിനുശേഷം ഓരോ വർഷവും തുടർച്ചയായി ഒന്നുരണ്ട് കേസുകൾ

റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇന്ത്യയിൽ മസ്തിഷ്കജ്വരം കാരണമുള്ള മരണങ്ങൾ ധാരാളമായി സംഭവിക്കുന്നു. ആഗോളതലത്തിൽ 45 മുതൽ 50 ശതമാനം വരെയുള്ള മസ്തിഷ്കജ്വര മരണങ്ങളുടെ കാരണം മാത്രമാണ് കണ്ടെത്തിയിട്ടുള്ളത്. എന്നാൽ 25 മുതൽ 30 ശതമാനം വരെയുള്ള മസ്തിഷ്കജ്വര മരണങ്ങളുടെ കാരണം മാത്രമേ കണ്ടെത്തുന്നുള്ളൂ എന്നാണ് ഇന്ത്യയിലെ പഠനങ്ങൾ സൂചിപ്പിക്കുന്നത്. AIIMS ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തുതകളാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. 70 ശതമാനം മസ്തിഷ്കജ്വര മരണങ്ങളും എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്ന് നമ്മുടെ രാജ്യത്ത് കണ്ടെത്തുന്നില്ലെന്നതാണ് യാഥാർഥ്യം. 2023-ലെ കോഴിക്കോട് നിപ ഔട്ട് ബ്രേക്കിനെത്തുടർന്ന് ആരോഗ്യ വകുപ്പ് ചില കാര്യങ്ങളിൽ കർശനമായ നിലപാടുകൾ സ്വീകരിക്കുകയുണ്ടായി. മസ്തിഷ്കജ്വരം സംബന്ധിച്ച കേസുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യണമെന്ന് നിർദേശിക്കുകയുണ്ടായി. മസ്തിഷ്കജ്വര മരണങ്ങൾ ധാരാളമായി സംഭവിക്കുന്നുവെന്ന രീതിയിൽ മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ഒരു കാലത്ത് അങ്ങനെ തന്നെയായിരുന്നു. എന്നാൽ 2023 മുതൽ ഇതുസംബന്ധിച്ച്

കൃത്യമായി റിപ്പോർട്ട് ചെയ്യണമെന്നും ഇതോടനുബന്ധിച്ചുള്ള കാരണങ്ങൾ കണ്ടെത്തണമെന്നുമുള്ള കർശനവ്യവസ്ഥ മുന്നോട്ടുവച്ചിട്ടുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിൽ തിരുവനന്തപുരത്തുള്ള ലാബിൽ മാത്രമാണ് അമീബയുടെ സാന്നിധ്യം കണ്ടെത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളൂവെന്നാണ് മനസ്സിലാക്കുന്നത്. കാസർഗോഡ് താമസിക്കുന്ന ഒരു വ്യക്തിക്ക് ടി രോഗലക്ഷണങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ അത് സ്ഥിരീകരിച്ച് റിപ്പോർട്ട് വരുമ്പോഴേക്കും ചിലപ്പോൾ രോഗി മരണപ്പെടാൻ സാധ്യതയുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, തലസീമിയ രോഗികൾക്ക് മരുന്ന് ലഭ്യമാകുന്നില്ല എന്നതുസംബന്ധിച്ച് കഴിഞ്ഞ ദിവസം ഏഷ്യാനെറ്റ് ചാനലിൽ ഒരു റിപ്പോർട്ട് വന്നിട്ടുണ്ടായിരുന്നു. ഹോസ്പിറ്റലുകളിൽ അന്വേഷിച്ചപ്പോഴും ഈ രോഗികൾക്ക് നൽകാൻ ഇപ്പോൾ കേരളത്തിൽ മരുന്നുകൾ സ്റ്റോക്കില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. ആയതിന്റെ വസ്തുതയെന്താണ്; മരുന്നുകൾ കൃത്യമായി ലഭ്യമാക്കാൻ കഴിയുമോ?

ശ്രീമതി വീണാ ജോർജ്: സർ, അംഗങ്ങളുടെ ഓരോ ചോദ്യങ്ങൾക്കും മറുപടി നൽകാം. ബഹുമാനപ്പെട്ട കൊണ്ടോട്ടി അംഗം ശ്രീ. ടി. വി.

ഇബ്രാഹിം ഇവിടെ സൂചിപ്പിച്ച വിഷയത്തെക്കുറിച്ച് പറയുകയാണെങ്കിൽ, ഇതൊക്കയാണ് തെറ്റായ വാർത്തകൾ എന്ന് പറയുന്നത്. ഇത്തരത്തിൽ സംശയം ഉളവാക്കുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടാൽ ഇതുപോലെ ബഹുമാനപ്പെട്ട അംഗങ്ങൾ അത് സഭയെ ധരിപ്പിക്കേണ്ടതാണ്. എല്ലാ മൈക്രോബയോളജി ലാബുകളിലും അമീബയുടെ സാന്നിധ്യം പരിശോധിക്കാൻ സാധിക്കും. ഞാൻ ഈയിടെ മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരു വി.ആർ.ഡി.എൽ. ലാബിന്റെ ഉദ്ഘാടനത്തിന് വന്നിരുന്നു. നമ്മുടെ സംസ്ഥാനത്ത് കോഴിക്കോട് മെഡിക്കൽ കോളേജിലും മഞ്ചേരി മെഡിക്കൽ കോളേജിലുമായി രണ്ട് വി.ആർ.ഡി.എൽ. ലാബുകളാണുള്ളത്. തെറ്റായ വാർത്തകളിലൂടെ കേരളത്തിന്റെ ആരോഗ്യ സംവിധാനത്തെ അപകീർത്തിപ്പെടുത്തുന്നതിന്റെ ഏറ്റവും നല്ലൊരു ഉദാഹരണമാണ് ശ്രീ. ടി. വി. ഇബ്രാഹിം എം.എൽ.എ. ചൂണ്ടിക്കാണിച്ചത്. രോഗകാരണം അമീബയുടെ സാന്നിധ്യമാണെങ്കിൽ അത് എല്ലാ മൈക്രോബയോളജി ലാബുകളിലും കണ്ടെത്താൻ കഴിയുമെന്ന് ഞാൻ ഒരിക്കൽക്കൂടി സൂചിപ്പിക്കുകയാണ്. അതായത് അതത് ജില്ലകളിൽത്തന്നെ പരിശോധനാ സംവിധാനം ലഭ്യമാണ്. പരിശോധനയിൽ അമീബിക് മസ്തിഷ്ക

ജ്വരമാണെന്ന് സ്ഥിരീകരിച്ചാൽ ഉടൻതന്നെ ചികിത്സ ആരംഭിക്കാൻ കഴിയും. ഏതുതരം അമീബയുടെ സാന്നിധ്യമാണെന്ന് കണ്ടെത്തേണ്ടത് അടുത്ത ഘട്ടത്തിലാണ്. Naegleria fowleri, Acanthamoeba എന്നിങ്ങനെയുള്ള ഏത് വിഭാഗം അമീബയാണെങ്കിലും അത് കണ്ടെത്തുന്നതിനുള്ള പി.സി.ആർ. ടെസ്റ്റ് സംവിധാനം മുമ്പ് കേരളത്തിലുണ്ടായിരുന്നില്ല. ഇന്ത്യയിൽ ചണ്ഡിഗഡ്, പോണ്ടിച്ചേരി എന്നീ രണ്ട് സ്ഥലങ്ങളിൽ മാത്രമേ ആ ടെസ്റ്റ് ഉണ്ടായിരുന്നുള്ളൂ. ഇന്ന് കേരളത്തിൽ പി.സി.ആർ. ടെസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനം സ്റ്റേറ്റ് ഹെൽത്ത് ലാബിലും ശാസ്ത്ര സാങ്കേതിക വകുപ്പിനുകീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലും വികസിപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ഉടൻതന്നെ ടി സംവിധാനം ആരംഭിക്കുന്നതാണ്. അതിന്റെ അർത്ഥം അമീബിക് മസ്തിഷ്കജ്വരം ആണെന്ന് കണ്ടുപിടിക്കാൻ കേരളത്തിൽ തിരുവനന്തപുരത്തെ ലാബിൽ മാത്രമേ കഴിയുകയുള്ളൂ എന്നല്ല; എല്ലാ ജില്ലകളിലും അത് പരിശോധിക്കാവുന്നതാണ്. ഇന്ത്യയിൽ നടക്കുന്ന എഴുപത് ശതമാനം മസ്തിഷ്ക മരണങ്ങൾക്കും കാരണമെന്താണെന്ന് കണ്ടുപിടിക്കുന്നില്ല. 2023-ലെ നിപ ഔട്ട് ബ്രേക്കിനുശേഷം കേരളത്തിൽ

ഇക്കാര്യം കൃത്യമായി പരിശോധിക്കാനും റിപ്പോർട്ട് ചെയ്യാനും തുടങ്ങിയിട്ടുണ്ട്. വൈറൽ പാനൽ ടെസ്റ്റ് നെഗറ്റീവ് ആയില്ലെങ്കിൽ അമീബയ്ക്ക് പരിശോധിക്കണമെന്ന് ഇവിടത്തെ ഡോക്ടർമർ നിർദേശിച്ചു. 2020-ൽ ന്യൂഡൽഹിയിലെ AIIMS-മൈക്രോബയോളജി വിഭാഗം യൂറോപ്യൻ ജേർണൽ ഓഫ് പ്രോട്ടിസ്റ്റോളജിയിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ കാരണമറിയാത്ത മസ്തിഷ്കജ്വരങ്ങളിൽ ഒരു ശതമാനം അമീബിക് മസ്തിഷ്കജ്വരമാണെന്ന് കണ്ടെത്തുകയുണ്ടായി. 2022-ൽ പ്രശസ്തമായ PGIMER (Postgraduate Institute of Medical Education and Research), ചണ്ഡിഗഢിലെ മെഡിക്കൽ പാരസെറ്റോളജി വിഭാഗം പ്രസിദ്ധീകരിച്ച ഒരു ശാസ്ത്രലേഖനത്തിൽ, മസ്തിഷ്കജ്വരം ബാധിച്ചിട്ടുണ്ടെന്ന് സംശയിച്ച 156 പേരുടെ തലച്ചോറിലെ ശ്രവ പരിശോധനയിൽ പതിനൊന്ന് പേർക്ക് അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിക്കുകയുണ്ടായി. തീർച്ചയായും മറ്റിടങ്ങളിലും അമീബിക് മസ്തിഷ്കജ്വരമുണ്ട്. പക്ഷെ അത് കണ്ടെത്തപ്പെടുന്നില്ല എന്നതാണ് വാസ്തവം. ഇന്ത്യയിൽ രോഗകാരണം അറിയാത്ത മസ്തിഷ്കജ്വരങ്ങളിൽ ഏഴ് ശതമാനത്തോളവും അമീബിക് മസ്തിഷ്കജ്വരം ആകാനുള്ള സാധ്യതയുണ്ട്.

2023-ൽ കൊൽക്കത്ത സ്കൂൾ ഓഫ് ട്രോപ്പിക്കൽ മെഡിസിൻ (CSTM)-ലും അമീബിക് മസ്തിഷ്കജ്വരത്തെ സംബന്ധിച്ച് പഠനം നടന്നിരുന്നു. ടി പഠനറിപ്പോർട്ടിലും രോഗകാരണമറിയാത്ത മസ്തിഷ്കജ്വരങ്ങൾ പരിശോധിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. മസ്തിഷ്കജ്വരം പരിശോധിച്ച് തുടങ്ങിയപ്പോഴും അമീബയാണ് രോഗകാരണമെന്ന് കണ്ടെത്തിയപ്പോൾ മുതലുള്ള അറിവുകളെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളായി പരിവർത്തനപ്പെടുത്തിയ ഭൂപ്രദേശമാണ് കേരളം. കൂടാതെ ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഒട്ടേറെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് എന്റെ കൈവശം ഇപ്പോൾ മൂന്ന് രേഖകളുണ്ട്. അത് ബഹുമാനപ്പെട്ട അംഗങ്ങൾക്കുവേണ്ടി ഇവിടെ സൂചിപ്പിക്കാം. ആദ്യത്തേത്, അമീബിക് മസ്തിഷ്കജ്വരത്തിന്റെ ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ട ഗൈഡ്‌ലൈനാണ്. ഇത്തരമൊരു ഗൈഡ്‌ലൈൻ ഇന്ത്യയിൽ ആദ്യമായി രൂപീകരിക്കുന്ന സംസ്ഥാനം കേരളമാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ വർഷം വിളിച്ചുചേർത്ത ഒരു യോഗത്തിന്റെ അടിസ്ഥാനത്തിലാണ് 2024-ൽ ഗൈഡ്‌ലൈൻ രൂപീകരിച്ചത്. Technical

Guidelines on Prevention, Diagnosis and Treatment of Amoebic Meningoencephalitis in Kerala എന്നതാണ് രണ്ടാമത്തെ ഭാഗമായ ടെക്നിക്കൽ ഗൈഡ്‌ലൈൻ. ഈ രോഗത്തിന്റെ സോഴ്സ് എന്താണെന്ന് അറിയില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പ്രതിപക്ഷ അംഗങ്ങളും ഇവിടെ പറയുകയുണ്ടായി. ശാസ്ത്രീയമായി ആഗോളതലത്തിൽത്തന്നെ ലഭ്യമായിട്ടുള്ള ലിറ്ററേച്ചറുകളും നമ്മുടെ മുന്നിലുള്ള കണ്ടെത്തലുകളുംകൂടി പരിശോധിച്ചതിനുശേഷം exposure and category എന്ന വിഭാഗത്തിൽ വാട്ടർ ആക്റ്റിവിറ്റി, സ്വിമ്മിങ്, ഡൈവിങ്, വേവിങ്, വാട്ടർ സ്പോർട്സ്, നേസൽ ഇറിഗേഷൻ, സ്പ്ലാഷിങ്, വാട്ടർ ഫെസ്റ്റിവൽ, ലേക്ക്, പോണ്ട്, റിസർവോയർ, സ്വിമ്മിങ് പൂൾ, ടാപ് വാട്ടർ, കനാൽ, റിവർ, സ്ട്രീം, ജിയോതെർമൽ വാട്ടർ, വാട്ടർ ടാങ്ക്, അക്വാട്ടിക് സ്പോർട്സ് വെന്യൂ എന്നിവ ഉൾപ്പെടുത്തിയാണ് 2024-ൽ സർക്കാരിന്റെ രേഖയായ ടെക്നിക്കൽ ഗൈഡ്‌ലൈൻ തയ്യാറാക്കിയിരിക്കുന്നത്. അമീബിക് മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ഏകാരോഗ്യ ആശയത്തിൽ അധിഷ്ഠിതമായ ആക്ഷൻ പ്ലാനായി തയ്യാറാക്കിയ ലോകത്തിലെ ഏക ഭൂപ്രദേശമാണ് കേരളം. ഏകാരോഗ്യത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിന് ആരോഗ്യവകുപ്പിനെ സംബന്ധിച്ചിടത്തോളം ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ ഉണ്ട്. ലാബ് പരിശോധനയെക്കുറിച്ചും തെറ്റായ പ്രചരണങ്ങളെക്കുറിച്ചും ഞാൻ നേരത്തെ വിശദീകരിച്ചല്ലോ? പരിശോധന, ട്രീറ്റ്മെന്റ് എന്നീ കാര്യങ്ങളെ സംബന്ധിച്ച് കൃത്യമായ ഗൈഡ്ലൈനും പ്രോട്ടോകോളുമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്തിടെ വിവിധ വകുപ്പുകളെ വിളിച്ച് ചേർത്തുകൊണ്ട് ഒരു മീറ്റിങ് നടത്തിയിരുന്നു. ഈ രോഗവ്യാപനത്തിന്റെ ഭാഗമായി എന്തൊക്കെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തണമെന്ന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഈ പ്രമേയം അവതരിപ്പിച്ച ബഹുമാന്യനായ പ്രമേയ അവതാരകൻ ഇവിടെയുണ്ടല്ലോ; അദ്ദേഹത്തിന്റെ നിയോജകമണ്ഡലം പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ആണല്ലോ? സംസ്ഥാന സർക്കാരിന്റെ ഹരിത കേരളം മിഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ഡോക്യുമെന്റ് ആണിത്. (ഡോക്യുമെന്റ് ഉയർത്തിക്കാണിച്ചു) ഈ ഡോക്യുമെന്റിൽ 14 ജില്ലകളിലെയും തദ്ദേശസ്ഥാപനങ്ങളെ ഉൾപ്പെടുത്തി അമീബിക് മസ്തിഷ്ക ജ്വരത്തെ പ്രതിരോധിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഞാൻ അതിലെ ഒരു കാര്യം

വായിക്കാം. പാലക്കാട് ആകെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം 95 ആണ്. പ്രവർത്തനങ്ങൾ നടന്ന തദ്ദേശസ്ഥാപനങ്ങളുടെ എണ്ണവും 95. പാലക്കാട് മാത്രം തദ്ദേശസ്ഥാപനങ്ങളിൽ നടന്ന യോഗങ്ങളുടെ എണ്ണം 132, മറ്റു യോഗങ്ങളുടെ എണ്ണം 341, പരിശീലനങ്ങളുടെ എണ്ണം 194 എന്നിങ്ങനെയാണ്. മണ്ണാർക്കാട് നിന്ന് കുറച്ചുദൂരം പോയാൽ അട്ടപ്പാടിയാണ്, അതും അങ്ങയുടെ മണ്ഡലം തന്നെയാണ്. ബഹുമാനപ്പെട്ട ജില്ലാ കളക്ടർ അട്ടപ്പാടിയിൽ സംഘടിപ്പിക്കുന്ന ക്യാമ്പയിൻ സംബന്ധിച്ച് പ്രത്യേക പത്രക്കുറിപ്പ് ഇറക്കുകയും 2025, ഓഗസ്റ്റ് 29-ന് അട്ടപ്പാടിയിൽ സംഘടിപ്പിച്ച ജില്ലാതല ഉദ്യോഗസ്ഥരുടെയും അട്ടപ്പാടി മേഖലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യോഗത്തിൽ ക്യാമ്പയിൻ ഫലപ്രദമായി നടത്തുന്നതിനെ സംബന്ധിച്ച് നിർദേശം നൽകുകയും ചെയ്തു. അങ്ങ് മണ്ഡലത്തിൽ ഇല്ലേ, ഇതൊക്കെ അറിയാതെ പോകുന്നത് എന്തുകൊണ്ടാണ്? ടി വിഷയത്തിൽ ഒരു കാര്യവും നടക്കുന്നില്ലെന്നാണ് അദ്ദേഹം സഭയിൽ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളെ, ഓരോരുത്തരുടെ നിയോജകമണ്ഡലങ്ങളിലും ജില്ലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള

പ്രവർത്തനങ്ങളുടെ ഡോക്യുമെന്റാണിത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെയുണ്ട്. അദ്ദേഹമാണ് പാലക്കാട് ജില്ലയിൽ 'ജലമാണ് ജീവൻ' എന്ന പേരിൽ സംഘടിപ്പിക്കുന്ന ജനകീയ തീവ്രയജ്ഞ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പും ഹരിതകേരളം മിഷനും ആരോഗ്യവകുപ്പും സംയുക്തമായി ചേർന്നാണ് ഈ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടത്തുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ പ്രതിപക്ഷം ഉന്നയിച്ച മുഴുവൻ കാര്യങ്ങളും വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഞാൻ ഖണ്ഡിച്ചത്. ട്രീറ്റ്മെന്റ് ഗൈഡ്ലൈൻ ഇല്ലെന്നും പരിശോധനാ ഗൈഡ്ലൈൻ ഇല്ലെന്നും മറ്റ് സംവിധാനങ്ങളില്ലെന്നുമാണ് അവർ പറഞ്ഞത്. എന്നാൽ മുഴുവൻ ഗൈഡ്ലൈനുകളും വച്ചാണ് ഞാൻ സംസാരിച്ചത്. ഒരു പ്രവർത്തനവും നടക്കുന്നില്ലെന്നായിരുന്നു രണ്ടാമത് ഉയർത്തിയ ആക്ഷേപം. അതിനുള്ള മറുപടി ഡോക്യുമെന്റ് സഹിതമാണ് ഞാൻ നൽകിയിട്ടുള്ളത്. രോഗം പടർന്നുപിടിക്കുന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. ഇതൊരു

പകർച്ചവ്യാധിയല്ല. എനിക്ക് അഭ്യർഥിക്കാനുള്ളത്, ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ... (ബഹളം) ...

മി. സ്പീക്കർ: പ്ലീസ്... പ്രകോപിതരാവല്ലേ, പ്ലീസ്...

ശ്രീമതി വീണാ ജോർജ്: സർ, നിങ്ങളെല്ലാവരും പറയുന്നത് ഞാൻ കേട്ടില്ലേ? ഞാൻ പറയുന്നത് ഒന്ന് കേൾക്കു. അങ്ങ് പറയുന്നത് ഞാൻ കേൾക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ....(മൈക്ക് ഓഫ്).... (...ബഹളം...) .....

മി. സ്പീക്കർ: പ്ലീസ്... അത്തരം വാക്കുകളൊന്നും പ്രയോഗിക്കരുത് പ്ലീസ്... ശ്രീ. എൻ. ഷംസുദ്ദീൻ അത്തരം വാക്കുകളൊന്നും പ്രയോഗിക്കരുത്, നിങ്ങൾ ഒരു സീനിയർ അംഗമാണ്. അങ്ങനെ ഒന്നും സംസാരിക്കരുത്. തന്നില്ലെങ്കിൽ അത് പറയാം. അത്തരം പ്രയോഗങ്ങൾ നടത്തരുത്, പ്ലീസ്... ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് കണ്ടിന്യൂ ചെയ്തോളൂ. ശ്രീ. സജി ചെറിയാൻ, പ്ലീസ്... അവിടെ ഇരിക്കു, ബഹുമാനപ്പെട്ട മിനിസ്റ്റർ, അവിടെ ഇരിക്കു, അങ്ങ് കണ്ടിന്യൂ ചെയ്തോളൂ. അദ്ദേഹം നടത്തിയ പരാമർശം ശരിയായില്ലെന്ന് ചെയർ തന്നെ പറഞ്ഞു. മിനിസ്റ്റർ, അവിടെ ഇരിക്കു. കണ്ടിന്യൂ പ്ലീസ്... (...ബഹളം...)...

ശ്രീമതി വീണാ ജോർജ്: സർ, എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളോട് പറയാനുള്ളത് ഞാൻ പറയട്ടെ (..ബഹളം...) ...

മി. സ്പീക്കർ: ഞാൻ ചോദിക്കുന്നുണ്ട്, പ്ലീസ്... അദ്ദേഹം മറുപടി പറയട്ടെ. മറുപടി പറയുമ്പോൾ പ്രകോപിതനാവേണ്ട കാര്യമെന്താണ്? അങ്ങനെയല്ല പറഞ്ഞത്. പ്ലീസ്... അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. അങ്ങയുടെ മണ്ഡലത്തിൽ യോഗം നടന്നിട്ടില്ലെന്നേ പറഞ്ഞിട്ടുള്ളൂ. അങ്ങ് നടത്തിയ പരാമർശം തെറ്റാണ്. അങ്ങയെപ്പോലെ ഒരു മുതിർന്ന അംഗം ഇത്തരം പരാമർശം നടത്താൻ പാടില്ലായിരുന്നു. അങ്ങ് നടത്തിയ പരാമർശം എന്താണ്? അത് ശരിയല്ല. അങ്ങയെപ്പോലെ ഒരാൾ അങ്ങനെ പറയാൻ പാടില്ലായിരുന്നു. മിനിസ്റ്റർ, കണ്ടിന്യൂ ചെയ്യൂ..... പ്ലീസ്... അവിടെ പോയിരിക്കൂ. അങ്ങയെപ്പോലെ ഒരാൾ അങ്ങനെ സംസാരിക്കാൻ പാടില്ലായിരുന്നു. ചിലപ്പോൾ സഡൻ പ്രൊവൊക്കേഷൻ ആയിരിക്കാം. എന്നാലും അങ്ങനെ പറയാൻ പാടില്ലായിരുന്നു. അവിടെ ഇരിക്കൂ, പ്ലീസ്... മിനിസ്റ്റർ, മറുപടി പറയട്ടെ. അവിടെ ഇരിക്കൂ പ്ലീസ്...

ശ്രീമതി വീണാ ജോർജ്: സർ, ഞാൻ ബഹുമാന്യനായ പ്രതിപക്ഷനേതാവിനോട് അഭ്യർഥിക്കുന്നത് ഇതിൽ എന്തെങ്കിലും

നിർദേശങ്ങൾ ബഹുമാന്യരായിട്ടുള്ള പ്രതിപക്ഷ അംഗങ്ങൾക്ക്... (ബഹളം) ...

മി. സ്പീക്കർ: അദ്ദേഹം പറയട്ടെ. പ്ലീസ് മിനിസ്റ്റർ, അവിടെ ഇരിക്കു, പ്ലീസ്...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീനെതിരായി ഗുരുതരമായ ഒരു ആക്ഷേപം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അദ്ദേഹം മണ്ഡലത്തിലില്ലെന്നും അദ്ദേഹം ഇതൊന്നും അറിഞ്ഞിട്ടില്ലെന്നുമാണ് പറഞ്ഞത്. വ്യക്തിപരമായി പേരെടുത്ത് ഒരു അംഗത്തിനെതിരായി ആക്ഷേപം ഉന്നയിച്ചാൽ അയാൾക്ക് അതിന് മറുപടി പറയാനുള്ള അവസരം നൽകണമെന്നാണ് ഞങ്ങളുടെ അഭ്യർഥന. അത് സാമാന്യ മര്യാദയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ശ്രീ. എൻ. ഷംസുദ്ദീൻ നടത്തിയ പരാമർശം ശരിയായില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം എന്തു പറഞ്ഞു?

മി. സ്പീക്കർ: അദ്ദേഹം വിളിച്ചുപറഞ്ഞ പദങ്ങൾ ഒന്നും ഈ സഭയിൽ പറയാൻ പാടില്ല. എന്ത് തോന്ന്യാസവും വിളിച്ച് പറയാൻ പാടില്ല. അദ്ദേഹം ഒരു മുതിർന്ന അംഗമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഒന്നും പറഞ്ഞിട്ടില്ല, അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞത് ശരിയായില്ല. ഒരുപക്ഷേ സഡൻ പ്രൊവൊക്കേഷൻ ആയിരിക്കാം. പക്ഷെ പറഞ്ഞ രീതി ശരിയായില്ല. പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ അവസരം കൊടുത്തില്ലെങ്കിൽ...

മി. സ്പീക്കർ: ഞാൻ കേട്ടല്ലോ. ചെയർ കേൾക്കുന്നതിനപ്പുറം എന്ത് റെക്കോർഡാണ്. ചെയർ കേൾക്കുന്നതിനേക്കാൾ മുമ്പ് എന്ത് റെക്കോർഡാണ്? ഞാൻ കേട്ടല്ലോ, ചെയർ കേട്ടല്ലോ...

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു അംഗത്തെ പരസ്യമായി ഒരു മന്ത്രി അപമാനിച്ചിട്ട് അദ്ദേഹത്തിന് മറുപടി പറയാൻ അവസരം കൊടുക്കുന്നില്ലെങ്കിൽ, ഞങ്ങൾ ഈ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി).

മി. സ്പീക്കർ: ഓർഡർ... ഓർഡർ...

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാന്യരായ പ്രതിപക്ഷ അംഗങ്ങൾക്ക് അമീബിക് മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ നിർദേശങ്ങൾ...

ശ്രീ. സജി ചെറിയാൻ: സർ, ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ ഉപയോഗിച്ച പദം പാർലമെന്ററി ജനാധിപത്യത്തിന് യോജിക്കാത്ത പദമാണ്. ആ പദം ഈ രേഖയിൽനിന്ന് പിൻവലിക്കണം, അയാൾ മാപ്പ് പറയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വളരെ മര്യാദകെട്ട പദമാണ് ആ മെമ്പർ ഉന്നയിച്ചത്. ഒരു വനിതാ മന്ത്രിയെപ്പറ്റി അദ്ദേഹം ഉന്നയിച്ച പദം, അത് ഞാൻ ഇവിടെ പറയണോ?

മി. സ്പീക്കർ: ആ പോയിന്റിൽ ചെയർ തന്നെ ക്ലാരിഫിക്കേഷൻ നടത്തിയിട്ടുണ്ട്.

ശ്രീമതി വീണാ ജോർജ്: സർ, ഇത് കേട്ടിരിക്കാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല, അതാണ് യാഥാർത്ഥ്യം. ഇനിയിപ്പോൾ അവർ പറഞ്ഞ ഓരോ

കാര്യങ്ങളും ഇവിടെ നമുക്ക് പറയേണ്ടതായി വരും. അവർ സഭ ബഹിഷ്കരിച്ച് പോയെങ്കിലും ഞാൻ പറയുകയാണ്. അമീബിക് മസ്തിഷ്ക ജ്വരത്തെക്കുറിച്ചുള്ള എന്തെങ്കിലും ക്രിയാത്മക നിർദേശമുണ്ടെങ്കിൽ അതവർക്ക് നിർദേശിക്കാമായിരുന്നല്ലോ? അമീബിക് മസ്തിഷ്കജ്വരത്തെക്കുറിച്ച് നിങ്ങളുടെ ഗൈഡ്ലൈനിൽ ഇങ്ങനെയുണ്ട്. അതിനെ ഇങ്ങനെ മാറ്റാനായി കഴിയുമോ; എന്ന് ചോദിക്കാമായിരുന്നല്ലോ? അവരുടെ വിദഗ്ധരോട് അഭിപ്രായം ചോദിക്കട്ടെ; അതിനുശേഷം അത് എങ്ങനെ മാറ്റാമെന്നതുസംബന്ധിച്ച് ചർച്ച ചെയ്യാമല്ലോ; ക്രിയാത്മകമായ ഒരു നിർദേശവും മുന്നോട്ടുവയ്ക്കാൻ അവർക്ക് കഴിഞ്ഞില്ലല്ലോ? കിണറുകളും കുളങ്ങളും ശാസ്ത്രീയമായി ക്ലോറിനേറ്റ് ചെയ്യുന്നതിൽ പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടായിരിക്കും എന്ന് പറയുകയോ ഒന്നും ചെയ്തില്ലല്ലോ; കിണറുകളും കുളങ്ങളും ക്ലോറിനേറ്റ് ചെയ്യുന്നതിൽ ഒന്നിച്ച് നിൽക്കാമല്ലോ; അതിൽ രാഷ്ട്രീയ വ്യത്യാസമില്ലല്ലോ? ആ നിലയിൽ അവർ പ്രവർത്തിച്ചത് വളരെയധികം നിർഭാഗ്യകരമായിപ്പോയി.

കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട് വളരെ മുമ്പുതന്നെ രോഗം കണ്ടുപിടിക്കുന്നുണ്ട്. അല്ലെങ്കിൽ അത് മസ്തിഷ്ക മരണം

അല്ലെങ്കിൽ മസ്തിഷ്ക ജ്വരമെന്നുള്ള നിലയിൽ അടയാളപ്പെടുത്തപ്പെട്ടുപോകുമായിരുന്നു. കണ്ടുപിടിക്കപ്പെടുന്നതുകൊണ്ടുള്ള ഗുണം ഞാൻ നേരത്തെ പറഞ്ഞതുപോലെ Naegleria ആണെങ്കിൽ 98 ശതമാനം മരണനിരക്കുള്ള ഒരു രോഗത്തിൽനിന്ന് രോഗികളെ നമുക്ക് രക്ഷിക്കാൻ സാധിക്കുന്നു. അതുപോലെ Acanthamoeba കാരണമുള്ള മസ്തിഷ്ക ജ്വരമാണെങ്കിൽ അറുപത് ശതമാനത്തിനുമുകളിൽ മോർട്ടാലിറ്റിയുള്ള രോഗത്തിൽനിന്നും നമുക്ക് രോഗികളെ രക്ഷിക്കാൻ സാധിക്കുന്നു. ഇരുപത്തിനാല് ശതമാനമായി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കേരളത്തിന് കഴിഞ്ഞുവെന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. നേരത്തെ രോഗം കണ്ടെത്തുന്നു (early detection)-വെന്നുള്ളത് വളരെയധികം പ്രാധാന്യമർഹിക്കുന്ന നേട്ടമാണ്. അതിന് ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ ഉൾപ്പെടെയുള്ളവ തയ്യാറാക്കിയാണ് കേരളം മുന്നോട്ടുപോകുന്നത്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മലിനമായി കെട്ടികിടക്കുന്ന കുളങ്ങൾ, പാറ കുളങ്ങൾ എന്നിവയിൽ നീന്താൻ പാടില്ലെന്നും മൂക്കിലേക്ക് വെള്ളം കയറ്റുകയോ ഒഴിക്കുകയോ ചെയ്യാൻ പാടില്ലെന്നും മൂക്കിലേക്ക് വെള്ളം കയറുന്ന എല്ലാ

സാഹചര്യങ്ങളും ഒഴിവാക്കണമെന്നും സ്വിമ്മിങ് പൂളുകൾ, മറ്റ് വാട്ടർ തീം പാർക്കുകളിലെ പൂളുകൾ ശാസ്ത്രീയമായി ക്ലോറിനേറ്റ് ചെയ്യുവെന്നും ഉറപ്പാക്കണം. അവിടെ രജിസ്റ്ററുകൾ സൂക്ഷിക്കണം. ഇതെല്ലാം ഇതിന്റെ ഭാഗമായുള്ള കാര്യങ്ങളാണ്. അതുകൊണ്ട് കേരളത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മീറ്റിങ് വിളിച്ചുചേർത്തുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പും ഹരിതകേരള മിഷനും ആരോഗ്യ വകുപ്പും അതോടൊപ്പം കേരളത്തിന്റെ പൊതുസമൂഹവും ഒന്നിച്ചുചേർന്നുകൊണ്ട് ചികിത്സിക്കപ്പെടാതെ മരണത്തിലേക്ക് പോകുമായിരുന്ന ആളുകളെ കണ്ടുപിടിച്ച് ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടു വരുന്നുവെന്നുള്ളതാണ്. അതിനുവേണ്ടിയിട്ടുള്ള ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി സ്വീകരിച്ച് മുന്നോട്ടുപോകുന്നു എന്നതാണ് പ്രത്യേകമായി പറയാനുള്ളത്. ഉറവിടം കണ്ടെത്തുന്നതിൽ പരാജയപ്പെട്ടു എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. ഗൈഡ്‌ലൈൻ ഉൾപ്പെടെ ഞാൻ ഇവിടെ വച്ചതിനാൽ ഈ അവസരത്തിൽ അതിലേക്ക് വിശദമായി കടക്കുന്നില്ല. ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം പറഞ്ഞ കാര്യത്തിൽ, അദ്ദേഹത്തിന്റെ

നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അട്ടപ്പാടിയിലേക്ക് 25-ാം തീയതി ഞാൻ പോകുകയാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ കൂടി സൗകര്യം പരിഗണിച്ചാണ് 22-ാം തീയതി എന്നത് 25-ലേയ്ക്ക് മാറ്റിയത്. എന്തിനാണെന്ന് അറിയുമോ? അട്ടപ്പാടിയിൽ 20 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. അതിന്റെ ഉദ്ഘാടനമാണ് നടക്കുന്നത്. Neonatal ICU, LaQshya standard പ്രകാരമുള്ള പ്രസവ വാർഡ് ഉൾപ്പെടെ എല്ലാ കാര്യങ്ങളും അവിടെ യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. ഒരു കാര്യം കൂടി പറയാനുണ്ട്. 2012-ൽ യു.ഡി.എഫ്. ഭരിക്കുന്ന കാലഘട്ടത്തിൽ ഗോത്രവർഗ വിഭാഗത്തിൽ infant mortality rate 28.9 ശതമാനമായിരുന്നു. എന്നാൽ 2025-26-ൽ 6.8 ശതമാനമായി അത് കുറയ്ക്കാൻ നമുക്ക് സാധിച്ചു. 'പെൺട്രിക കൂട്ട്' എന്ന പെൺകൂട്ടായ്മ ഉൾപ്പെടെ രൂപീകരിച്ചുകൊണ്ടാണ് കമ്മ്യൂണിറ്റി ഇടപെടലുകൾ സാധ്യമാക്കിയിട്ടുള്ളത്. മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ടിലൂടെ 12 കോടി രൂപയുടെ കെട്ടിടത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. എന്നിട്ടും കേരളത്തെ സംബന്ധിച്ചും കേരളത്തിന്റെ ആരോഗ്യമേഖലയെ സംബന്ധിച്ചും തീർത്തും

അപകീർത്തിപരമായ കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഇവിടെ പ്രതിപക്ഷ അംഗങ്ങളാരും ഇല്ല, എങ്കിലും അവർ പൊതുവെ പറഞ്ഞ ചില കാര്യങ്ങൾ പറഞ്ഞുപോകാം. ഇവരുടെ കാലത്ത് എത്ര കാത്ത് ലാബുകൾ തുടങ്ങി? അവരുടെ കാലത്ത് തുടങ്ങിയ കാത്ത് ലാബുകളുടെ എണ്ണം പൂജ്യമാണ്. അവർ ഇപ്പോൾ മറ്റ് കാര്യങ്ങൾ പറയുന്നു. മെഡിക്കൽ കോളേജുകളിൽ കാത്ത് ലാബ് തുടങ്ങിയത് ഇടതുപക്ഷമാണ്. ഈ 9 വർഷ കാലയളവിലാണ് ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് തുടങ്ങിയത്. കേരളത്തിൽ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ  ഉണ്ടായിരുന്നില്ല, 12 ജില്ലാ ആശുപത്രികളിലാണ് ഉണ്ടായിരുന്നത്. ഇന്ന് 112-ഓളം കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാൻ സാധിച്ചു. ഇവരുടെ കാലഘട്ടത്തിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉണ്ടായിരുന്നില്ല. പക്ഷേ ഇപ്പോൾ മൂന്ന് മെഡിക്കൽ കോളേജുകളിൽ,  കോഴിക്കോട് മെഡിക്കൽ കോളേജിലും ഇപ്പോൾ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ  ആരംഭിക്കുവാൻ പോകുകയാണ്. ഇവരുടെ കാലത്ത് എത്ര മെഡിക്കൽ കോളേജ് തുടങ്ങി? മുമ്പുള്ള ഇടതുപക്ഷ സർക്കാരുകളുടെ കാലഘട്ടം പരിഗണിക്കാതെ കഴിഞ്ഞ സർക്കാരിന്റെയും

ഈ സർക്കാരിന്റെയും കാലഘട്ടം പരിഗണിച്ചാൽ, കേരളത്തിൽ 6 മെഡിക്കൽ കോളേജുകൾ ഈ 9 വർഷകാലയളവിലാണ് ആരംഭിച്ചത്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 4 മെഡിക്കൽ കോളേജുകൾ തുടങ്ങാൻ നമുക്ക് സാധിച്ചു. പത്തനംതിട്ടയിലും ഇടുക്കിയിലും കാസർഗോഡും വയനാട്ടും മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ സാധിച്ചു. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ഒരു കുടുംബത്തിനുണ്ടായിരുന്ന പരമാവധി ഇൻഷ്വറൻസ് 30,000/- രൂപയായിരുന്നു. അത് പരമാവധി 40000 പേർക്കാണ് ലഭിച്ചുകൊണ്ടിരുന്നത്. ഇടതുപക്ഷ സർക്കാരിന്റെ കാലഘട്ടത്തിൽ കപ്പിത്താനില്ലെന്ന് പറഞ്ഞ കേരളത്തിലെ നവകേരള തീരത്തേക്ക്, ആ കപ്പലിനെ അടുപ്പിക്കുമെന്ന് കഴിഞ്ഞ നിയമസഭയിൽ ഞാൻ പറഞ്ഞിരുന്നു. കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ, ഒരു കുടുംബത്തിന് ഒരു വർഷം 30,000 രൂപ എന്നുള്ളത് 5 ലക്ഷം രൂപയായും 40000 പേർക്ക് എന്നുള്ളത് ആറര ലക്ഷം പേർക്ക് എന്നുമാക്കി മാറ്റി. ആറര ലക്ഷം പേർക്ക് സൗജന്യ ചികിത്സ നൽകുന്നുണ്ട്. അതാണ് ഞാൻ പറഞ്ഞത്, കണക്കുകൂട്ടിയാൽ നമുക്ക് മനസ്സിലാകും. യു.ഡി.എഫ്. കാലത്ത്

114 കോടി രൂപയായിരുന്നെങ്കിൽ, ഇപ്പോൾ ഒരു വർഷം 1498 കോടി രൂപയാണ്. അവർ പറയുന്ന 2,000 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്ന്. എങ്ങനെയാണ്? അവർതന്നെ സമ്മതിക്കുകയാണ് അത്രയും രൂപയുടെ ചികിത്സ, ആശുപത്രികളിലൂടെ ഈ നാട്ടിലെ സാധാരണക്കാരായിട്ടുള്ള ആളുകൾക്ക് നൽകിയിട്ടുണ്ടെന്ന്. യു.ഡി.എഫ്.-ന്റെ കാലത്ത് എത്ര ആശുപത്രികളിൽ നാഷണൽ ക്വാളിറ്റി അക്രഡിറ്റേഷൻ (NQA) ഉണ്ടായിരുന്നു? പൂജ്യം. നിലവിൽ 262 ആശുപത്രികളിൽ നാഷണൽ ക്വാളിറ്റി അക്രഡിറ്റേഷൻ സാധ്യമായിട്ടുണ്ട്.

ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട കടുത്തുരുത്തി അംഗം ഒരു കാര്യം പറയുകയുണ്ടായി. അവർ ഇല്ലാത്തതുകൊണ്ട്, ഞാൻ എല്ലാ കാര്യങ്ങളും പറയുന്നില്ല. അദ്ദേഹം കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വളവൂരിന്റെ കാര്യം പറഞ്ഞിരുന്നു. അവിടെ സ്ഥിതി ചെയ്യുന്ന ഐ.ടി.ഐ.-യിൽ കോഴിക്കോട് സ്വദേശിയായ ഒരു 17 വയസ്സുകാരൻ പഠിക്കുന്നുണ്ട്. 2021-ലാണ് ഹീമോഫീലിയ രോഗികൾക്കായി 'ആശാധാര പദ്ധതി' ആരംഭിക്കുന്നത്. അതിനുമുൻപ് ആ മകന്റെ ജീവിതാവസ്ഥ എന്തായിരുന്നു? ഹീമോഫീലിയ രോഗമാണ്, ബ്ലീഡിംഗ് ഉണ്ടാകും, സ്കൂളിൽ/വിദ്യാലയങ്ങളിൽ

പോകാൻ സാധിക്കില്ല. ആദ്യമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രതിരോധമായി മരുന്ന് നൽകാൻ ആരംഭിച്ചു. അതിനുമുൻപ് സ്കൂളിൽപോലും പോകാൻ കഴിയാതെ പഠനം മുടങ്ങിയ സാഹചര്യത്തിൽനിന്ന് ആ കുട്ടി ഇന്ന് ഏറ്റവും നൂതനമായ 'എമിസിസുമാബ്' ചികിത്സ എടുത്ത് മത്സര പരീക്ഷകൾ ജയിച്ച് പഠിക്കുന്നു. ആ നിലയിൽ നമ്മുടെ ആരോഗ്യ സംവിധാനത്തെ മാറ്റുന്നതിന് വേണ്ടിയിട്ടുള്ള വലിയ പരിശ്രമം ഈ കാലഘട്ടത്തിൽ നടക്കുന്നുണ്ട്. അതുപോലെ ബഹുമാന്യരായിട്ടുള്ള അംഗങ്ങൾ ഓരോരുത്തരായി ഇവിടെ കാര്യങ്ങൾ പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട കുണ്ടറ അംഗം  ശ്രീ. പി. സി. വിഷ്ണുനാഥ് കേരളത്തിലെ ആരോഗ്യരംഗത്തെ സംബന്ധിച്ച് പറഞ്ഞിരുന്നു.  ഞാൻ രണ്ടാഴ്ച മുൻപ് അദ്ദേഹത്തിന്റെ കുണ്ടറ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഉദ്ഘാടനം ചെയ്യാൻ പോയിരുന്നു. നേരത്തെ അവിടെ ഡയാലിസിസ് യൂണിറ്റ് ഉണ്ടായിരുന്നില്ല. പെരിന്തൽമണ്ണ അംഗം എത്ര മോശമായിട്ടാണ് കേരളത്തിലെ സർക്കാർ ആരോഗ്യ സംവിധാനങ്ങളെ ആക്ഷേപിച്ചത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ് ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചത്. പെരിന്തൽമണ്ണ

ആശുപത്രിയിലെ ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് പറയുകയുണ്ടായി. അത് ജില്ലാ പഞ്ചായത്തിന്റെ പരിധിയിലാണ്. ഇപ്പോൾ അവിടെ ഫയർ എൻ.ഒ.സി. ലഭിക്കാത്തതുകൊണ്ടാണ്. ഫയർ എൻ.ഒ.സി.-ക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് ചെയ്യുന്നതേയുള്ളൂ. അത് പൂർത്തീകരിച്ചാൽ അവർ എൻ.ഒ.സി.-ക്ക് അപേക്ഷിക്കുകയും എൻ.ഒ.സി. ലഭിച്ചാലുടൻ തന്നെ നമുക്കത് പൂർത്തീകരിക്കാനും സാധിക്കും. ഇവിടെ ഒരു ഫേസ്ബുക്ക് പോസ്റ്റുമായി ബന്ധപ്പെട്ടുള്ള ചില കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ പറയുകയുണ്ടായി. അത് വളരെ അക്കാദമിക് ആയിട്ടുള്ള കാര്യമാണ്. 2013-ൽ നമ്മുടെ മൈക്രോബയോളജി ഡിപ്പാർട്ട്മെന്റിലെ ഡോക്ടേഴ്സായിരുന്ന ഡോ. അന്ന ചെറിയാനും ഡോ. ആർ. ജ്യോതിയും ഒരു സ്റ്റഡി നടത്തിയിരുന്നു. ആ സ്റ്റഡിയിൽ ഉണ്ടായ കൗതുകം ഞാൻ വളരെ കൃത്യമായി എഴുതിയിട്ടുണ്ട്. നമ്മൾ ഇപ്പോൾ കുളങ്ങളെക്കുറിച്ചും അതുപോലെ ഈ കുളങ്ങളിലെ അമീബയുടെ സാന്നിധ്യത്തെക്കുറിച്ചും പറയുന്നു. 2013-ൽ അവർ ആ സ്റ്റഡി നടത്താനുള്ള കാരണം, അവരുടെ മുന്നിൽ എത്തിയ കേസുകളിൽ കോർണിയയിലെ അൾസറുമായി ബന്ധപ്പെട്ടത് അമീബമൂലമാണെന്ന് കണ്ടെത്തിയതിനാലാണ്. അത് കിണറുകളിലെ

അമീബമൂലമാണ് എന്നത് അവരുടെ assumption ആണ്. ആ assumption-ന്റെ അടിസ്ഥാനത്തിൽ ഒരു പഠനം നടത്തി. ബഹുമാനപ്പെട്ട ഒരു അംഗം ഇവിടെ പറഞ്ഞത് Centers for Disease Control and Prevention (C.D.C) Atlanta-യുടെ കാര്യമാണെന്ന് തോന്നുന്നു. സി.ഡി.സി., അറ്റ്ലാന്റയുടെ ഗൈഡ്‌ലൈനിൽപോലും കുളങ്ങൾ, മറ്റ് സ്റ്റാഗ്നന്റ് വാട്ടർ മാത്രമേയുള്ളൂ. അതിൽ കിണറുകളോ മറ്റു ജലസ്രോതസ്സുകളോ പറയുന്നില്ല. ആദ്യമായി കിണറുകൾ ഉൾപ്പെടെ ഗൈഡ്‌ലൈനിൽ ഉൾപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. ഇപ്പോൾ ഇത് കണ്ടുപിടിച്ചത്, അന്ന് രണ്ട് ഡോക്ടേഴ്സ് അവരുടെ ഒരു സ്റ്റഡിയുടെ ഭാഗമായി കിണറുകൾ എന്നുള്ളത് കണ്ടെത്തിയതുകൊണ്ടാണ്. ആ സന്തോഷംകൊണ്ട് ഞാൻ ഡോ. അന്ന ചെറിയാനെ വിളിച്ചു. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ 2013-ൽ ഞങ്ങൾ ഒരുപാട് ശ്രമിച്ചിരുന്നുവെന്ന് നേരിട്ട് സംസാരിക്കുമ്പോൾ എന്നോട് പറഞ്ഞതാണ്. എന്റെ ഫേസ്ബുക്ക് പോസ്റ്റിൽ അന്നത്തെ മുഖ്യമന്ത്രിയെന്ന് പറഞ്ഞിട്ടില്ല. അന്ന് ഞാൻ പറഞ്ഞത്, സീനിയർ ഉദ്യോഗസ്ഥന്റെ അടുത്ത് അത് കൊണ്ടുവന്നെങ്കിലും സ്വീകരിക്കപ്പെട്ടില്ല എന്നാണ്. അതിന് എന്തിനാണ് ഇവർക്ക് ഇത്രയും വിഷമം ഉണ്ടാകുന്നത്? അത് ഗവൺമെന്റ്

സ്വീകരിക്കാത്ത ഒരു സാഹചര്യത്തിൽ പിന്നീട് ഏതോ ശാസ്ത്രജേർണലിൽ.... ഒരു ശാസ്ത്ര ജേർണലും സർക്കാരിന്റെ പരിഗണനയിലേക്ക് വരുന്ന ഒരു കാര്യമല്ല. അതാണ് 2018-ലെ കാര്യം പറഞ്ഞത്. ഞാൻ വളരെ കൃത്യമായി ഇക്കാര്യം പറയുകയും പിറ്റേ ദിവസം ഞാൻ ഒരു ഫേസ്ബുക്ക് പോസ്റ്റിൽ അതിന്റെ വീഡിയോകൂടി പങ്കുവയ്ക്കുകയും ചെയ്തിരുന്നു. അതായത് 2013-ൽ ഇവിടെ ഒരു കോൺഫറൻസിൽ, ഈ ഡോക്ടേഴ്സ് തന്നെ തയ്യാറാക്കിയ വീഡിയോയിൽ അവർ പറയുന്നുണ്ട്, ഈ ഡോക്ടേഴ്സ് നമ്മുടെ ആർ.ഐ.ഒ.-യിൽ ഒരു ഹസാഡ് നോട്ടീസ് കൊടുക്കുകയും സർക്കാരിനെ ഇത് അറിയിക്കുകയും ചെയ്തുവെന്ന്, expecting some fruitful interventions എന്നുള്ള നിലയിലാണ് ആ വീഡിയോയുള്ളത്. അക്കാര്യമാണ് ഞാൻ പറഞ്ഞത്. ഇതിൽ ആ നിലയിൽ ഒരു വ്യത്യാസം കാണേണ്ടതില്ല. കേരളത്തിൽ പൊതുജനാരോഗ്യ സംവിധാനത്തിലുണ്ടാകുന്ന പ്രശ്നങ്ങളെന്നുപറയുമ്പോൾ നമ്മൾ രോഗം കണ്ടെത്തുകയാണ് ചെയ്യുന്നത്, അല്ലെങ്കിൽ അത് unidentified ആയിപ്പോകും. ആ വ്യക്തികളെ മരണം വരിക്കുന്ന സാഹചര്യത്തിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടിയുള്ള വലിയ ഇടപെടലുകളാണ് ആരോഗ്യമേഖലയിൽ നടത്തുന്നത്.

കോഴിക്കോട് ബീച്ച് (ഗവൺമെന്റ് ജനറൽ ആശുപത്രി കോഴിക്കോട്) ആശുപത്രിയിൽ ഒരുവർഷമായി ഹൃദയ ശസ്ത്രക്രിയ മുടങ്ങിയിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം പറഞ്ഞത്. അവിടെ ഹൃദയ ശസ്ത്രക്രിയ മുടങ്ങിയിട്ടില്ല, ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള കണക്കെടുത്താൽ ഇതുവരെ 920 interventions കോഴിക്കോട് ബീച്ച് ആശുപത്രിയിൽ നടന്നിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ 155, ജൂലൈ മാസത്തിൽ 130, ജൂൺ മാസത്തിൽ 125, മേയ് മാസത്തിൽ 144 എന്നിങ്ങനെ interventions-ഉം procedures-ഉം നടത്താൻ സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ ആരോഗ്യ മേഖലയെ സംബന്ധിച്ച് ചില കണക്കുകൾ പറയുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എന്തോ വിഷമമുള്ളതുപോലെയാണ് തോന്നുന്നത്. എന്തിനാണ് അദ്ദേഹം വിഷമിക്കുന്നത്? ഞാൻ നമ്പറുകളോ എത്ര രൂപയെന്നുള്ളതോ പറയുന്നില്ല. കേരളത്തിലെ ആരോഗ്യമേഖലയിൽ യു.ഡി.എഫ്.-ന്റെ കാലത്തെ അവസാന വർഷമായ 2015-16-ലെ Plan allocation-ന്റെ ശതമാനം നോക്കിയാൽ 5% ആണ് ആരോഗ്യമേഖലയ്ക്കുവേണ്ടി ചെലവഴിച്ചിട്ടുള്ളത്. എൽ.ഡി.എഫ്-ന്റെ കാലഘട്ടത്തിൽ 7.18% ആയി ഉയർത്തുന്നതിന് നമുക്ക് സാധിച്ചു.

ഇതുകൂടാതെ കേരളത്തിലെ ആരോഗ്യ മേഖലയിൽ 10,000-ലധികം കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ യാഥാർഥ്യമാക്കുന്നതിനും സാക്ഷാൽക്കരിക്കുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട്. അതുകൊണ്ട് കേരളത്തിലെ പൊതുജനാരോഗ്യ രംഗത്തെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആശങ്കയ്ക്ക് അടിസ്ഥാനമില്ല. അതിനുള്ള കരുതൽ വളരെ ശക്തമായി എടുത്തുകൊണ്ട് പ്രതിരോധ നടപടികൾ സ്വീകരിക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനായി സാധ്യമായ എന്തൊക്കെ കാര്യങ്ങൾ സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുമോ അത് തീർച്ചയായും ചെയ്യും. ഇന്ന് കേരളത്തിലെ പ്രതിപക്ഷം സഭയിൽ ഇല്ലെങ്കിലും ഇതുമായി ബന്ധപ്പെട്ട് അവർക്ക് ക്രിയാത്മകമായ എന്തെങ്കിലും നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ ഉണ്ടെങ്കിൽ തീർച്ചയായും അത് സ്വീകരിക്കാൻ സർക്കാർ തയ്യാറാണെന്നുകൂടി ഈ അവസരത്തിൽ പറയുകയാണ്. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഒന്നും നടക്കുന്നില്ല എന്നാണ് യു.ഡി.എഫ്.-ന്റെ പ്രചരണം. അത് നമ്മളെ അത്ഭുതപ്പെടുത്തുന്നതും ദുഃഖിപ്പിക്കുന്നതുമായ കാര്യമാണ്.

മി. സ്പീക്കർ: മിനിസ്റ്റർ, ഇനി എത്രസമയം കൂടി വേണം?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഒന്നുരണ്ട് മിനിറ്റുകൂടി മതിയാകും. യു.ഡി.എഫ്.-ന്റെ കാലത്തുള്ള കാര്യം പ്രത്യേകമായി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യമില്ല, രോഗികൾ സ്വകാര്യ ലാബുകളിലേക്ക് പോകുന്നു, 250 ലാബുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പായിട്ടില്ല. യു.ഡി.എഫ്.-ന്റെ കാലത്തുള്ള ഒരു പത്ര കട്ടിങ്ങാണ് എന്റെ കൈവശമുള്ളത്.

തൊട്ടടുത്ത ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കേരളത്തിലെ 885 ആരോഗ്യകേന്ദ്രങ്ങളിലും CHC (Community Health Centre)-കളിലും ഉൾപ്പെടെ ഏതാണ്ട് 1500-ലധികം സ്ഥാപനങ്ങളിൽ ലാബുകൾ തുടങ്ങിക്കൊണ്ടും നിലവിലുള്ള ലാബുകളെ strengthen ചെയ്തുകൊണ്ടും ലാബുകൾ ഇല്ലാത്തയിടങ്ങളിൽ അവ തുടങ്ങിക്കൊണ്ടും കേരളത്തിൽ അതിവിപുലമായ ഒരു ലാബ് ശൃംഖല തീർത്തിരിക്കുകയാണ്. അതിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർത്തിയായിക്കഴിഞ്ഞു. ഇന്ത്യാപോസ്റ്റുമായി എഗ്രിമെന്റ് വച്ചുകൊണ്ട് 'നിർണയ' എന്ന പേരിൽ അതിവിപുലമായ ‘ Hub and Spoke’ മോഡലിൽ കേരളത്തിലെ ഏത് ഗ്രാമപ്രദേശത്തെയും

അതോടൊപ്പം സർക്കാർ സംവിധാനത്തിലുള്ള വലിയ ലാബുകളെയും ബന്ധിപ്പിക്കുന്ന നിലയിൽ രോഗപരിശോധനയിൽ കൃത്യത പാലിക്കുന്നതിനും standardisation ഉറപ്പാക്കുന്നതിനുംവേണ്ടിയുള്ള വലിയ ഇടപെടൽ കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിൽ ഉണ്ടായിരിക്കുകയാണ്. ഇതുൾപ്പെടെയുള്ള മാറ്റങ്ങളാണ് നമ്മുടെ ആരോഗ്യമേഖലയിൽ ഉണ്ടായത്. അതുകൊണ്ട് ഈ സർക്കാർ ചെയ്യുന്ന കാര്യങ്ങൾ അത് ഏതുമേഖലയിലായാലും സൗജന്യ ആരോഗ്യ പരിരക്ഷയിലും ചികിത്സാ സംവിധാനങ്ങൾ, മെഡിക്കൽ കോളേജുകൾ എന്നിവയിലും നല്ല മാറ്റങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് ഈ നിയമസഭയാണ് അതുവരെയുണ്ടായിരുന്ന തിരുവിതാംകൂർ-കൊച്ചി നിയമവും മദിരാശി നിയമവും repeal ചെയ്തുകൊണ്ട് ഏകാരോഗ്യത്തെ അടിസ്ഥാനമാക്കി പുതിയ കേരള പൊതുജനാരോഗ്യ നിയമമുണ്ടാക്കിയത്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ വിഷയം പ്രാദേശികമായി solve ചെയ്യാൻ കഴിയും. മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സൺ, Pollution Control Board, Water Authority, Veterinary Department തുടങ്ങി എല്ലാ

വകുപ്പുകളുടെയും പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ചേർന്ന് പഞ്ചായത്ത് തലത്തിൽ പരിഹാരം ഉണ്ടാക്കാം, അവിടെ പരിഹാരമുണ്ടായില്ലെങ്കിൽ ജില്ലാതലത്തിൽ പരിഹാരം ഉണ്ടാക്കാം, അവിടെയും പരിഹാരമുണ്ടായില്ലെങ്കിൽ സ്റ്റേറ്റ് തലത്തിൽ പരിഹാരമുണ്ടാക്കാൻ കഴിയും. ഈ നിലയിൽ കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തെ വളരെ structured ആക്കിയിട്ടുള്ള ഒരു കാലഘട്ടം കൂടിയാണിത്. അന്നും പൊതുജനാരോഗ്യ നിയമ നിർമ്മാണത്തിൽ ഉൾപ്പെടാതെയും ചർച്ചകളിൽ പങ്കെടുക്കാതെയും മാറിപ്പോയവരാണ് വാസ്തവത്തിൽ ഈ വിഷയം ഇന്ന് സഭയിൽ ഉന്നയിച്ചിരിക്കുന്നത് എന്നുകൂടി പറയുകയാണ്. അമീബിക് മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വളരെ ശ്രദ്ധയോടെയും ജാഗ്രതയോടെയുമുള്ള പ്രവർത്തനങ്ങൾ കേരളത്തിലെ ആരോഗ്യ വകുപ്പും സംസ്ഥാന സർക്കാരും സ്വീകരിക്കുന്നുണ്ട്. അതിലെ പ്രതിരോധമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം, അത് കൃത്യമായി നടത്തി മുന്നോട്ടുപോകണമെന്നുതന്നെയാണ് പറയാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യുന്നതിന് അവസരം നൽകിയതിനും ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, റൂൾ 50 പ്രകാരമുള്ള നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം വളരെ പ്രധാനപ്പെട്ടതും അടിയന്തര പ്രാധാന്യവുമുണ്ടെന്ന് കണ്ടിട്ടാണ് അവതരിപ്പിക്കുന്നത്. അങ്ങനെ ഒരു ആവശ്യം ഉന്നയിക്കുകയും ഈ സഭയും ഗവൺമെന്റും ചർച്ചയ്ക്ക് തയ്യാറാകുകയും ചെയ്തു. അടിയന്തര പ്രാധാന്യമുള്ള വിഷയം ചർച്ച ചെയ്യാൻ തയ്യാറാണെന്ന് പറയുമ്പോൾ ഇത് ഞങ്ങളുടെ വിജയമാണെന്ന് പ്രതിപക്ഷം ഇവിടെ അവകാശപ്പെടുന്നു. എന്നാൽ മറ്റൊരു വിഷയം വല്ലാതെ ബുദ്ധിമുട്ടി കണ്ടെത്തി ഈ ചർച്ചയ്ക്കിടയിൽനിന്നും അവർ അവതരിപ്പിച്ച ഉപക്ഷേപം വോട്ടിനിടുന്നതിനുപോലും തയ്യാറാകാതെ ഇറങ്ങിപ്പോകുന്നത് അടിയന്തര പ്രാധാന്യമെന്ന പ്രശ്നത്തെ അവരുടെ പ്രവൃത്തികൊണ്ട് റദ്ദ് ചെയ്തിരിക്കുകയാണ്, അത് തെറ്റായ ഒരു കീഴ്വഴക്കം സൃഷ്ടിക്കുന്നതാണ്, അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. എങ്കിൽപ്പോലും ആരോഗ്യ വകുപ്പിന്റെ ചരിത്രപരമായ നേട്ടങ്ങൾ അവതരിപ്പിക്കാനായി സമയം ലഭിച്ചതിലും ഒരു വേദിയൊരുക്കിയതിനും പ്രതിപക്ഷത്തോട് പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ: ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.